ജനുവരി 2026 • വാർഷികവരിസംഖ്യ ₹100

റബ്ബർ

- റബ്ബർപാൽ ഉപയോഗിച്ച് പെയിന്റ് നിർമാണം
- ദീർഘകാലവിളവിനായി
  ആഴ്ചയിലൊരിക്കൽ ടാപ്പിങ്
- ടെന്നീസ്ബോളും റബ്ബറും
- ദൃഢനിശ്ചയത്തിന്റെ വിജയസ്തംഭം
- സ്വയംപര്യാപ്തത മാറ്റത്തിന്റെ ചുവടുവയ്പ്

കപ്പുതൈകൾ സുരക്ഷിതമായി എത്തിച്ചുതരുന്നതിന് പ്രത്യേക വാഹന സംവിധാനമുള്ള കപ്പുതൈ റബ്ബർ നഴ്സറി

അടുത്ത സീസണിലേക്ക്
വണ്ടർ റൂട്ട് തൈകളുടെ
ബുക്കിംഗ്

ആരംഭിച്ചിരിക്കുന്നു..!

CHEERAKUZHY
Wonder Root
ROOT TRAINER RUBBER PLANT

UNION MKD

ചീരക്കുഴി
CHEERAKUZHY

Karshakasree K C Kuraikose
CHEERAKUZHY RUBBER NURSERY & RESEARCH CENTRE PVT. LTD.

Kottappuram P.O, Sreekrishnapuram, Palakkad-679 513
Ph: 08592900400, 9747500600
09447011047, 09447315306
Email: cheerakuzhy@gmail.com
www.cheerakuzhy.com

ഉള്ളടക്കം

06 | റബ്ബർപാൽ ഉപയോഗിച്ച് പെയിന്റ് നിർമാണം

08 | ദീർഘകാലവിളവിനായി ആഴ്ചയിലൊരിക്കൽ ടാപ്പിങ്

12 | ടെന്നീസ്ബോളും റബ്ബറും

16 | ദൃഢനിശ്ചയത്തിന്റെ വിജയസ്തംഭം

19 | ഓണാട്ടുകര: വാക്കും പൊരുളും

21 | സ്വയം പര്യാപ്തത - മാറ്റത്തിന്റെ ചുവടുവയ്പ്

23 | റബ്ബർതൈകളുടെ അപക്വകാല പരിചരണങ്ങൾ

26 | റബ്ബർ മാസിക @ 60

31 | കോൾസെന്റർ

34 | കൃഷിപ്പണികൾ

36 | പരിശീലനങ്ങൾ

38 | ഗ്രാമകേരളം

40 | വിപണി

42 | തോട്ടത്തിലാശാൻ

716

റബ്ബർ

ജനുവരി 2026

റബ്ബർബോർഡ്
കോട്ടയം-686 002, കേരളം
ഫോൺ: 0481-2301231
വെബ്സൈറ്റ്: www.rubberboard.gov.in
ഇ മെയിൽ: ppr@rubberboard.org.in

facebook.com/rubberboard
twitter.com/rubberboard
റബ്ബർക്ലിനിക്ക്: 9496333117
റബ്ബർബോർഡ് കോൾസെന്റർ 0481 2576622

ചെയർമാൻ :
നിധിൻ കുമാർ യാദവ് ഐ.എ.എസ്.

എക്സിക്യൂട്ടീവ് ഡയറക്ടർ :
എം. വസന്തഗേശൻ ഐ.ആർ.എസ്.

എഡിറ്റർ:
ബി. ശ്രീകുമാർ

അസിസ്റ്റന്റ് എഡിറ്റർ:
കെ.കെ. ബെന്നി

വാർഷികവരിസംഖ്യ: 100 രൂപ
വരിസംഖ്യ (10 വർഷത്തേക്ക്): 750 രൂപ
വരിസംഖ്യ മണിയോർഡറായോ ഡിമാന്റ് ഡ്രാഫ്റ്റായോ സെക്രട്ടറി, റബ്ബർബോർഡ്, കോട്ടയം - 686 002 എന്ന വിലാസത്തിൽ അയയ്ക്കുക.

പരസ്യദാതാക്കളുടെ അവകാശവാദങ്ങൾക്ക് റബ്ബർബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല. പരസ്യങ്ങളിൽ പറയുന്ന ഉത്പന്നങ്ങളോ സേവനങ്ങളോ ഉപഭോക്താക്കൾ നേരിട്ടു ബോധ്യപ്പെട്ട് സ്വീകരിക്കേണ്ടതാണ്.

പുതുവർഷത്തിൽ ശുഭാപ്തിവിശ്വാസത്തോടെ

ഈ പുതുവർഷത്തിൽ, റബ്ബർമേഖലയ്ക്ക് സമീപകാലത്ത് കൈവരിക്കാനായ ചില ശ്രദ്ധേയമായ നേട്ടങ്ങളിലേക്ക് ഒന്ന് തിരിഞ്ഞുനോക്കുന്നത് പ്രസക്തമാണ്. നിരവധി വെല്ലുവിളികൾക്കിടയിലും പ്രതീക്ഷയും ആത്മവിശ്വാസവും പകർന്ന ഒരു വർഷമായിരുന്നു കഴിഞ്ഞത്.

റബ്ബർവിലയിൽ വലിയ ചാഞ്ചാട്ടങ്ങളില്ലാതെ മുന്നോട്ടുപോയ വർഷമായിരുന്നു ഇത്. വിലയിലെ സ്ഥിരത കർഷകർക്ക് ചെറിയ തോതിൽ ഒരു ആശ്വാസം നൽകിയതോടൊപ്പം, വിപണിയിലുള്ള വിശ്വാസം നിലനിർത്താനും സഹായിച്ചു. അതോടൊപ്പം, റബ്ബറുത്പാദനപ്രോത്സാഹനപദ്ധതിയുടെ ഭാഗമായി സംസ്ഥാനസർക്കാർ റബ്ബറിന് ഉറപ്പാക്കുന്ന വില കിലോഗ്രാമിന് 200 രൂപയാക്കി ഉയർത്തിയ തീരുമാനം കർഷകർക്ക് ഗുണകരമായ ഒരു നടപടിയായിരുന്നു. കൃഷിക്ക് പ്രചോദനവും വരുമാനത്തിലെ ഉറപ്പും നൽകുന്നതിൽ ഈ തീരുമാനം നിർണായകമാണ്.

റബ്ബറിനെ അടിസ്ഥാനമാക്കിയുള്ള മൂല്യവർധിത ഉത്പന്നനിർമാണത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ ഉണ്ടായി. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ സ്ഥാപിതമായ റബ്ബർ പ്രൊഡക്ട്സ് ഇൻക്യുബേഷൻ സെന്റർ സ്വകാര്യ സംരംഭകർക്കായി വികസിപ്പിച്ചെടുത്ത റബ്ബർപാൽ അധിഷ്ഠിത പെയിന്റ്, വാർത്തകളിൽ ഇടംപിടിക്കുകയും വ്യവസായമേഖലയിലെ പുതുചിന്തകൾക്ക് ഊർജം നൽകുകയും ചെയ്തു.

ഇന്ന് റബ്ബർ ഉപയോഗിച്ച് അമ്പതിനായിരത്തിലധികം ഉത്പന്നങ്ങൾ നിർമിക്കപ്പെടുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ ഇതിൽ ഒതുങ്ങുന്നതല്ല റബ്ബറിന്റെ സാധ്യതകൾ. നവീന ആശയങ്ങളുമായി മുന്നോട്ട് വന്നാൽ ഇനിയും അനവധി ഉത്പന്നങ്ങൾ വികസിപ്പിച്ചെടുക്കാനാകും. അതിന് ആവശ്യമായ സാങ്കേതിക മാർഗനിർദേശവും പരീക്ഷണസൗകര്യങ്ങളും പരിശീലനപിന്തുണയും റബ്ബർ പ്രൊഡക്ട്സ് ഇൻക്യുബേഷൻ സെന്ററിലൂടെ ലഭ്യമാകുന്നതാണ്. സംരംഭകരും യുവതലമുറയും ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

പുതുവർഷത്തിലേക്ക് കടക്കുമ്പോൾ, വെല്ലുവിളികളോടൊപ്പം തന്നെ അവസരങ്ങളും നിറഞ്ഞ ഒരു കാലഘട്ടമാണ് മുന്നിലുള്ളത്. കർഷകർ, വ്യവസായികൾ, ഗവേഷകർ, നയരൂപവക്താക്കൾ എന്നിവർ ഒരുമിച്ച് പ്രവർത്തിച്ചാൽ മാത്രമേ റബ്ബർമേഖലയ്ക്ക് കൂടുതൽ ഉയരങ്ങളിലെത്താൻ കഴിയൂ. ശുഭാപ്തിവിശ്വാസവും കൂട്ടായ പരിശ്രമവും കൈമുതലാക്കി, പുതുവർഷം റബ്ബർമേഖല കൂടുതൽ വളർച്ചയും സ്ഥിരതയും കൈവരിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

മാസികയുടെ വായനക്കാർക്ക് പുതുവത്സരാശംസകൾ നേരുന്നു.

– എഡിറ്റർ

സുസ്ഥിരതയിലൂടെ
വികസനം

ഇന്ന് റബ്ബർകൃഷി പ്രതിസന്ധികളിലൂടെ കടന്നുപോകുകയാണ്. അതുകൊണ്ടുതന്നെ റബ്ബർകർഷകർക്ക് ആശങ്കയുമുണ്ട്. ഈ ഘട്ടത്തിൽ അവർക്കൊപ്പം നിൽക്കുകയും പിന്തുണ നൽകുകയും ചെയ്യേണ്ടത് റബ്ബർബോർഡിന്റെ ഉത്തരവാദിത്വമാണ്. കർഷകരുടെ വരുമാനം കൂട്ടുക, കൃഷിച്ചെലവ് കുറയ്ക്കുക, കൃഷിയിൽ നിന്ന് കൂടുതൽ ലാഭം ഉണ്ടാക്കുക എന്നീ ലക്ഷ്യങ്ങളോടെയുള്ള പദ്ധതികൾക്ക് റബ്ബർബോർഡ് തുടക്കമിട്ടിട്ടുണ്ട്.

സുസ്ഥിരമായും നൈതികമായും ഉത്പാദിപ്പിച്ച പ്രകൃതിദത്തറബ്ബറിന്റെ വിപണി ഇന്ന് യൂറോപ്പിൽ വളരുകയാണ്. അതിനാൽ യൂറോപ്യൻ യൂണിയന്റെ ഡീഫോറസ്റ്റേഷൻ റെഗുലേഷൻ (EUDR) മാനദണ്ഡങ്ങൾ പാലിക്കുന്ന കർഷകർക്ക് നല്ല വില കിട്ടാനുള്ള സാധ്യതയും ഉണ്ട്. ഇത് ഒരു അവസരമാക്കി മാറ്റാൻ വേണ്ട നടപടികൾ റബ്ബർബോർഡ് സ്വീകരിച്ചുവരുന്നു. ഭാരത് സസ്റ്റെയ്നബിൾ നാച്ചുറൽ റബ്ബർ (BSNR) എന്ന ഓൺലൈൻ പ്ലാറ്റ്ഫോം വഴി സുതാര്യമായ ഒരു സുസ്ഥിര റബ്ബർ സപ്ലൈ ചെയിൻ ബോർഡ് ലക്ഷ്യമിടുന്നു. റബ്ബർതോട്ടങ്ങളിൽ നിന്ന് കാർബൺ ക്രെഡിറ്റുകൾ നേടാൻ കഴിയും. ഇതിലൂടെ കർഷകർക്ക് അധികവരുമാനവും വ്യവസായങ്ങൾക്ക് കാർബൺ ബോർഡർ അഡ്ജസ്റ്റ്മെന്റ് മെക്കാനിസം (CBAM) പോലുള്ള നിയമങ്ങൾ പാലിക്കാനുള്ള അവസരവും ലഭിക്കും. എന്നാൽ റബ്ബർതോട്ടങ്ങളിൽ നിന്ന് കാർബൺ ക്രെഡിറ്റ് ലഭിക്കുന്നതിൽ ചില സങ്കീർണതകൾ നിലനിൽക്കുന്നു. ഇത് പരിഹരിച്ച് ലക്ഷ്യം നേടുന്നതിന് ശ്രമിച്ചു വരുന്നു.

റബ്ബർതോട്ടങ്ങളിൽ രോഗപ്രതിരോധം പ്രധാനപ്പെട്ടതാണ്. കൃത്യസമയത്ത് വേണ്ട നടപടികൾ എടുത്താൽ രോഗങ്ങൾ വലിയ തോതിൽ കുറയ്ക്കാൻ സാധിക്കും. സ്പ്രേയിങ്ങിനും മറ്റും വേണ്ടി വരുന്ന ചെലവും തൊഴിലാളികളുടെ കുറവും കാരണം ചെറുകിടകർഷകർക്ക് ഇത് പലപ്പോഴും സാധിക്കുന്നില്ല. ഇതിന് ഒരു പരിഹാരമായി, റബ്ബർഗവേഷണകേന്ദ്രം ഡ്രോൺ ഉപയോഗിച്ചുള്ള സ്പ്രേയിങ് ശുപാർശകൾ തയ്യാറാക്കിവരുന്നു. ഇത് കർഷകരിലേക്ക് ഉടൻ എത്തിക്കുന്നതാണ്. അകാലിക ഇലകൊഴിച്ചിൽ, *കൊറിനിസ്പോറ* തുടങ്ങിയ ഇലരോഗങ്ങൾ നിയന്ത്രിക്കാൻ ഇത് സഹായിക്കും. കൂടാതെ നാനോ കോപ്പർ ഓക്സിക്ലോറൈഡ് മിശ്രിതം ഉപയോഗിച്ചുള്ള മരുന്നുതളിയും മികച്ച ഫലം കാണിക്കുന്നു. ഈ രീതികൾ ചെലവുകുറയ്ക്കാൻ ഉതകുന്നതാണ്. മരങ്ങൾ റെയിൻഗാർഡ് ചെയ്താൽ ടാപ്പിങ്ദിനങ്ങൾ കൂടുകയും ഉത്പാദനം വർധിക്കുകയും ചെയ്യും. റബ്ബർ പ്രോഡക്ട്സ് ഇൻക്യൂബേഷൻ സെന്റർ 'റബ്ഫാബ്' എന്ന റെയിൻഗാർഡ് വികസിപ്പിച്ചിട്ടുണ്ട്. പ്ലാസ്റ്റിക്കിന് പകരം ഉപയോഗിക്കാവുന്ന ഈ ഉത്പന്നം ചെലവ് കുറവുള്ളതും പരിസ്ഥിതിസൗഹൃദവുമാണ്.

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിന്റെ കീഴിലുള്ള വിവിധ റബ്ബർ റിസർച്ച് സ്റ്റേഷനുകളിൽ നടക്കുന്ന ക്ലോണൽ പരീക്ഷണങ്ങൾ വഴി കൂടുതൽ ഉത്പാദനം ലഭിക്കുന്നതും കാലാവസ്ഥാവ്യതിയാനത്തെ പ്രതിരോധിക്കാൻ കഴിയുന്നതുമായ പുതിയ ക്ലോണുകൾ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഉത്പാദനം ഉയർത്തിയാൽ മാത്രമേ ഇറക്കുമതി കുറയ്ക്കാൻ കഴിയുകയുള്ളൂ. 2024-25 കാലയളവിൽ രാജ്യത്ത് ഇറക്കുമതി ചെയ്ത റബ്ബറിന്റെ മൂല്യം 9000 കോടിയിലധികമാണെന്നത് ഉത്പാദനം കൂട്ടേണ്ടതിലേക്ക് വിരൽ ചൂണ്ടുന്നു.

റബ്ബറുത്പാദനത്തിൽ കൂടുതൽ പങ്ക് ചെലവ് വരുന്നത് ടാപ്പിങ്ങിനാണ്. ഇന്ന് വിപണിയിൽ ലഭിക്കുന്ന ടാപ്പിങ് മെഷീനുകളേക്കാൾ മെച്ചപ്പെട്ട ആട്ടോമേറ്റഡ് ടാപ്പിങ് മെഷീൻ വികസിപ്പിച്ചെടുക്കാനുള്ള മൂന്ന് ആശയങ്ങൾ ഇതിനകം ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിന്റെ പരിഗണനയിലുണ്ട്. ടാപ്പുചെയ്യാതെ കിടക്കുന്ന തോട്ടങ്ങൾ ടാപ്പിങ്ങിലേക്ക് കൊണ്ടുവരാൻ റബ്ബർബോർഡ് ഐ.എൻ.ആർ. കണക്ട് (INR Konnect) എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം തയ്യാറാക്കുന്നുണ്ട്. ടാപ്പിങ് നടക്കുന്നില്ലാത്ത തോട്ടങ്ങളുടെ ഉടമകളെയും അവ ഏറ്റെടുക്കാൻ തയ്യാറുള്ള ഏജൻസികളെയും നേരിട്ട് ബന്ധിപ്പിക്കാനാണ് ഇത്. ആധികാരികത റബ്ബർബോർഡ് പരിശോധിച്ച് സർട്ടിഫൈ ചെയ്യും. ടാപ്പിങ്, തോട്ടസംരക്ഷണത്തിന് ആവശ്യമായ സൗകര്യങ്ങൾ, പരിശീലനസൗകര്യങ്ങൾ എന്നിവ ഈ പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ നടപടികളെല്ലാം ഈ വർഷം റബ്ബർമേഖലയ്ക്ക് ഉണർവുനൽകുമെന്ന് പ്രത്രീക്ഷിക്കാം.

നവവത്സരാശംസകളോടെ,

എം. വസന്തഗേശൻ ഐ.ആർ.എസ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്

റബ്ബർപാൽ ഉപയോഗിച്ച് പെയിന്റ് നിർമാണം

റബ്ബർപാൽ ഉപയോഗിച്ച് പെയിന്റ് നിർമിക്കുന്ന സാങ്കേതികവിദ്യ റബ്ബർബോർഡ് വികസിപ്പിച്ചെടുത്തിരിക്കുന്നു. കോട്ടയത്തെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ റബ്ബർ പ്രോഡക്ട്സ് ഇൻക്യുബേഷൻ സെന്റർ (ആർ.പി.ഐ.സി) വികസിപ്പിച്ചെടുത്ത ഈ സാങ്കേതികവിദ്യ റബ്ബർഗവേഷണകേന്ദ്രത്തിൽ വെച്ച് നടന്ന ചടങ്ങിൽ ബഹുമാനപ്പെട്ട സംസ്ഥാന തുറമുഖ, സഹകരണ, ദേവസ്വം മന്ത്രി വി.എൻ. വാസവൻ കേരള പെയിന്റ്സ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡിന് ഔദ്യോഗികമായി കൈമാറി.

പ്രകൃതിദത്തറബ്ബറിൽനിന്ന് പരിസ്ഥിതി സൗഹൃദമായ പെയിന്റ് വികസിപ്പിച്ചെടുത്തത് ചരിത്രപരമെന്ന് മന്ത്രി ഉദ്ഘാടനപ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. റബ്ബർകർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കാൻ പ്രകൃതിദത്തറബ്ബറിന്റെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം എടുത്തുപറഞ്ഞു.

റബ്ബർഗവേഷണകേന്ദ്രത്തിലെ റബ്ബർ പ്രോഡക്ട്സ് ഇൻക്യുബേഷൻ സെന്റർ വഴി വാണിജ്യ ഉത്പന്നങ്ങൾ നിർമിക്കുന്നതിന് വേണ്ട എല്ലാവിധ സഹായങ്ങളും റബ്ബർബോർഡ് നൽകിവരുന്നുണ്ടെന്ന് യോഗത്തിൽ പങ്കെടുത്തവരെ സ്വാഗതം ചെയ്തുകൊണ്ട് റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. പറഞ്ഞു. പ്രകൃതിദത്തറബ്ബറിൽനിന്ന് നൂതനവും സുസ്ഥിരവും മൂല്യവർധിതവുമായ ഉത്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് റബ്ബർബോർഡ് പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പരമ്പരാഗതമായി ഉപയോഗിച്ചുവരുന്ന എമൽഷൻ പെയിന്റുകളേക്കാൾ ഉയർന്ന നിലവാരത്തിലുള്ള പെയിന്റ് നിർമിക്കാനുള്ള ഫോർമുലയാണ് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം കണ്ടെത്തിയത്. കഴിഞ്ഞ ഒന്നര വർഷമായി നടത്തിവരുന്ന പരീക്ഷണങ്ങളുടെ ഫലമായാണ് റബ്ബർപാൽ ഉപയോഗിച്ച് തികച്ചും പരിസ്ഥിതി സൗഹൃദമായ പെയിന്റ് നിർമിക്കാമെന്ന് കണ്ടെത്തിയിട്ടുള്ളത്. പ്രകൃതിദത്തറബ്ബർപാൽ, കടൽകക്ക, കളിമണ്ണ്, സസ്യ സത്തുകൾ എന്നിവയെല്ലാം ചേർത്ത് നിർമിക്കുന്ന പെയിന്റ് ഒരുതരത്തിലുള്ള ആരോഗ്യപ്രശ്നങ്ങളും ഉണ്ടാക്കുന്നില്ല. മാത്രമല്ല ആരോഗ്യസൗഹൃദമായ

റബ്ബർബോർഡ് വികസിപ്പിച്ചെടുത്ത റബ്ബർപാൽ അധിഷ്ഠിത പെയിന്റിന്റെ സാങ്കേതികവിദ്യ കൈമാറുന്ന ചടങ്ങ്. ഇടത്തുനിന്ന് ദേബബ്രത റായ്, കെ.വി. ദയാൽ, വി.എൻ. വാസവൻ, എം. വസന്തഗേശൻ ഐ.ആർ.എസ്., ഡോ. ഷേറ മാത്യു, മിഥുൻ പി. പുല്ലുമേട്ടേൽ, ലിജോ ജോസഫ്

VOC (Volatile Organic Compounds) ഫ്രീ വാട്ടർബേസ്ഡ് എമൽഷൻ പെയിന്റ് ആണിത്. സസ്യസത്തുകൾ ഉപയോഗിച്ച് നിറങ്ങൾ ചേർക്കാമെന്നതിനാൽ വീടിനുള്ളിൽ സാധാരണമായി ഉപയോഗിക്കുന്ന നിറങ്ങൾ ലഭിക്കുകയും ചെയ്യും. ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകില്ല എന്നതും പ്രകൃതിദത്തറബ്ബർപാൽ ആണ് ഇതിൽ പ്രധാനമായി ഉപയോഗിക്കുന്നത് എന്നതും ശ്രദ്ധേയമായ കാര്യമാണ്.

ടെക്നിക്കൽ കൺസൾട്ടൻസി വിഭാഗത്തിലെ സീനിയർ സയന്റിസ്റ്റ് ഡോ. ഷേറ മാത്യുവിന്റെ നേതൃത്വത്തിൽ റബ്ബർ ടെക്നോളജി വിദഗ്ദ്ധരുടെ ഒരു സംഘമാണ് കേരള പെയിന്റ്സ് ഇൻഡസ്ട്രീസ് പൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്കുവേണ്ടി പ്രകൃതിദത്ത പെയിന്റ് വികസിപ്പിച്ചെടുത്തത്. കേരള പെയിന്റ്സ് 'ഭദ്രം' എന്ന പേരിലായിരിക്കും ഇത് വിപണിയിലിറക്കുന്നത്. ആരോഗ്യത്തിന് മുൻതൂക്കം നൽകിക്കൊണ്ട് നിർമിക്കുന്ന ലോകനിലവാരമുള്ള ഈ പെയിന്റ് ആഗോള പെയിന്റ് മേഖലയ്ക്ക് കേരളത്തിൽനിന്നുള്ള ശ്രദ്ധേയമായ സംഭാവനയാണ്. റബ്ബർകർഷകരെ സംബന്ധിച്ച് വളരെ പ്രതീക്ഷ നൽകുന്ന ഒന്നായിരിക്കും റബ്ബർപാലിൽനിന്നുള്ള പെയിന്റ് നിർമാണം.

കെ.വി. ദയാൽ (സസ്റ്റൈനബിലിറ്റി ഇന്നൊവേഷൻ ലീഡ്, ഫാക്കൽറ്റി, മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം), ഡോ. ദേബബ്രത റായ് (ഡയറക്ടർ, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം), ഡോ. ഷേറ മാത്യു (സീനിയർ സയന്റിസ്റ്റ്, ടെക്നിക്കൽ കൺസൾട്ടൻസി ഡിവിഷൻ, ഇന്ത്യൻ റബ്ബർഗവേഷണ കേന്ദ്രം), മിഥുൻ പി. പുല്ലുമേട്ടേൽ (മാനേജിങ് ഡയറക്ടർ, കേരള പെയിന്റ്സ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്) എന്നിവരും യോഗത്തിൽ സംസാരിച്ചു. •

കെ. ചന്ദ്രലേഖ
ഡെവലപ്മെന്റ് ഓഫീസർ

ദീർഘകാലവിളവിനായി

ആഴ്ചയിലൊരിക്കൽ ടാപ്പിങ്

കാർഷികോപാധികളുടെ വിലവർദ്ധനയും കാലാവസ്ഥാവ്യതിയാനവും റബ്ബർവിപണിയിലെ ചാഞ്ചാട്ടവും തൊഴിലാളി ദൗർലഭ്യവും കർഷകരെ പ്രതിസന്ധിയിലാക്കുന്ന ഘടകങ്ങളാണ്. കൃഷിച്ചെലവ് കുറയ്ക്കുകയും മെച്ചപ്പെട്ട ആദായം നേടുകയും ചെയ്തെങ്കിൽ മാത്രമേ ഏതു കൃഷിയും ലാഭകരമാക്കാൻ സാധിക്കൂ. ഒരു ദീർഘകാല വിളയായ റബ്ബറിനെ സംബന്ധിച്ചിടത്തോളം കൂടുതൽ ചെലവ് വരുന്നത് ടാപ്പിങ്ങിനാണ്. അതുകൊണ്ടുതന്നെ വിളവെടുപ്പ് രീതികളിൽ യുക്തിപൂർവ്വകവും ശാസ്ത്രീയവുമായ പരിഷ്കരണങ്ങൾ വരുത്തുകയും വിളവെടുപ്പിന് വേണ്ടിവരുന്ന ചെലവിൽ പരമാവധി കുറവ് വരുത്തേണ്ടതും കൃഷി ആദായകരമാക്കാൻ ഇന്ന് ആവശ്യമാണ്.

റബ്ബർകൃഷി കൂടുതൽ ലാഭകരമാക്കാൻ ടാപ്പിങ് രീതിയിൽ വരുത്തേണ്ട പ്രധാനപ്പെട്ട ഒരു മാറ്റമാണ് ഇടവേള കൂടിയ ടാപ്പിങ്രീതി അവലംബിക്കുക എന്നത്. ആഴ്ചയിലൊരിക്കൽ ടാപ്പിങ് എന്ന രീതിയിലൂടെ റബ്ബർകൃഷി തൃപ്തികരമായി മുന്നോട്ട് കൊണ്ടുപോകുന്ന ഒരു കർഷകന്റെ അനുഭവമാണ് ഈ ലേഖനത്തിന്റെ ഉള്ളടക്കം.

പാലക്കാട് ജില്ലയിൽ ഒളപ്പമണ്ണ മനയിലെ ഭാവദാസൻ നമ്പൂതിരിപ്പാട് 1954-ലാണ് കാഞ്ഞിക്കുളത്തിന് സമീപമുള്ള കാപ്പുകാട് മനയിലേക്ക് താമസം മാറുന്നത്. അദ്ദേഹത്തിന്റെ മകൾ ശകുന്തള വർമ്മയുടെ ഭർത്താവായിരുന്ന തൃപ്പൂണിത്തുറ രാജകുടുംബത്തിലെ രാമവർമ്മ കുഞ്ഞിക്കിടാവ് തമ്പുരാനാണ് കാപ്പുകാട് (കാപ്പാട്ടുകളം) മനയിൽ 1980-ൽ ആദ്യമായി റബ്ബർകൃഷി ചെയ്തത്. റബ്ബർബോർഡ് ഉദ്യോഗസ്ഥരുടെ ഉപദേശ

ടാപ്പർ രാജൻ, പാലക്കാട് റീജിയണൽ ഓഫീസിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ ഗീത പി. എന്നിവർ സുരേഷ് കുമാറിന്റെ തോട്ടത്തിൽ

ങ്ങളും നിർദ്ദേശങ്ങളും, റബ്ബർകൃഷി ആരംഭിക്കാനും ശരിയായ രീതിയിൽ മുന്നോട്ടു കൊണ്ടു പോകാനും അദ്ദേഹത്തെ സഹായിച്ചു. ഒന്നിരാടൻ ദിവസങ്ങളിലെ ടാപ്പിങ് രീതിയാണ് അന്ന് അവലംബിച്ചിരുന്നത്. പക്ഷേ, ഉത്പാദനക്കുറവും പട്ടമരപ്പിന്റെ ആധിക്യവും മൂലം ആ മരങ്ങൾ 26 വർഷങ്ങൾക്ക് ശേഷം മുറിച്ച് മാറ്റി തോട്ടം ആവർത്തനക്കൃഷി ചെയ്തു. രാമവർമ്മ കുഞ്ഞിക്കിടാവ് തമ്പുരാന്റെ മകനും തൃപ്പൂണിത്തുറയിൽ ചാർട്ടേഡ് അക്കൗണ്ടന്റുമായ സുരേഷ് കുമാറാണ് 2007, 2008, 2009 വർഷങ്ങളിൽ ആർആർഐഐ 105, ആർആർഐഐ 414, ആർആർഐഐ 430 എന്നീ ഇനങ്ങളുടെ തൈകൾ നട്ട് ആവർത്തനക്കൃഷി നടത്തിയത്. റബ്ബർബോർഡിന്റെ കാഞ്ഞിക്കുളം റീജിയണൽ നഴ്സറിയിൽ നിന്നുമാണ് തൈകൾ വാങ്ങിയത് .

ആയിരത്തിത്തൊള്ളായിരത്തി അറുപതുകളിൽ തുടങ്ങിയതാണ് സുരേഷ് കുമാറിന് റബ്ബർബോർഡുമായുള്ള ബന്ധം. റബ്ബർബോർഡിന്റെ പാലക്കാട് റീജിയണൽ ഓഫീസ് പ്രവർത്തിച്ചിരുന്നത് ഇദ്ദേഹത്തിന്റെ അച്ഛന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലായിരുന്നു. കോട്ടയത്തുനിന്ന് അതിരാവിലെ വലിയ ലോറികളിൽ എത്തുന്ന റബ്ബർതൈകൾ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യുന്നതും അവ വാങ്ങാൻ എത്തുന്ന കർഷകരുടെ നീണ്ട നിരയും അത്ഭുതത്തോടെ കണ്ട ബാലനിൽ നിന്നും ശാസ്ത്രീയ കൃഷിരീതികൾ അവലംബിക്കുന്ന ഒരു മുതിർന്ന റബ്ബർകർഷകനായി സുരേഷ്കുമാർ മാറിയിരിക്കുന്നു. റബ്ബർബോർഡ് ഓഫീസിനുമുന്നിൽ 'റബ്ബർബോർഡ്' എന്നെഴുതിയ തകര ഫലകം നോക്കി 'റബ്ബർബോർഡ്' എന്നെഴുതിവച്ചിരിക്കുന്നു. പക്ഷേ, ഇത് 'റബ്ബർ' ബോർഡല്ലല്ലോ എന്ന് തമാശരൂപേണ പറയുന്ന ആളുകളേയും ഇദ്ദേഹം ഓർമിക്കുന്നു. സംശയനിവാരണത്തിനായി അന്നും ഇന്നും റബ്ബർബോർഡിലെ ഉദ്യോഗസ്ഥരുമായും റബ്ബർബോർഡിന്റെ കോൾസെന്ററുമായും ബന്ധം പുലർത്തുന്നു എന്നതും വളരെ ശ്രദ്ധേയമാണ്.

മൂന്നു ദിവസത്തിലൊരിക്കൽ ടാപ്പിങ് എന്ന രീതിയിൽനിന്ന് ആഴ്ചയിലൊരിക്കൽ ടാപ്പിങ് എന്ന രീതിയിലേക്ക് മാറാനുള്ള പ്രചോദനം സുരേഷ് കുമാറിന് ലഭിച്ചത് റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞരിൽ നിന്നാണ്. വസ്തു ഭാഗം ചെയ്തതിനുശേഷം ഇപ്പോൾ സുരേഷ് കുമാറിന്റെ ഉടമസ്ഥതയിലുള്ള 2.36 ഹെക്ടർ സ്ഥലത്തും അദ്ദേഹത്തിന്റെ സഹോദരി റിട്ടയേർഡ് ബാങ്കുദ്യോഗസ്ഥ ഉഷയുടെ ഉടമസ്ഥതയിലുള്ള 2.95 ഹെക്ടർ സ്ഥലത്തും ഉള്ള 2340 മരങ്ങളിലാണ് ശാസ്ത്രീയമായ രീതിയിൽ ആഴ്ചയിലൊരിക്കൽ ടാപ്പിങ്ങും മറ്റ് കൃഷിപ്പണികളും അവലംബിക്കുന്നത്. പാലക്കാട് ജില്ലയിലെ പ്രത്യേക കാലാവസ്ഥ പരിഗണിച്ച് വേനൽക്കാലത്ത് ഒന്നരമാസം ടാപ്പിങ് ഒഴിവാക്കുന്നതിനാൽ ഏപ്രിൽ പകുതിമുതൽ ജൂൺ മാസം വരെ ഉത്പാദനം ഇല്ല. അതിനാൽ 46 ടാപ്പിങ് ദിനങ്ങളേ ഒരു വർഷം ലഭിക്കുന്നുള്ളൂ.

കേരളസർക്കാരിന്റെ വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം റബ്ബർമരങ്ങൾ ഇൻഷ്വർ ചെയ്തിട്ടുണ്ട്. മണിക്കശ്ശേരി റബ്ബറുത്പാദകസംഘം വഴി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ ആനുകൂല്യങ്ങളും ലഭിക്കുന്നു.

ടെംപ്ലേറ്റ് ഉപയോഗിച്ച് ടാപ്പിങ് പാനൽ അടയാളപ്പെടുത്തൽ, റെയിൻഗാർഡിങ്, ഇൻഡോഫിൽ M-45 ഉപയോഗിച്ച് പട്ട കഴുകൽ, ഉത്തേജകൗഷധപ്രയോഗം തുടങ്ങി എല്ലാ കാര്യങ്ങളും ചെയ്യുന്നത് ടാപ്പറായ രാജനാണ്. 25 വർഷത്തെ ടാപ്പിങ്പരിചയമുള്ള അദ്ദേഹം വെളുപ്പിനെ 3.30-ന് തന്നെ ടാപ്പിങ് ആരംഭിക്കുന്നു. വർഷം മുഴുവൻ ജോലിയും വേതനവും ലഭിക്കുന്നതിനാൽ രാജന് ജീവിതം തൃപ്തികരമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നു.

ആഴ്ചയിൽ ഒരു ടാപ്പിങ് എന്ന രീതിയിലേക്ക് മാറിയതുകൊണ്ട് ഉണ്ടായ മെച്ചങ്ങൾ

ഈ തോട്ടത്തിൽ ശാസ്ത്രീയമായ വളപ്രയോഗം, മരുന്നുതളി, റെയിൻഗാർഡിങ്, കാടു തെളിക്കൽ, ടെംപ്ലേറ്റ് ഉപയോഗിച്ച് മാർഗ്ഗരേഖകൾ അടയാളപ്പെടുത്തൽ എന്നിവ അനുവർത്തിക്കുന്നുണ്ട്. റബ്ബർബോർഡിന്റെ ശുപാർശപ്രകാരം എത്തഫോൺ പ്രയോഗിക്കുന്നു. ശരിയായ പരിപാലനം മൂലം ടാപ്പുചെയ്യുന്ന മരങ്ങളുടെ എണ്ണം ശരാശരി ഹെക്ടർ പ്രതി 440 എന്ന രീതിയിൽ നിലനിർത്താൻ സാധിക്കുന്നുണ്ട്.

ടാപ്പിങ്ങിന് ഉപയോഗിക്കുന്ന പട്ടയുടെ അളവ് (പരമാവധി 12 സെ.മീ.) കുറവായതിനാൽ മരങ്ങൾ ദീർഘകാലം ടാപ്പുചെയ്യാൻ സാധിക്കുന്നതു കൂടാതെ പട്ടമരപ്പ് കുറയുന്നതും (3.5 ശതമാനം മാത്രം) ഈ ടാപ്പിങ്രീതിയുടെ നേട്ടമാണ്. ടാപ്പിങ്ങിന്റെ എണ്ണം കുറവായതിനാൽ മരങ്ങൾക്ക് കൂടുതൽ വളർച്ച ഉണ്ടാകുന്നുണ്ട്. റബ്ബർപാലിന്റെ ഡി.ആർ.സി. 40-44 ശതമാനം വരെ ലഭിക്കുന്നു. ആഴ്ചയിലൊരിക്കൽ ടാപ്പുചെയ്യുമ്പോൾ ആർആർഐഐ 430 എന്ന ഇനം വേനൽക്കാലത്തും മഴക്കാലത്തും സ്ഥിരമായ ഉത്പാദനം നൽകുമ്പോൾ ആർആർഐഐ 105-ന് വേനൽക്കാലത്ത് ഉത്പാദനം കുറയുന്നതായി കാണുന്നു.

തുടരെത്തുടരെയുള്ള ആവർത്തനക്കൃഷിയും അവയെ ടാപ്പിങ്ങിന് പാകമാക്കിയെടുക്കുന്നതുവരെയുള്ള ചെലവും കാത്തിരിപ്പും ഒഴിവാകുന്നതും ആരോഗ്യമുള്ള കൂടുതൽ എണ്ണം മരങ്ങൾ ടാപ്പു ചെയ്യാൻ

റബ്ബർബോർഡ് റീജിയണൽ നഴ്സറി- കാഞ്ഞിക്കുളം

1982-ൽ കാപ്പാട്ടുകളം മനയിൽ നിന്ന് അഞ്ച് വർഷത്തേക്ക് പാട്ടത്തിനെടുത്ത സ്ഥലത്ത് പാലക്കാട് ജില്ലയിലെ കാഞ്ഞിക്കുളത്ത് റബ്ബർബോർഡിന്റെ നഴ്സറി പ്രവർത്തനമാരംഭിച്ചു. പിന്നീട് 4.88 ഹെക്ടർ സ്ഥലം റബ്ബർബോർഡ് വാങ്ങുകയും പ്രവർത്തനങ്ങൾ വിപുലീകരിക്കുകയും ചെയ്തു. ഇന്ന് 0.71 ഹെക്ടർ സ്ഥലത്ത് ബഡ്ഡുവുഡ്ഡിന്റെ വിപുലമായ ശേഖരമുണ്ട്.

ആർആർഐഐ 105, 430, 414, 417, 422, 429, ആർആർഐഎം 600, എഫ്.എക്സ്. 516 എന്നിവയുടെ ഒട്ടുകമ്പും ലഭ്യമാണ്. പ്രതിവർഷം 35,000 മുതൽ 50,000 വരെ കപ്പുതൈകൾ ഉത്പാദിപ്പിക്കാൻ സാധിക്കുന്നു. പാലക്കാട്-മണ്ണാർക്കാട് സ്റ്റേറ്റ് ഹൈവേയിൽ കാഞ്ഞിക്കുളം ചെക്ക്പോസ്റ്റിൽ നിന്ന് ഒന്നര കിലോമീറ്റർ ഉള്ളിലായി സ്ഥിതി ചെയ്യുന്ന നഴ്സറിയിൽനിന്ന് ഉത്പാദനശേഷിയുള്ള റബ്ബറിനങ്ങളുടെ കപ്പുതൈകൾ മുൻകൂർ ബുക്ക് ചെയ്യുന്ന മുറയ്ക്ക് ലഭ്യമാണ്.

സുരേഷ് കുമാർ

ലഭ്യമാകുന്നതും കുറഞ്ഞ ടാപ്പിങ് ചെലവുമെല്ലാം കണക്കിലെടുക്കുമ്പോൾ ആഴ്ചയിലൊരിക്കൽ ടാപ്പിങ് അനുകരണീയമാകുന്നു.

ആഴ്ചയിലൊരിക്കൽ ടാപ്പിങ് വിജയകരമാക്കാൻ

1. ആഴ്ചയിലൊരിക്കൽ കൃത്യമായ ഇടവേളയിൽ കുറ്റമറ്റ ടാപ്പിങ് നടത്തണം. ഉദാഹരണത്തിന്, ടാപ്പിങ് തിങ്കളാഴ്ചയാണെങ്കിൽ എല്ലാ തിങ്കളും തന്നെ ടാപ്പു ചെയ്യുക. വല്ലപ്പോഴും ഒരിക്കൽ മാറ്റം വന്നാൽ അടുത്ത ദിവസം ടാപ്പു ചെയ്യാം. അടുത്ത ആഴ്ചയിൽ തിങ്കളാഴ്ച തന്നെ ടാപ്പു ചെയ്യണം.

2. മരങ്ങൾ റെയിൻഗാർഡ് ചെയ്ത് ടാപ്പുചെയ്യുക. റെയിൻഗാർഡുകൾക്ക് ചോർച്ചയില്ല എന്ന് ഉറപ്പുവരുത്തുക.

3. മഴക്കാലത്ത് ഇൻഡോഫിൽ M.45 എന്ന കുമിൾനാശിനി അഞ്ച് ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച ലായനികൊണ്ട് വെട്ടുപട്ടയും വെട്ടുചാലും ആഴ്ചയിലൊരിക്കൽ കഴുകുക. ഇത് ടാപ്പു ചെയ്തതിന്റെ തൊട്ടടുത്ത ദിവസം തന്നെ ചെയ്യാൻ ശ്രദ്ധിക്കണം.

4. ആഴ്ചയിലൊരിക്കൽ വീതമുള്ള നാലു ടാപ്പിങ്ങിനുശേഷം അഞ്ചാമത്തെ ടാപ്പിങ്ങിനു മൂന്നു ദിവസം മുമ്പ് എത്തഫോണിന്റെ രണ്ടര ശതമാനം വീര്യമുള്ള മിശ്രിതം വള്ളിപ്പാലിന് തൊട്ടുമുകളിലുള്ള ഇളംപട്ടയിൽ ഒന്നര സെന്റിമീറ്ററിൽ കവിയാത്ത രീതിയിൽ പാനൽ ആപ്ലിക്കേഷൻ രീതിയിൽ പുരട്ടണം.

5. ആഴ്ചയിലൊരിക്കലുള്ള ഓരോ ടാപ്പിങ്ങിലും രണ്ടര മില്ലിമീറ്റർ കനത്തിൽ പട്ട അരിയണം.

6. എത്തഫോൺ പുരട്ടിയ മരങ്ങളുടെ പുതുപ്പട്ടയുടെ വളർച്ച വേഗത്തിൽ ആയതിനാൽ എല്ലാ ടാപ്പിങ്ങിലും തണ്ണിപ്പട്ടയോട് ഒരു മി.മീ. വരെ അടുത്ത് ആഴത്തിൽ തെളിച്ച് ടാപ്പുചെയ്യണം.

7. റബ്ബർബോർഡ് ശുപാർശ ചെയ്തിരിക്കുന്ന അളവിൽ അനുവദനീയമായ ഇനങ്ങളിൽ ഉത്തേജകൗഷധ പ്രയോഗം ചെയ്യുക.

ടാപ്പിങ് തൊഴിലാളികൾക്കുള്ള നേട്ടം

ടാപ്പിങ് തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്ന ഇക്കാലത്ത്, ആഴ്ചയിലൊരു ടാപ്പിങ് രീതിയിലൂടെ ഒരു തൊഴിലാളിക്ക് ഒന്നിൽ കൂടുതൽ തോട്ടങ്ങളിൽ ടാപ്പിങ് നടത്താൻ കഴിയും. നാലോ അഞ്ചോ ചെറുകിടകർഷകർ സഹകരിച്ചാൽ ഒരു ടാപ്പറെ ഉപയോഗിച്ച് ഒരാഴ്ചയിൽ പല ദിവസങ്ങളിലായി ഓരോരുത്തർക്കും വിളവെടുക്കാൻ കഴിയും. ടാപ്പിങ് തൊഴിലാളികൾക്ക് വർഷം മുഴുവൻ സ്ഥിരമായി തൊഴിൽ ലഭിക്കുകയും ചെയ്യും. എത്തഫോൺ പ്രയോഗിക്കുന്നതിനുള്ള കൂലി ഉത്പാദനത്തെ ബന്ധപ്പെടുത്തിയുള്ള പാരിതോഷികം എന്നിവ നൽകിയാൽ തൊഴിലാളിയുടെ വരുമാനം വീണ്ടും വർദ്ധിക്കും.

സ്വന്തമായി ടാപ്പിങ്

മറ്റ് ജോലികൾ ഉള്ളവർക്കോ ഉദ്യോഗസ്ഥർക്കോ ആഴ്ചയിലൊരിക്കൽ അവരുടെ അവധി ദിവസം മാത്രം ഉപയോഗപ്പെടുത്തി സ്വയം ടാപ്പുചെയ്ത് ആദായമെടുക്കാവുന്നതാണ്. കൂടുതൽ മരങ്ങളുള്ള കർഷകർക്ക് ദിവസവും കുറച്ചുമരങ്ങൾ വീതം ടാപ്പുചെയ്ത് ഒരാഴ്ചകൊണ്ട് മുഴുവൻ മരങ്ങളും ടാപ്പു ചെയ്യത്തക്കവിധം ക്രമീകരിച്ച് ആയാസമില്ലാതെ വിളവെടുക്കാം. വീട്ടമ്മമാർക്കും ആയാസമില്ലാതെ കുറച്ച് മരങ്ങൾ വീതം ടാപ്പുചെയ്യാവുന്നതാണ്. •

തൃശൂരിലെ റബ്ബർകർഷക സംഗമം

റബ്ബർകർഷക സംഗമം റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. ഉദ്ഘാടനം ചെയ്യുന്നു.

റബ്ബർബോർഡും റബ്ബറുത്പാദകസംഘങ്ങളും ചേർന്ന് റബ്ബർബോർഡിന്റെ തൃശ്ശൂർ റീജിയണൽ ഓഫീസിന്റെ കീഴിലുള്ള വാരികുളം റബ്ബറുത്പാദകസംഘത്തിന്റെ ട്രെയിനിങ് ഹാളിൽ വെച്ച് നടത്തിയ റബ്ബർ കർഷക സംഗമം റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ. എസ്. ഉദ്ഘാടനം ചെയ്തു. റബ്ബർകൃഷിയുടെ ആഗോളവിപണിയിലെ മാറ്റങ്ങളേയും സാങ്കേതികമായ പുരോഗതിയെയും ഉൾക്കൊണ്ടുകൊണ്ട് കേരളത്തിലെ കർഷകർ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് അദ്ദേഹം സൂചിപ്പിച്ചു. ആഗോള താപനത്തിനെതിരെയുള്ള പോരാട്ടത്തിൽ റബ്ബർതോട്ടങ്ങളുടെ പങ്കും അതിലൂടെ കർഷകർക്ക് ലഭിക്കാവുന്ന സാമ്പത്തിക നേട്ടത്തെക്കുറിച്ചും യൂറോപ്യൻ യൂണിയൻ ഡിഫോറസ്റ്റേഷൻ റെഗുലേഷൻ (EUDR) പ്രാബല്യത്തിൽ വരുന്നതോടെ അന്താരാഷ്ട്ര വിപണിയിൽ ഇന്ത്യൻ റബ്ബറിന്റെ വിപണനത്തിന് നിയമപരമായ സാധുത ഉറപ്പാക്കേണ്ടതിനെക്കുറിച്ചും എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ വിശദീകരിച്ചു.

എക്സിക്യൂട്ടീവ് ഡയറക്ടറുമായി കർഷകർ നേരിട്ട് ആശയവിനിമയം നടത്തി. കാലാവസ്ഥാ വ്യതിയാനം, രോഗവ്യാപനം, കൃഷിഭൂമിയുടെ വാണിജ്യവത്ക്കരണം, വന്യജീവി ആക്രമണം എന്നിവ മൂലം കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ എക്സിക്യൂട്ടീവ് ഡയറക്ടറുമായി അവർ പങ്കുവെച്ചു. 250-ഓളം കർഷകർ യോഗത്തിൽ പങ്കെടുത്തു.

റബ്ബർബോർഡിന്റെ തൃശ്ശൂർ റീജിയണൽ ഓഫീസിലെ ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ കമലാക്ഷി കെ.കെ. അധ്യക്ഷത വഹിച്ച യോഗത്തിൽ ഷാജി കെ.എം. (ഡെവലപ്മെന്റ് ഓഫീസർ), പി.ഡി. മാത്യു (വാരികുളം റബ്ബറുത്പാദകസംഘം പ്രസിഡന്റ്), പോൾസൺ ചാക്കോ (പരിയാരം റബ്ബറുത്പാദകസംഘം പ്രസിഡന്റ്), മുരളീധരൻ (ജവഹർ റബ്ബറുത്പാദകസംഘം പ്രസിഡന്റ്), ജയൻ കെ.വി (മാനേജിങ് ഡയറക്ടർ, വള്ളത്തോൾ റബ്ബേഴ്സ്) എന്നിവരും സംസാരിച്ചു. മാറുന്ന ലോകസാഹചര്യങ്ങളിൽ റബ്ബർകൃഷി നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കാനുള്ള അവബോധം നൽകാനും പുതിയ പ്രതീക്ഷകളും നൂതന സാങ്കേതികവിദ്യകളും കർഷകർക്ക് പകർന്നു നൽകാനും ഈ സംഗമം ഉപകരിച്ചു. •

രവീന്ദ്രനാഥ് ജി.
ടെക്നിക്കൽ അസിസ്റ്റന്റ്

ടെന്നീസ്ബോളും റബ്ബറും

അഹമ്മദാബാദ് ആസ്ഥാനമായുള്ള പാരിറ്റി മീഡിയ എന്ന കമ്പനി അന്താരാഷ്ട്ര ടെന്നീസ് ഫെഡറേഷന്റെ മാനദണ്ഡപ്രകാരമുള്ള ടെന്നീസ്ബോളുകൾ നിർമിക്കുന്നതിനുള്ള സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കുന്നതിനായി ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന റബ്ബർ പ്രൊഡക്ട്സ് ഇൻക്യുബേഷൻ സെന്ററിനെ സമീപിച്ചു. ഏകദേശം ഒന്നര വർഷത്തോളം നീണ്ട പരിശ്രമത്തിന്റെയും നിരന്തര പരീക്ഷണങ്ങളുടെയും ഫലമായി, പാരിറ്റി മീഡിയയ്ക്കായി അന്താരാഷ്ട്ര ടെന്നീസ് ഫെഡറേഷൻ അംഗീകരിക്കുന്ന നിലവാരത്തിലുള്ള ഓറഞ്ച്, ഗ്രീൻ, റെഡ് എന്നീ ടെന്നീസ്ബോളുകൾ നിർമിക്കാൻ വേണ്ട സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കാൻ ഇൻക്യുബേഷൻ സെന്ററിന് കഴിഞ്ഞു. അന്താരാഷ്ട്ര ടെന്നീസ് ഫെഡറേഷൻ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ കൈവരിക്കുന്നതിന് നിരവധി സാങ്കേതിക വെല്ലുവിളികൾ നേരിടേണ്ടതായി വന്നു.

ടെന്നീസ്ബോളിന്റെ ചരിത്രം വളരെ കൗതുകകരമാണ്. കാരണം ടെന്നീസ്ബോളിന് കാലക്രമേണ വളരെയധികം മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ടെന്നീസ് കളിയുടെ പൂർവ്വികരൂപങ്ങളായ 'റിയൽ ടെന്നീസ്' (real tennis) അഥവാ 'കോർട്ട് ടെന്നീസ്' (court tennis) കളിച്ചിരുന്ന കാലം മുതൽ ബോളിന്റെ രൂപകൽപന മാറി വന്നു.

റബ്ബർ പ്രോഡക്ട്സ് ഇൻക്യുബേഷൻ സെന്റർ വാണിജ്യാടിസ്ഥാനത്തിൽ ടെന്നീസ്ബോൾ നിർമിക്കുന്നതിനായി വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യ സി.എസ്.ഐ.ആർ. ഡയറക്ടർ ജനറൽ ഡോ. എൻ. കലൈശെൽവി, സംരംഭകനായ രവി വിനയചന്ദ്ര മണ്ഡാലിയയ്ക്ക് കൈമാറുന്നു. ഡോ. എം.ഡി. ജെസ്സി (മുൻ ഡയറക്ടർ ഇൻ-ചാർജ്, ആർ.ആർ.ഐ.ഐ.), ഡോ. ഷേറ മാത്യു (സീനിയർ സയന്റിസ്റ്റ്, ആർ.ആർ.ഐ.ഐ.), എം. വസന്തഗേശൻ ഐ.ആർ.എസ്. (എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്) എന്നിവർ സമീപം (ഇടത്തുനിന്ന്).

ആദ്യകാല ടെന്നീസ്ബോളുകൾ

തടിയിലുള്ള ബോളുകൾ: ആദ്യകാലങ്ങളിൽ തടി കൊണ്ടുള്ള ബോളുകൾ ഉപയോഗിച്ചിരുന്നതായി പറയപ്പെടുന്നു.

തുകലും കമ്പിളിയും: 14-ാം നൂറ്റാണ്ടിൽ ഫ്രാൻസിലാണ് ബോളിന്റെ ആദ്യത്തെ രേഖാമൂലമുള്ള പരാമർശങ്ങൾ വരുന്നത്. അക്കാലത്ത്, ബോളുകൾ തുകൽ കൊണ്ട് നിർമിച്ച് അതിനുള്ളിൽ കമ്പിളി, മനുഷ്യന്റെയോ കുതിരയുടെയോ മുടി, തടിപ്പൊടി അല്ലെങ്കിൽ മണൽ എന്നിവ നിറച്ചിരുന്നു.

1480-ൽ ഫ്രാൻസിലെ ലൂയി പതിനൊന്നാമൻ രാജാവ് പന്തുകൾക്കുള്ളിൽ ചോക്ക്, മണൽ, മരപ്പൊടി തുടങ്ങിയവ നിറയ്ക്കുന്നത് നിരോധിക്കുകയും നല്ല തുകൽ ഉപയോഗിച്ച് കമ്പിളി നിറച്ച് പന്തുകൾ നിർമിക്കണമെന്ന് ഉത്തരവിടുകയും ചെയ്തിരുന്നു.

ആധുനിക യുഗത്തിലേക്കുള്ള മാറ്റം

റബ്ബർ ടെന്നീസ്ബോളിന്റെ കണ്ടുപിടുത്തം

1844-ൽ അമേരിക്കൻ ശാസ്ത്രജ്ഞനായ ചാൾസ് ഗുഡ്ഇയർ (Charles Goodyear) വൾക്കനൈസ്ഡ് റബ്ബർ (vulcanised rubber) കണ്ടുപിടിച്ചതോടെ ടെന്നീസ് ബോളിന്റെ ചരിത്രത്തിൽ ഒരു വഴിത്തിരിവായി. ബോൾ കൂടുതൽ ഈടുനിൽക്കുന്നതും ഇലാസ്തികതയുള്ളതുമാക്കി മാറ്റാൻ ഇത് സഹായിച്ചു.

റബ്ബർ ബോളുകൾ: 1870-കളിൽ ലോൺ ടെന്നീസ് (lawn tennis) ആരംഭിച്ചതോടെ, കളി പുൽമൈതാനത്തേക്ക് മാറിയപ്പോൾ റബ്ബർ ബോളുകൾക്ക് പ്രാധാന്യമായി. ജർമ്മനിയിൽ വൾക്കനൈസ്ഡ് റബ്ബർ ഉപയോഗിച്ച് വായു നിറച്ച, കവറില്ലാത്ത, ചാരനിറത്തിലോ ചുവപ്പ് നിറത്തിലോ ഉള്ള ബോളുകൾ നിർമിച്ചു തുടങ്ങി.

ഫെൽറ്റ് കവറിങ്: റബ്ബർ ബോളുകളുടെ തേയ്മാനം കുറയ്ക്കുന്നതിനും കളിക്കുമ്പോൾ മികച്ച പ്രകടനം നൽകുന്നതിനും വേണ്ടി ജോൺ മോയർ ഹീത്ത്കോട്ട് (John Moyer Heathcote) എന്ന ഇംഗ്ലീഷ് നിയമജ്ഞനാണ് റബ്ബറിന് മുകളിൽ ഫ്ളാനൽ (flannel) തുണി തുന്നിച്ചേർക്കാൻ ആദ്യമായി നിർദ്ദേശിച്ചത്. ഇതാണ് ആധുനിക ടെന്നീസ്ബോളിന്റെ അടിസ്ഥാന ഘടന.

ആധുനികവത്ക്കരണം

പ്രഷറൈസ്ഡ് കോർ: 1920-കളിൽ ബോളിനുള്ളിൽ മർദ്ദം (Pressurized Gas) നിറയ്ക്കുന്ന രീതി നിലവിൽ വന്നു. ഇത് ബോളിന്റെ കുതിപ്പും (bounce) വേഗതയും വർദ്ധിപ്പിച്ചു. നിലവിലെ മിക്ക ടൂർണമെന്റ് ബോളുകളും ഈ രീതിയിലാണ് നിർമിക്കുന്നത്.

കാനുകളിൽ പായ്ക്കിങ്: 1926-ന് മുമ്പ് ബോളുകൾ കാർഡ്ബോർഡ് പെട്ടികളിലും ബാഗുകളിലുമാണ് വിറ്റിരുന്നത്. ഇതുകാരണം അവയ്ക്ക് വേഗം മർദ്ദം നഷ്ടപ്പെട്ടിരുന്നു. 1926-ൽ പെൻസിൽവാനിയ റബ്ബർകമ്പനി വായുകടക്കാത്ത 'പ്രഷറൈസ്ഡ് മെറ്റൽ ട്യൂബ്' അവതരിപ്പിച്ചു. ഇത് ബോളുകളുടെ ആയുസ്സ് വർദ്ധിപ്പിച്ചു.

നിറംമാറ്റം (വെളുപ്പിൽ നിന്ന് മഞ്ഞയിലേക്ക്): ചരിത്രപരമായി ടെന്നീസ്ബോളുകൾ വെളുപ്പോ കറുപ്പോ ആയിരുന്നു. എന്നാൽ 1972-ൽ ഇന്റർനാഷണൽ ടെന്നീസ് ഫെഡറേഷൻ (ITF), ടെലിവിഷൻ കാഴ്ചക്കാർക്ക് എളുപ്പത്തിൽ കാണാൻ കഴിയുന്നതിന് വേണ്ടി ഫ്ളൂറസെന്റ് മഞ്ഞ (Optic Yellow) നിറത്തിലുള്ള ബോളുകൾ ഔദ്യോഗികമായി അംഗീകരിച്ചു. വിംബിൾഡൺ 1986 വരെ വെളുത്ത ബോളുകൾ ഉപയോഗിക്കുന്നത് തുടർന്നെങ്കിലും പിന്നീട് അവരും മഞ്ഞയിലേക്ക് മാറി.

നിലവിൽ, അന്താരാഷ്ട്ര ടെന്നീസ് ഫെഡറേഷൻ (ITF) ആണ് ബോളിന്റെ ഭാരം, വലുപ്പം, കുതിപ്പ്, മർദ്ദം എന്നിവ സംബന്ധിച്ച കൃത്യമായ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത്. കോർട്ട് ഉപരിതലങ്ങൾ (ക്ലേ, ഗ്രാസ്, ഹാർഡ്) അനുസരിച്ച് ഉപയോഗിക്കാനുള്ള വിവിധതരം ബോളുകളും (Extra Duty, Regular Duty, High Altitude) നിലവിലുണ്ട്. ഈ മാറ്റങ്ങളെല്ലാം ടെന്നീസ്ബോളിനെ കൂടുതൽ ഈടുനിൽക്കുന്നതും കൃത്യമായ പ്രകടനം കാഴ്ചവെയ്ക്കാൻ കഴിവുള്ളതുമായ ഒരു കായിക വസ്തുവായി മാറ്റി.

ടെന്നീസ്ബോൾ നിർമാണഘട്ടങ്ങൾ

ഒരു ടെന്നീസ്ബോൾ നിർമിക്കുന്നതിൽ പ്രധാനമായും രണ്ട് ഭാഗങ്ങളുണ്ട്: റബ്ബർ കോർ (Rubber Core) നിർമ്മിക്കുന്നതും അതിനെ ഫെൽറ്റ് (felt) ഉപയോഗിച്ച് പൊതിയുന്നതും.

റബ്ബർ കോർ നിർമ്മാണം :

ഇതാണ് ബോളിന്റെ കുതിപ്പിനും (bounce) ശക്തിക്കും അടിസ്ഥാനം.

റബ്ബർ കോമ്പൗണ്ട് തയ്യാറാക്കൽ

റബ്ബർ കോറിന് ആവശ്യമായ ഇലാസ്തികത, കട്ടി, നിറം, കുറഞ്ഞ വായുസഞ്ചാരം (low gas permeability) എന്നീ ആവശ്യമുള്ള ഗുണങ്ങൾ നൽകുന്നതിനായി, ഫാക്ടറികളിൽ എത്തിക്കുന്ന പ്രകൃതിദത്തമോ സിന്തറ്റിക്കോ ആയ റബ്ബറും മറ്റ് രാസവസ്തുക്കളായ ഫില്ലറുകൾ, ആന്റിഓക്സിഡന്റുകൾ, വൾക്കനൈസിങ് ഏജന്റുകൾ എന്നിവയുമായി ചേർത്ത് ഒരു നിശ്ചിത അനുപാതത്തിൽ കുഴച്ചെടുക്കുന്നു.

റബ്ബർ കോർ നിർമാണം

തയ്യാറാക്കിയ റബ്ബർ മിശ്രിതം ചെറിയ കഷണങ്ങളാക്കി (pellets) മുറിച്ച്, ബോളിന്റെ രണ്ട് അർദ്ധഗോളങ്ങളുടെ (Half-shells) രൂപത്തിലുള്ള അച്ചുകളിൽ (moulds) വെച്ച് ഏകദേശം 150 ഡിഗ്രി സെന്റീഗ്രേഡു വരെ ചൂടാക്കി അമർത്തുന്നു.

കോർ കൂട്ടിച്ചേർക്കൽ



ഈ രണ്ട് അർദ്ധഗോളങ്ങളും പശതേച്ചു ഒരുമിച്ച് ചേർത്തുവെച്ച് വീണ്ടും വൾക്കനൈസേഷൻ (vulcanisation) എന്ന പ്രക്രിയയിലൂടെ ചൂടും മർദ്ദവും നൽകി സ്ഥിരമായി ഒട്ടിക്കുന്നു. ഈ രണ്ട് ഭാഗങ്ങൾ ചേരുന്നതിന് തൊട്ടുമുമ്പ്, ബോളിനുള്ളിലേക്ക് നിശ്ചിത അളവിൽ പ്രഷറൈസ്ഡ് എയർ (സാധാരണമായി നൈട്രജൻ അടങ്ങിയ വായു) നിറയ്ക്കുന്നു. ഈ മർദ്ദമാണ് ബോളിന് സ്റ്റാൻഡേർഡ് കുതിപ്പ് നൽകുന്നത്.

ഫെൽറ്റ് കവറിങ്

ഫെൽറ്റ് ഉണ്ടാക്കുന്നത് സാധാരണമായി കമ്പിളി, നൈലോൺ എന്നിവയുടെ ഒരു മിശ്രിതം ഉപയോഗിച്ചാണ്. റബ്ബർ കോറിന് മുകളിൽ ഒട്ടിക്കുന്ന ഈ ഫെൽറ്റ് ആണ് ബോളിന് സ്പിൻ (Spin) ചെയ്യാനുള്ള കഴിവും കളിക്കുമ്പോഴുള്ള ഈടുനിൽപ്പും നൽകുന്നത്.

ഫെൽറ്റ് മുറിക്കൽ



ബോളിന്റെ ഉപരിതലത്തിൽ കൃത്യമായി ഒട്ടിക്കാനായി ഫെൽറ്റിനെ പ്രത്യേക ആകൃതിയിൽ 'ഡോഗ് ബോൺ' (Dog-bone) അല്ലെങ്കിൽ 'ക്ലോവർ ലീഫ്' (clover-leaf) മുറിച്ചെടുക്കുന്നു.

ഒട്ടിക്കൽ



റബ്ബർ കോറിന്റെ പുറത്ത് പശ (adhesive) തേച്ച്, മുറിച്ചെടുത്ത ഫെൽറ്റ് കഷണങ്ങൾ യന്ത്രസഹായത്താലോ കൈകൊണ്ടോ കൃത്യമായി ഒട്ടിക്കുന്നു. ഒരു ബോളിന് സാധാരണമായി രണ്ട് ഫെൽറ്റ് കഷണങ്ങളാണ് ഉപയോഗിക്കുന്നത്.

ചൂടാക്കൽ/പ്രസ്സിങ്

ഒട്ടിച്ചതിന് ശേഷം ബോളിനെ വീണ്ടും ചൂടാക്കുകയും അമർത്തുകയും ചെയ്യുന്നു. ഇത് പശ ദൃഢമായി ഉറയ്ക്കാനും റബ്ബറുമായി ഫെൽറ്റ് സ്ഥിരമായി ചേരാനും സഹായിക്കുന്നു.

അന്തിമ ഘട്ടം

ഫ്ളഫിങ്: ബോൾ ഒരു നീരാവി ചേമ്പറിൽ (Steam Chamber) വെച്ച് ചൂടാക്കുന്നു. ഈ പ്രക്രിയയിലൂടെ ഫെൽറ്റിന്റെ ഉപരിതലം അൽപ്പം 'രോമം' (fluff) പോലെ ഉയർന്നു വരുന്നു. ഇത് ബോളിന് കൂടുതൽ മൃദുവായി തോന്നാനും കളിക്കുമ്പോൾ എയറോഡൈനാമിക് ഡ്രാഗ് (aerodynamic drag) കുറയ്ക്കാനും സഹായിക്കുന്നു.

പാക്കേജിങ്: അവസാനമായി, നിർമാതാവിന്റെ

ലോഗോ പ്രിന്റ് ചെയ്ത്, ബോളുകളുടെ മർദ്ദം നഷ്ടപ്പെടാതിരിക്കാൻ പ്രഷറൈസ്ഡ് ടിന്നുകളിൽ നിറച്ച് വിപണിയിലേക്ക് അയയ്ക്കുന്നു.

പന്തിന് അംഗീകാരം കിട്ടാനുള്ള പരിശോധനകൾ

1.അക്ലിമറ്റൈസേഷൻ (Acclimatisation)

പരിശോധനയ്ക്ക് മുമ്പ്, കാലാവസ്ഥാ നിയന്ത്രിത ലബോറട്ടറിയിൽ പന്തുകൾ 24 മണിക്കൂർ നേരത്തേക്ക് പൊരുത്തപ്പെടുത്തി (acclimatise) എടുക്കുന്നു. ലബോറട്ടറി 20 +/ 2 ഡിഗ്രി സെൽഷ്യസ് താപനിലയിലും 60 +/ 5 ശതമാനം ആപേക്ഷിക ആർദ്രതയിലും പ്രവർത്തിക്കുന്നു. താപനിലയും ഈർപവും ടെന്നീസ്ബോളിന്റെ ഗുണങ്ങളെ ബാധിക്കുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഉയർന്ന ഈർപം ഫെൽറ്റിന്റെ ഈർപം വർദ്ധിപ്പിക്കുന്നതിലൂടെ പന്തിന്റെ പിണ്ഡം (weight) വർദ്ധിക്കും. ഉയർന്ന താപനില ബോൾറബ്ബറിനെ ബാധിക്കുകയും അതുവഴി ബൗണ്ട് ഉയരം (bound height) വർദ്ധിക്കുകയും ചെയ്യും.

2.പ്രീ-കംപ്രഷൻ (Pre-compression and conditioning)

റാക്കറ്റിലും/അല്ലെങ്കിൽ കോർട്ട് പ്രതലത്തിലും ഉണ്ടാകുന്ന ആഘാതത്തിന് ശേഷമുള്ള ടെന്നീസ് പന്തുകളുടെ സ്വഭാവം ഭാഗികമായി നിർണയിക്കുന്നത് പന്തിന്റെ രൂപഭേദ സ്വഭാവസവിശേഷതകളാണ്. ഇത് ഒരു നിശ്ചിത ലോഡിന് കീഴിൽ പന്തിന്റെ ആകൃതി എങ്ങനെ മാറുന്നു എന്ന് വിവരിക്കുന്നു. പന്തിന്റെ രൂപഭേദം പരിശോധിക്കുന്നതിനുള്ള ആദ്യ ഉപകരണം സ്റ്റീവൻസ് മെഷീൻ ആണ്. മെഷീന്റെ ഉപജ്ഞാതാവിന്റെ പേരിലാണ് ഇത് അറിയപ്പെടുന്നത്. രണ്ട് പ്ലേറ്റുകൾക്കിടയിൽ സ്ഥാപിച്ചിരിക്കുന്ന ഒരു പന്തിൽ നിശ്ചിത ബലം പ്രയോഗിക്കുന്ന ഒരു മെക്കാനിക്കൽ ഉപകരണമാണിത്. ഒരു ഹാൻഡിൽ തിരിക്കുന്നതിലൂടെ ഓപ്പറേറ്റർ പന്ത് കംപ്രസ് ചെയ്യുന്നു. കൂടാതെ ഒരു നിശ്ചിത ബലത്തിന് കീഴിൽ പന്തിന്റെ രൂപഭേദത്തിന്റെ അളവ് ഒരു സ്കെയിലിൽ നിന്ന് അളന്നെടുക്കുന്നു.

3. ഭാരവും വലുപ്പവും

പന്തിന്റെ വ്യാസവും പിണ്ഡവും ആണ് ഏറ്റവും പഴക്കമുള്ള മാനദണ്ഡങ്ങൾ. 1880 മുതൽ ടെന്നീസ് നിയമങ്ങളിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് എളുപ്പമുള്ള കാര്യമാണെന്ന് തോന്നുമെങ്കിലും പന്തിന്റെ വ്യാസം കൃത്യമായി ആവർത്തിച്ച് അളക്കുന്നതും ബുദ്ധിമുട്ടാണ്. ഒരു പന്ത് ഉചിതമായ വലുപ്പത്തിലുള്ളതാണോ എന്ന് നിർണ്ണയിക്കുന്നത് രണ്ട് റിങ് ഗേജുകൾ ഉപയോഗിച്ചാണ് (`go/no-go'). ഈ രീതിയിൽ പന്ത് സ്വന്തം ഭാരത്തിൽ വലിയ റിങ്ങിലൂടെ കടന്നുപോകണം, പക്ഷേ ചെറിയ റിങ്ങിലൂടെ കടന്നുപോകരുത്.

4. രൂപഭേദം

കളിക്കുമ്പോൾ റാക്കറ്റിൽ തട്ടി അമരുന്നതിന്റെ അളവാണ് ഡിഫോർമേഷൻ. ഒരു നിശ്ചിത ശക്തി പ്രയോഗിക്കുമ്പോൾ ബോളിന് സംഭവിക്കുന്ന രൂപമാറ്റമാണിത്. ഈ ഡിഫോർമേഷൻ അളവുകൾ പന്തിന്റെ 'മൃദുത്വം' (softness) നിർണയിക്കുകയും ഇത് കളിയുടെ വേഗത, സ്പിൻ ചെയ്യാനുള്ള കഴിവ് എന്നിവയെ ബാധിക്കും. പന്ത് ഒരു പ്രത്യേക ലോഡിലേക്ക് (8.165 കി.ഗ്രാം) കംപ്രസ് ചെയ്യുന്നു. ഒരു നിശ്ചിത സമയത്തിനുശേഷം (5 സെക്കന്റ്) 'മുന്നോട്ടുള്ള രൂപഭേദം' (forward deformation) രേഖപ്പെടുത്തുന്നു. തുടർന്ന് ലോഡ് റിലീസ് ചെയ്യുന്നു. ഒരു നിശ്ചിത സമയത്തിനുശേഷം(10

സെക്കന്റ്) 'റിട്ടേൺ രൂപഭേദം' (return deformation) അളക്കുന്നു. ഇത് മൂന്ന് അക്ഷങ്ങളിലും (three axis) ചെയ്യുന്നു.

5. റീബൗണ്ട്

പന്ത് എങ്ങനെ ബൗൺസ് ചെയ്യണമെന്ന് വ്യക്തമാക്കുന്ന നിയമം 1925-ൽ രൂപവത്കരിച്ചതാണ്. ഇന്നും അത് ഉപയോഗത്തിലുണ്ട്. 254 സെന്റീമീറ്റർ (100 ഇഞ്ച്) ഉയരത്തിൽ നിന്ന് ഒരു പന്ത് ലംബമായി താഴെയിട്ട് റീബൗണ്ട് അളക്കുന്നതാണ് ഈ പരീക്ഷണം.

6. ഈട് (Durability)

പന്ത് അംഗീകാരത്തിലെ ഏറ്റവും പുതിയ വികാസമാണ് ഡ്യൂറബിലിറ്റി ടെസ്റ്റ്. 2009-ൽ ഇത് അവതരിപ്പിച്ചു. പന്തുകളുടെ പിണ്ഡം, വലുപ്പം, രൂപഭേദം, റീബൗണ്ട് എന്നിവയിലെ മാറ്റങ്ങൾ ഒരു സ്റ്റാൻഡേർഡ് വെയറിങ് മോഡ് അനുസരിച്ചാണ് അളക്കുന്നത്.

അന്താരാഷ്ട്ര ടെന്നീസ് ഫെഡറേഷൻ

ലോകത്തിലെ ടെന്നീസ് കളി നിയന്ത്രിക്കുന്ന 1913-ൽ സ്ഥാപിതമായ സ്ഥാപനമാണിത്. ടെന്നീസ്ബോൾ അന്താരാഷ്ട്ര മത്സരങ്ങളിൽ ഉപയോഗിക്കുന്നതിന് അന്താരാഷ്ട്ര ടെന്നീസ് ഫെഡറേഷൻ വളരെ കൃത്യമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. പന്തിന് നിശ്ചയിച്ചിരിക്കുന്ന ഈ മാനദണ്ഡങ്ങൾ എല്ലാ കളിക്കാർക്കും ഒരുപോലെ പ്രകടനം ഉറപ്പാക്കാൻ സഹായിക്കുന്നു.

അന്താരാഷ്ട്ര ടെന്നീസ് ഫെഡറേഷൻ നിശ്ചയിച്ചിട്ടുള്ള പ്രധാന മാനദണ്ഡങ്ങൾ താഴെക്കൊടുക്കുന്നു

1. പൊതുവായ മാനദണ്ഡങ്ങൾ (General Specifications)

Sl. No.	ഘടകം (component)	മാനദണ്ഡം (specification)	കുറിപ്പുകൾ (notes)
1	നിറം (colour)	വെളുപ്പ് (white) അല്ലെങ്കിൽ ഒപ്റ്റിക് യെല്ലോ (optic yellow)	പ്രൊഫഷണൽ ടൂർണമെന്റുകളിൽ മിക്കപ്പോഴും മഞ്ഞ (optic yellow) ആണ് ഉപയോഗിക്കുന്നത്.
2	പുറംതലം (outer surface)	യൂണിഫോം ആയ തുണി കൊണ്ടുള്ള കവറിംഗ് (felt cover) ഉണ്ടായിരിക്കണം.	തുന്നലുകൾ ഇല്ലാത്ത സീമുകൾ (stitchless seams) ആയിരിക്കണം.
3	വസ്തുക്കൾ (materials)	റബ്ബർ കോറും (rubber core) അതിനു മുകളിൽ കമ്പിളി, നൈലോൺ, കോട്ടൺ എന്നിവയുടെ മിശ്രിതമടങ്ങിയ ടെക്സ്റ്റൈൽ കവറും (felt) ആയിരിക്കണം.	

2. ഭൗതിക ഗുണങ്ങൾ (physical properties)

അന്താരാഷ്ട്ര ടെന്നീസ് ഫെഡറേഷൻ മൂന്ന് തരം സ്റ്റാൻഡേർഡ് ബോളുകൾക്ക് (Type 1 - Fast, Type 2 - Medium, Type 3 - Slow) അനുമതി നൽകുന്നുണ്ടെങ്കിലും ഭാരം, വലുപ്പം എന്നിവയിൽ ചെറിയ വ്യത്യാസങ്ങളേയുള്ളൂ.

Sl. No.	തരം (type)	വേഗത (speed)	പ്രധാന ഉപയോഗം
1	Type 1	ഫാസ്റ്റ് (fast)	സ്ലോ കോർട്ടുകളിൽ (ഉദാ: ക്ലേ കോർട്ടുകൾ) ഉപയോഗിക്കാൻ രൂപകൽപന ചെയ്തത്.
2	Type 2	മീഡിയം (medium)	എല്ലാ കോർട്ടുകളിലും സാധാരണമായി ഉപയോഗിക്കുന്നത്.
3	Type 3	സ്ലോ (slow)	ഫാസ്റ്റ് കോർട്ടുകളിൽ (ഉദാ: പുൽമൈതാനങ്ങൾ) ഉപയോഗിക്കാൻ രൂപകൽപന ചെയ്തത്.
4	High altitude		സമുദ്രനിരപ്പിൽ നിന്ന് 1,219 മീറ്റർ (4,000 അടി) മുകളിലുള്ള പ്രദേശങ്ങളിൽ ഉപയോഗിക്കുന്നത്.

3. സാധാരണമായി ഉപയോഗിക്കുന്ന ബോളിന്റെ പ്രധാന അളവുകൾ

Sl. No.	അളവ് (measurement)	ITF അംഗീകൃത പരിധി	വിശദീകരണം
1	വ്യാസം (diameter)	6.54 cm-6.86 cm (2.57 in-2.70 in)	ബോളിന്റെ വലുപ്പം കൃത്യമായി ഈ പരിധിക്കുള്ളിൽ ആയിരിക്കണം.
2	ഭാരം (mass / weight)	56.0 g-59.4 g (1.975 oz-2.095 oz)	ഒരു ബോളിന്റെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ ഭാരം.
3	റീബൗണ്ട് (rebound)	135 cm-147 cm (53 in-58 in)	254 cm (100 in) ഉയരത്തിൽ നിന്ന് കോൺക്രീറ്റ് പ്രതലത്തിൽ ഇടുമ്പോൾ ബോൾ തിരിച്ചുയരേണ്ട ഉയരം.
4	മർദ്ദം (internal pressure)	പ്രഷറൈസ്ഡ് ബോളുകൾ സാധാരണയായി അന്തരീക്ഷ മർദ്ദത്തേക്കാൾ ഏകദേശം 80 kPa (12 psi) അധിക മർദ്ദത്തിൽ ആയിരിക്കും.	ഈ മർദ്ദമാണ് കുതിപ്പ് നിലനിർത്തുന്നത്. ഉയർന്ന പ്രദേശങ്ങളിൽ (high altitude) ഉപയോഗിക്കുന്ന ബോളുകൾക്ക് മർദ്ദം കുറവായിരിക്കും.

കൂടാതെ, കുട്ടികളെ ടെന്നീസ് പഠിപ്പിക്കുന്ന `Play and Stay' കാമ്പെയിനിന്റെ ഭാഗമായി റെഡ് (Stage 3), ഓറഞ്ച് (Stage 2), ഗ്രീൻ (Stage 1) എന്നിങ്ങനെ വേഗതയും സമ്മർദ്ദവും കുറഞ്ഞ ബോളുകളും അന്താരാഷ്ട്ര ടെന്നീസ് ഫെഡറേഷൻ അംഗീകരിച്ചിട്ടുണ്ട്. •

നിർമ്മൽ കുമാർ
ഡെവലപ്മെന്റ് ഓഫീസർ

ആതിര അജിത്ത്
ഫീൽഡ് ഓഫീസർ

ദൃഢനിശ്ചയത്തിന്റെ വിജയസ്തംഭം

തിരുവനന്തപുരം ജില്ലയുടെ തെക്കുകിഴക്ക് ഭാഗത്തായി സ്ഥിതിചെയ്യുന്ന ഗ്രാമമാണ് കള്ളിക്കാട്. പശ്ചിമഘട്ടത്തോട് ചേർന്ന് സ്ഥിതിചെയ്യുന്ന ഈ പ്രദേശത്ത് നെയ്യാർ ഡാമും വന്യജീവി സങ്കേതവും നാടിന്റെ ജൈവവൈവിധ്യവും എല്ലാം പ്രകൃതിരമണീയതയെ അടയാളപ്പെടുത്തുന്നു. കേരളത്തിലെ ചരിത്രപ്രാധാന്യമുള്ള 'കാണി' ആദിവാസി സമൂഹം വസിക്കുന്ന 'വ്ളാവെട്ടി' എന്ന ചെറുഗ്രാമം കള്ളിക്കാട് പഞ്ചായത്തിന്റെ കീഴിലാണ് വരുന്നത്. വനത്തോട് ചേർന്നുകിടക്കുന്ന ഭൂപ്രദേശമായതിനാൽ വളക്കൂറുള്ള മണ്ണാണ് ഗ്രാമത്തിലേത്. ഇവിടുത്തെ പ്രധാന ഉപജീവനമാർഗം കൃഷിയാണ്. കപ്പ, റബ്ബർ തെങ്ങ്, വാഴ എന്നിവയെല്ലാം ഉൾപെടുന്ന കൃഷി ഗ്രാമത്തിന്റെ കാർഷികവൈവിധ്യത്തെ സൂചിപ്പിക്കുന്നു. റബ്ബർകൃഷി, ഗ്രാമത്തിലും ആദിവാസിമേഖലയിലും ഒരു സാമൂഹിക-സാമ്പത്തിക ശക്തിയായി ഇന്ന് മാറിയിട്ടുണ്ട്. 2025-ലെ കേരള സർക്കാരിന്റെ കാർഷിക പുരസ്കാരങ്ങളിൽ പൊതുമേഖലാസ്ഥാപന വിഭാഗത്തിൽ ബഹുമതി ലഭിച്ച നെട്ടുകാൽതേരി തുറന്ന ജയിലും കള്ളിക്കാട് ഗ്രാമപഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നത്. ജയിലിൽ കൃഷിചെയ്യുന്ന പ്രധാന വിളയും റബ്ബർ തന്നെയാണ്.

1930-കളിൽ മധ്യ തിരുവിതാംകൂറിൽ നിന്നെത്തിയ ജനതയാണ് റബ്ബർകൃഷിയുടെ ആശയം ഈ മണ്ണിൽ ആദ്യമായി പാകിയത്. വലിയ തോതിൽ കുടിയേറ്റം നടന്നത് കള്ളിക്കാടിനോട് അതിർത്തി പങ്കിടുന്ന അമ്പൂരി ഗ്രാമപ്പഞ്ചായത്തിലേക്ക് ആയിരുന്നു. സമാന കാലഘട്ടത്തിലെ വാണിജ്യവിളകളുടെ ഗണ്യമായ

ബഹു. ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി. ആർ. അനിൽ കള്ളിക്കാട് റബ്ബറുത്പാദകസംഘത്തിന്റെ ഓഫീസ് കോംപ്ലക്സ് ഉദ്ഘാടനം ചെയ്യുന്നു.

വിലവർധനയും റബ്ബർകൃഷിക്ക് ഈ പ്രദേശങ്ങളിൽ സ്വീകാര്യത ലഭിക്കാൻ കാരണമായി. ഏറെയും ചെറുകിട കർഷകരായതിനാൽ ഇവരെയെല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരിക, ഗുണമേന്മയുള്ള ഉത്പന്നങ്ങൾക്ക് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി വിപണിയിൽ ന്യായവില ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ 1987-ലാണ് കള്ളിക്കാട് റബ്ബറുത്പാദകസംഘം രൂപം കൊണ്ടത്. ആദ്യകാലത്ത് ഏതാനും കർഷകർ മാത്രം അംഗങ്ങളായിരുന്ന സംഘത്തിൽ ഇന്ന് 680-ൽ കൂടുതൽ കർഷകരും ടാപ്പർമാരും സംഘത്തിന്റെ ഭാഗമായിട്ടുണ്ട്. ഈ കാലഘട്ടത്തിൽ തന്നെയാണ് പട്ടികവർഗ വിഭാഗക്കാരുടെ ഉന്നമനത്തിനായി കേരളത്തിൽ ട്രൈബൽ ഡെവലപ്മെന്റ് റബ്ബർ പ്ലാന്റേഷൻ പ്രോജക്ട് ആരംഭിക്കുന്നത്. 'വ്ളാവെട്ടി' പോലെയുള്ള ആദിവാസി ഗ്രാമങ്ങളിൽ റബ്ബർകൃഷി ആരംഭിക്കുകയും സമൂഹത്തിന്റെ വിവിധ മേഖലകളിൽ റബ്ബർകൃഷി ചെയ്യുന്ന കർഷകരെയും ടാപ്പർമാരെയും ചേർത്തുനിർത്തി സംഘം നല്ല രീതിയിൽ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്തു.

ആശയത്തിന്റെ പിറവി

കഴിഞ്ഞ ദശാബ്ദങ്ങളിലെ റബ്ബറിന്റെ അപ്രതീക്ഷിത വിലയിടിവും കാലാവസ്ഥാവ്യതിയാനവും അനുബന്ധ രോഗങ്ങളും ഈ മേഖലയിലെ ചെറുകിടകർഷകരെ ബാധിച്ചു. ഈ കാലഘട്ടത്തിൽ നാമമാത്രമായ പ്രവർത്തനങ്ങളാൽ സംഘം നിലനിന്നിരുന്നു. സംഘം നന്നായി പ്രവർത്തിച്ചു തുടങ്ങിയത് 2015-16 കാലഘട്ടം മുതലാണ്. റബ്ബർകൃഷി രംഗത്തെ സന്തുലിതാവസ്ഥയെയും കർഷകരുടെ ഉന്നമനത്തെയും മുൻനിർത്തി കേരളസർക്കാർ കർഷകർക്ക് റബ്ബറിന് ന്യായവില ലഭ്യമാക്കാൻ 2015 മുതൽ നടപ്പാക്കി വന്നിരുന്ന പദ്ധതിയാണ് 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം'. ഈ പദ്ധതി പ്രകാരം സാമ്പത്തികസഹായം ലഭിക്കാൻ റബ്ബറുത്പാദകസംഘങ്ങളിൽ വിപണനവിവരങ്ങൾ സമർപ്പിക്കേണ്ടതുണ്ട്. പദ്ധതിയുടെ ആഗമനത്തോടുകൂടി സംഘത്തിൽ അംഗത്വമെടുത്തവരുടെ എണ്ണം വർദ്ധിച്ചു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് അന്ന് മുൻനിരയിൽ നിന്ന് പ്രവർത്തിച്ചത് സംഘത്തിന്റെ അന്നത്തെ ഭരണസമിതി അംഗവും 2016 മുതൽ സംഘത്തിന്റെ പ്രസിഡന്റുമായ പി. ശ്രീനിവാസൻ ആണ്.

സംഘത്തിന്റെ ഓഫീസ് ഒരു വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ടും മറ്റു കാര്യങ്ങൾക്കുമായി ധാരാളം കർഷകർ സംഘവുമായി ബന്ധപ്പെടാൻ ആരംഭിച്ചപ്പോഴാണ് സ്ഥലസൗകര്യത്തിന്റെ പരിമിതികൾ ഭരണസമിതിയുടെ ശ്രദ്ധയിൽപെടുന്നത്. ഗ്രാമത്തിലെ പരിമിതികൾ മൂലം പൊതുയോഗങ്ങൾക്കും ബോധവത്ക്കരണ പരിപാടികൾക്കും കർഷകർക്ക് ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നു. യോഗങ്ങൾ നടത്തുന്നതിന് വാടകയ്ക്കെടുക്കാവുന്ന ഹാളുകളുടെ ദൗർലഭ്യവും അതുമൂലമുള്ള സാമ്പത്തികഭാരവും കർഷകരെ ബുദ്ധിമുട്ടിച്ചു. ഇത്തരം വെല്ലുവിളികളിൽ നിന്നാണ് 2020-ൽ സ്വന്തമായി ഒരു കെട്ടിടം എന്ന ആശയം ഉടലെടുക്കുന്നത്.

സ്വപ്നത്തിൽ നിന്ന് യാഥാർത്ഥ്യത്തിലേക്ക്...

സംഘത്തിന് സ്വന്തമായി ഒരു കെട്ടിടം വേണമെന്ന ആവശ്യം പ്രസിഡന്റ് പൊതുയോഗത്തിൽ അവതരിപ്പിക്കുകയും മറ്റ് അംഗങ്ങൾ അംഗീകരിക്കുകയും ചെയ്തു. റബ്ബർബോർഡിന്റെ കീഴിലുള്ള കമ്പനികളായ പൊന്മുടി റബ്ബർ ലിമിറ്റഡും അനന്തപുരി റബ്ബേഴ്സ് പ്രൈവറ്റ് ലിമിറ്റഡുമായി ചേർന്ന് റബ്ബർപാൽ സംഭരണവും മറ്റ് റബ്ബർ അനുബന്ധ ആവശ്യ വസ്തുക്കളുടെ വിപണനവും നടത്തിയതിലൂടെ ലഭിച്ച ആദായവും സംഘത്തിലെ മറ്റു വരുമാനവും ചേർത്തപ്പോൾ ഉണ്ടായ അഞ്ച് ലക്ഷം രൂപ ഉപയോഗിച്ചാണ് 2021-ൽ കള്ളിക്കാട് ജംഗ്ഷനോട് ചേർന്ന് മൂന്ന് സെന്റ് ഭൂമി വാങ്ങി പോക്കുവരവ് ചെയ്തത്. നാളിതുവരെ നീക്കിയിരിപ്പുണ്ടായിരുന്ന തുക ഭൂമി വാങ്ങുന്നതിനായി ഉപയോഗിച്ചതിനാൽ കെട്ടിടനിർമാണത്തിനുള്ള ചെലവുകൾ എങ്ങനെ നേരിടും എന്ന സമ്മർദ്ദത്തിൽ ആയി സംഘം. കാർഷികമേഖലയ്ക്കും കർഷകസംഘങ്ങൾക്കുമായുള്ള അടിസ്ഥാനസൗകര്യങ്ങൾക്ക് അനുവദിക്കുന്ന സാമ്പത്തിക സഹായ പദ്ധതിയായ അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (എ.ഐ.എഫ്.) അഥവാ കാർഷികരംഗത്തെ അടിസ്ഥാന സൗകര്യ വികസന ഫണ്ട് എന്ന കേന്ദ്രപദ്ധതിയുടെ ആനുകൂല്യത്തിനായി സംഘം അപേക്ഷിക്കുകയും എട്ട് ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു.ഒരു റബ്ബറുത്പാദകസംഘത്തിന് ആദ്യമായിയാണ് എ.ഐ.എഫ് -ന് കീഴിൽ തുക അനുവദിച്ചത്. എന്നാൽ ചില സാങ്കേതിക തടസ്സങ്ങളാൽ ആ ഉദ്യമം വിജയത്തിലെത്തിക്കാനും തുക സ്വീകരിക്കാനും സംഘത്തിന് കഴിഞ്ഞില്ല. സമയബന്ധിതമായി ഓഫീസ് കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കാൻ പ്രസിഡന്റ് സ്വന്തം സംഭാവനയായി രണ്ടു ലക്ഷം രൂപയും സ്വന്തമായി വായ്പയെടുത്ത് 3.20 ലക്ഷം രൂപയും നൽകി. അങ്ങനെ അംഗങ്ങളുടെ സഹായത്തോടെ വിവിധ മാർഗങ്ങളിലൂടെ നിർമാണത്തിന് ആവശ്യമുള്ള പണം സംഘടിപ്പിച്ചു. ഇതിന്റെ ഓരോ ഘട്ടത്തിലും സംഘം റബ്ബർബോർഡുമായി ബന്ധപ്പെടുകയും മാർഗനിർദ്ദേശങ്ങൾ ആരായുകയും ചെയ്തു പോന്നു. ഒടുവിൽ 2024-ൽ കള്ളിക്കാട് റബ്ബറുത്പാദകസംഘത്തിന്റെ ഓഫീസ് സമുച്ചയത്തിനു തറക്കല്ലിട്ടു. കെട്ടിടനിർമാണത്തിന്റെ ഓരോ ഘട്ടത്തിലും പ്രസിഡന്റിന്റെയും മറ്റ് അംഗങ്ങളുടെയും മേൽനോട്ടം ഉണ്ടായിരുന്നതിനാൽ കൃത്യം ഒരു വർഷത്തിനുള്ളിൽ നിർമാണം പൂർത്തിയാക്കാൻ കഴിഞ്ഞു. അങ്ങനെ 2025 ഫെബ്രുവരി 25 -ന് സംഘത്തിന്റെ ദീർഘകാല സ്വപ്നത്തിന്റെ ആദ്യഘട്ടം ബഹുമാനപ്പെട്ട ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പു മന്ത്രി ജി.ആർ. അനിൽ ഉദ്ഘാടനം ചെയ്തു.

കള്ളിക്കാട് റബ്ബറുത്പാദകസംഘത്തിന്റെ ട്രെയിനിങ് ഹാളിന്റെ ഉദ്ഘാടനം കനറാബാങ്ക് അസിസ്റ്റന്റ് ജനറൽ മാനേജർ കനകാംബരൻ നിർവ്വഹിക്കുന്നു.

രണ്ടാം ഘട്ടം: പരിശീലന ഹാൾ

സ്ഥലം വാങ്ങുന്നതിനും കെട്ടിടനിർമാണത്തിനുമായി ആകെ 19 ലക്ഷം രൂപയാണ് സംഘത്തിന് ചെലവായത്. തിരുവനന്തപുരം റീജിയണൽ ഓഫീസിന്റെ കീഴിൽ മലയോരമേഖലകളിലുള്ള ഉത്പാദകസംഘങ്ങൾക്ക് അടിസ്ഥാനസൗകര്യങ്ങളോടുകൂടിയ പരിശീലനഹാളുകൾ കള്ളിക്കാടും മറ്റു സമീപപ്രദേശങ്ങളിലും ലഭ്യമല്ലായിരുന്നു. അതിനാൽ, നിലവിൽ പണി പൂർത്തീകരിച്ച കെട്ടിടത്തിന്റെ മുകളിൽ ഒരു പരിശീലനഹാൾ കൂടി നിർമിക്കാൻ സംഘം തീരുമാനിച്ചു.

പരിശീലനഹാളിന്റെ നിർമാണത്തിനുള്ള ധനസഹായം ലഭിക്കുന്നതിനായി റബ്ബർബോർഡിന്റെ തിരുവനന്തപുരം റീജിയണൽ ഓഫീസിന്റെ ചുമതല വഹിക്കുന്ന ഡെവലപ്മെന്റ് ഓഫീസർ നിർമ്മൽ കുമാറിന്റെ നേതൃത്വത്തിൽ കാനറാ ബാങ്കിനെ സമീപിച്ചു. ബാങ്കിന്റെ സാമൂഹിക പ്രതിബദ്ധത മുൻനിർത്തിയുള്ള 'കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സി.എസ്.ആർ) ഫണ്ടി'ൽ നിന്നും ധനസഹായം അനുവദിച്ചു. സംഘത്തിന്റെ ദീർഘകാലമായുള്ള പ്രവർത്തനമികവും മലയോരമേഖലകളിൽ അടിസ്ഥാന സൗകര്യങ്ങളുള്ള പരിശീലനഹാളിന്റെ പ്രാധാന്യവും ബാങ്കിന് ബോധ്യപ്പെടുത്താനായത് ഈ ദൗത്യത്തിന് പിന്തുണയായി. അങ്ങനെ സമയബന്ധിതമായി കെട്ടിടത്തിന്റെയും പരിശീലനഹാളിന്റെയും പണി പൂർത്തീകരിക്കാൻ സാധിച്ചു. റബ്ബർബോർഡിന്റെയും മറ്റു സ്ഥാപനങ്ങളുടെയും പരിശീലനപരിപാടികൾക്കായും കരയോഗങ്ങളുടെ പൊതുയോഗങ്ങൾക്കായും മേശയും ഇരിപ്പിടങ്ങളും ഉച്ചഭാഷിണിയും ഉൾപ്പെടെയുള്ള സൗകര്യങ്ങളുള്ള പരിശീലനഹാൾ അടങ്ങിയ ഇരുനിലക്കെട്ടിടം ഇന്ന് കള്ളിക്കാട് റബ്ബറുത്പാദകസംഘത്തിന് സ്വന്തമാണ്.

കള്ളിക്കാട് റബ്ബറുത്പാദകസംഘത്തിന്റെ ഓഫീസ് സമുച്ചയം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ ഏറെ പ്രതിസന്ധികളും വെല്ലുവിളികളും ഇവർ അഭിമുഖീകരിച്ചിരുന്നു. എന്നാൽ സംഘം പ്രസിഡന്റായ ശ്രീനിവാസന്റെ മാതൃകാപരമായ നേതൃത്വം അവരെ മുന്നോട്ടു നയിച്ചു. ഏകദേശം ഒരു ദശാബ്ദത്തോളം സംഘാംഗങ്ങളുടെ സഹകരണത്തോടെയുള്ള അധ്വാനത്തിന്റെ പ്രതീകമായി ആ സമുച്ചയം നിലകൊള്ളുന്നു. താഴത്തെ നിലയിലെ ഒരു മുറി സംഘത്തിന്റെ ഓഫീസായും റബ്ബർകർഷകർക്കാവശ്യമായ കാർഷിവസ്തുക്കളുടെ

കള്ളിക്കാട് റബ്ബറുത്പാദകസംഘം

വിപണനകേന്ദ്രമായും പ്രവർത്തിക്കുന്നു. എല്ലാ ദിവസങ്ങളിലും തുറന്നു പ്രവർത്തിക്കുന്ന ഓഫീസിൽ എത്തിച്ചേർന്ന് കർഷകർക്ക് തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്നുണ്ട്. മറ്റു രണ്ടു മുറികൾ കാർഷികോത്പന്നങ്ങളുടെ സംസ്കരണകേന്ദ്രമായി ഉപയോഗിക്കാനോ അല്ലെങ്കിൽ വിവിധ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗ്രാമത്തിലെ ഏതാനും സ്ത്രീകൾക്കും ചെറുപ്പക്കാർക്കും തൊഴിലവസരങ്ങൾ നേടിക്കൊടുക്കാനുതകുന്ന എന്തെങ്കിലും പ്രവർത്തനങ്ങൾ തുടങ്ങാനോ സംഘത്തിന് പദ്ധതിയുണ്ട്. നിലവിലെ സാമ്പത്തിക പരാധീനതകൾ തീർത്തിട്ട് വേണം സംഘത്തിന് മുന്നേറ്റത്തിന്റെ അടുത്ത പടവുകൾ കയറാൻ. അതിനുവേണ്ടി നിലവിലെ വരുമാനമാർഗമായ റബ്ബർപാൽ സംഭരണത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തുകയാണ് സംഘം. അതോടൊപ്പം സംഘത്തിന്റെ മുതൽക്കൂട്ടായ പരിശീലനഹാൾ വാടകയ്ക്ക് കൊടുത്തും ചെറിയൊരു വരുമാനം ഇവർ കണ്ടെത്തുന്നു.

വിശ്വവിഖ്യാത എഴുത്തുകാരൻ പൗലോ കൊയ്‌ലോയുടെ വാക്കുകൾ പോലെ നമ്മൾ ഒരു കാര്യം വളരെയധികം ആഗ്രഹിക്കുകയും ആ ആഗ്രഹം യാഥാർത്ഥ്യമാക്കാൻ പരിശ്രമിക്കുകയും ചെയ്യുമ്പോൾ, ഒപ്പം നിൽക്കാനും ശരിയായ മാർഗനിർദ്ദേശങ്ങൾ നൽകാനും ഈ പ്രപഞ്ചം മുഴുവൻ യഥാസമയം അണിചേരും. ഇന്ന് കള്ളിക്കാട് റബ്ബറുത്പാദകസംഘത്തിന്റെ ഓഫീസ് സമുച്ചയം കേവലം ഒരു കെട്ടിടം മാത്രമല്ല, മറിച്ച് കർഷകരുടെ കരുത്തിന്റെയും സ്വയംപര്യാപ്തതയുടെയും ശ്ലാഘനീയമായ പ്രതീകമാണ്. •

ബി. ശ്രീകുമാർ
ഡെപ്യൂട്ടി ഡയറക്ടർ
(പി. ആന്റ് പി.ആർ.) ഇൻ-ചാർജ്

ഓണാട്ടുകര:
വാക്കും പൊരുളും

ജീവിതയാത്രയ്ക്കിടെ തന്റെ മനസ്സിൽ പതിഞ്ഞ വാക്കുകളും അതിന്റെ പൊരുളുകളുമടങ്ങിയതാണ് മുരളീധരൻ തഴക്കരയുടെ 'ഓണാട്ടുകര: വാക്കും പൊരുളും' എന്ന പുസ്തകം. തന്റെ ഗ്രാമത്തിൽ നിരന്തരം കേട്ട വർത്തമാനങ്ങളിൽ നിന്ന്, അദ്ദേഹത്തിന്റെ പ്രയോഗം തന്നെ ഉദ്ധരിച്ചാൽ, 'ഉതിർമണികളായി കിട്ടിയ' വാക്കുകളും പ്രയോഗങ്ങളും നുള്ളിപ്പെറുക്കി കൂട്ടിവെച്ച, ഒരു സമാഹാരം. ഓണാട്ടുകരയുടെ കാർഷികവൃത്തിക്ക് കാർഷികപ്രക്ഷേപണത്തിലൂടെയും ലേഖനങ്ങളിലൂടെയും മുരളീധരൻ തഴക്കരയോളം പ്രചാരം നൽകിയ മറ്റൊരു ഗ്രന്ഥകാരൻ ഉണ്ടാകില്ല. ഒരു ദേശത്തെയും അവിടുത്തെ ജനജീവിതത്തെയും സുതാര്യമായി തിരിച്ചറിയാനുള്ള ഏറ്റവും ലളിതമായ വഴി അവരുടെ ഭാഷയെ അറിയുക എന്നതാണല്ലോ? പ്രാദേശിക ഭാഷകൾ ഓരോ നാടിന്റെയും ചരിത്രം, സംസ്കാരം, സാമൂഹിക ഘടന എന്നിവയുടെ ജീവനുള്ള സാക്ഷ്യങ്ങളാണ്. ഓണാട്ടുകരയുടെ പാരമ്പര്യം തേടിയാൽ അത് കാർഷിക ഗ്രാമസംസ്കാരത്തിൽ ആഴത്തിൽ വേരൂന്നിയ പ്രദേശമാണെന്ന് വ്യക്തം. അവിടം കർഷകജീവിതങ്ങളുടെ നാടായിരുന്നു. കഠിനാധ്വാനവും ലളിതജീവിതവും സന്തോഷവും ദുഃഖവും എല്ലാം ഒരുപോലെ പങ്കിട്ട മനുഷ്യരുടെ മണ്ണ്.

കാലക്രമേണ ഓണാട്ടുകരയുടെ ജീവിതരീതികളും കേരളത്തിലെ മറ്റു പ്രദേശങ്ങളിലെന്നപോലെ, വലിയ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. കൃഷി ഇന്ന് നാമമാത്രമായി ചുരുങ്ങിക്കൊണ്ടിരിക്കുന്നു; ഒരിക്കൽ സമൃദ്ധമായി ലഭിച്ചിരുന്ന വിളകൾ ഒന്നൊന്നായി അപ്രത്യക്ഷമാകുന്നു. നഗരവൽക്കരണത്തിന്റെ സ്വാധീനത്തിൽ പഴയ ഗ്രാമീണമൂല്യങ്ങളും മാറിക്കൊണ്ടിരിക്കുന്നു. ഈ മാറ്റങ്ങളോടൊപ്പം ഓണാട്ടുകരയുടെ സംസ്കാരത്തിൽ നിന്നു മാഞ്ഞുപോയ അനവധി വാക്കുകളും പ്രയോഗങ്ങളും പഴഞ്ചൊല്ലുകളും സ്മരിക്കപ്പെടാതെ പോകുന്നു.

ഈ നഷ്ടപ്പെടുന്ന ഭാഷാസമ്പത്തിനെ തേടി കണ്ടെത്തുകയും ഉദാഹരണങ്ങളോടെ വിശദീകരിക്കുകയും ചെയ്യുകയാണ് മുരളീധരൻ തഴക്കര 'ഓണാട്ടുകര: വാക്കും പൊരുളും' എന്ന കൃതിയിലൂടെ. വാക്കുകൾ മാത്രമല്ല, അവയുടെ ശരിയായ വിശകലനവും നൽകിയിരിക്കുന്നതിനാൽ, നമ്മൾ ലേഖനങ്ങളിലോ തിരക്കഥകളിലോ ഒക്കെ പലപ്പോഴും കേട്ടിട്ടുള്ള വാക്കുകൾ പലതും അസ്ഥാനത്തായിരുന്നു ഉപയോഗിച്ചിരുന്നത് എന്നു മനസ്സിലാക്കാൻ കഴിയും. ഭാഷ നമ്മുടെ സ്വത്വബോധത്തിന്റെ സൂചികയാണെന്ന സത്യം ഈ പുസ്തകം നമ്മെ ശക്തമായി ഓർമിപ്പിക്കുന്നു. കേരളത്തിലെ മറ്റു പ്രദേശങ്ങളിൽ അത്ര പ്രചാരത്തിലില്ലാത്ത പ്രത്യേക കാർഷികരീതികളും പ്രയോഗങ്ങളും ഓണാട്ടുകരയെ സമ്പന്നമാക്കിയിരുന്നു എന്നതും ഈ കൃതി തെളിയിക്കുന്നു. 'മായുന്ന ഗ്രാമക്കാഴ്ചകൾ, മറയുന്ന ഗ്രാമനന്മകൾ' എന്ന പംക്തിയിലൂടെ റബ്ബർമാസികയുടെ വായനക്കാർക്ക് സുപരിചിതനാണ് മുരളീധരൻ തഴക്കര. ഒരു ഭാഷാഗവേഷകന്റെ ദൗത്യമാണ് ഈ പുസ്തകരചനയിലൂടെ അദ്ദേഹം നിർവഹിച്ചിട്ടുള്ളതെന്ന് പറയാം. കൃഷിയെയും ഭാഷയെയും സംസ്കാരത്തെയും സ്നേഹിക്കുന്ന ഏവർക്കും ഈ പുസ്തകം ഹൃദയസ്പർശിയായ വായനാനുഭവമാകുമെന്നതിൽ സംശയമില്ല.

ഓണാട്ടുകര : വാക്കും പൊരുളും
മുരളീധരൻ തഴക്കര
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
വില: 210 രൂപ.

അഗർതലയിൽ ദേശീയ ലൈബ്രറി വാരാചരണം നടത്തി

അഗർതലയിലെ റീജിയണൽ റിസർച്ച് സ്റ്റേഷനിലെ ലൈബ്രറിയിൽ വെച്ച് ദേശീയ ലൈബ്രറി വാരാചരണം നടത്തി. വിജ്ഞാനകേന്ദ്രങ്ങളായ ലൈബ്രറികളുടെ പ്രാധാന്യം എടുത്തു കാണിക്കുക, ജീവനക്കാർക്കിടയിൽ വായനാശീലം വളർത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് പരിപാടി സംഘടിപ്പിച്ചത്. വാരാചരണത്തിന്റെ ഭാഗമായി നടത്തിയ യോഗത്തിൽ ജോയിന്റ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ എൻ. സലി അധ്യക്ഷനായിരുന്നു. ത്രിപുര സർവകലാശാലയിലെ ലൈബ്രേറിയൻ പ്രൊഫസർ ചമ്പേശ്വർ മിശ്ര മുഖ്യാതിഥി ആയി ചടങ്ങിൽ പങ്കെടുത്തു. ഡിജിറ്റൽ യുഗത്തിൽ ലൈബ്രറികളുടെ പ്രസക്തിയെക്കുറിച്ചും ഉപയോക്താക്കളുടെ വർധിച്ചുവരുന്ന വിവരാവശ്യങ്ങൾ നിറവേറ്റുന്നതിനായി ലൈബ്രറി സേവനങ്ങൾ തുടർച്ചയായി നവീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അദ്ദേഹം തന്റെ പ്രഭാഷണത്തിൽ വിശദീകരിച്ചു.

ദേശീയ ലൈബ്രറി വാരാചരണത്തിന്റെ ഭാഗമായി ഒരു സുവനീർ പുറത്തിറക്കുകയും ക്വിസ് മത്സരവും വീഡിയോ പ്രദർശനവും നടത്തുകയും ചെയ്തു. റീജിയണൽ റിസർച്ച് സ്റ്റേഷനിലെ ഓഫീസർ ഇൻ ചാർജ് ഭാസ്കർ ദത്ത, അഗർതല റീജിയണൽ ഓഫീസിന്റെ ചുമതല വഹിക്കുന്ന ഡെവലപ്മെന്റ് ഓഫീസർ ശങ്കരി കർ ചൗധരി, സെക്ഷൻ ഓഫീസർ ഉഷ ജി. മേനോൻ എന്നിവരും ചടങ്ങിൽ സംസാരിച്ചു.

ടിന്റു മോൾ എം.
അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ

സ്വയം പര്യാപ്തത - മാറ്റത്തിന്റെ ചുവടുവയ്പ്

ഏതൊരു വ്യക്തിയും ആഗ്രഹിക്കുന്നത് മറ്റാരുടെയും മുന്നിൽ കൈ നീട്ടാതെ ജീവിതത്തിൽ വിജയിക്കണം എന്നാണ്. മത്സരബുദ്ധിയോടെ പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഈ കാലഘട്ടത്തിൽ പലവിധ ചെറുകിട പദ്ധതികൾ നടപ്പാക്കുന്നതും വിജയിക്കുന്നതും നാം കാണാറുണ്ട്. എന്നാൽ ഗ്രാമപ്രദേശങ്ങളിൽ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മാത്രം തങ്ങളുടെ സമയം വിനിയോഗിച്ചിട്ടുള്ള സ്ത്രീകൾക്കും പുരുഷന്മാർക്കും മറ്റൊരു സാമ്പത്തിക സ്രോതസ്സ് കൂടി ഉണ്ടാവുക വളരെ അഭികാമ്യം തന്നെ. അതിനായി റബ്ബർബോർഡ്, ഉത്പാദകസംഘങ്ങൾ വഴി രൂപം കൊടുക്കുന്ന സ്വാശ്രയ സംഘങ്ങൾക്ക് റബ്ബർതോട്ടം മേഖല കേന്ദ്രികരിച്ച് പലതരത്തിലുള്ള തൊഴിലവസരങ്ങൾ തുറന്നു കൊടുക്കുന്നു. ഇതിന്റെ സവിശേഷതകളാകട്ടെ, കൂട്ടായ പ്രവർത്തനം, കുറഞ്ഞ ജോലി സമയം, ഒന്നിൽ കൂടുതൽ തൊഴിലുകളിലൂടെ മെച്ചപ്പെട്ട വരുമാനം എന്നിവയാണ്. ഉദാഹരണത്തിന്, ടാപ്പിങ്, റെയിൻഗാർഡിങ്, ഷീറ്റു നിർമാണം, തേനീച്ച വളർത്തൽ, നീർക്കുഴി നിർമാണം, സസ്യസംരക്ഷണം, രോഗപ്രതിരോധ നടപടികൾ മുതലായ തൊഴിലുകളിൽ നിന്നു ലഭിക്കുന്ന വരുമാനം.

തൊഴിലാളി സംഘം - ഇടമൺ

'തേജസ്സ്' സ്വാശ്രയസംഘം - ഒറ്റയ്ക്കൽ

2025-26 കാലഘട്ടത്തിൽ പുനലൂർ റീജിയണൽ ഓഫീസിന്റെ പരിധിയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിന്റെ നേതൃത്വത്തിൽ ഉത്പാദക സംഘങ്ങളിൽ വെച്ചു നടന്ന വിവിധ പരിശീലനപരിപാടികളുടെയും ഫീൽഡ് ഓഫീസർമാരായ ഫർഹ എം.കെ., പി. ഹരിദേവ്; അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ എം. ടിന്റു മോൾ എന്നിവരുടെ പരിശ്രമത്തിന്റെയും ഫലമായി കോളൂർ, പഴയേരൂർ, ഒറ്റക്കൽ എന്നീ റബ്ബറുത്പാദക സംഘങ്ങളിൽ ഓരോ സ്വാശ്രയസംഘവും ഇടമൺ റബ്ബറുത്പാകസംഘത്തിൽ ഒരു തൊഴിലാളിസംഘവും രൂപീകരിക്കാൻ സാധിച്ചു. വനിതകൾക്കായുള്ള എട്ടു ദിവസത്തെ ടാപ്പിങ് പരിശീലന പരിപാടിയിൽ പങ്കെടുത്തവർ ചെറുകിട റബ്ബർ തോട്ടങ്ങളിലെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്ന പ്രധാന ലക്ഷ്യത്തോടെ വിവിധ ജോലികൾ ഏറ്റെടുത്തു ചെയ്യുന്നതിന് തയ്യാറായി. അതിനായി ശാസ്ത്ര സാങ്കേതിക വിദ്യകൾ സ്വായത്തമാക്കാൻ റബ്ബറുത്പാദകസംഘങ്ങൾ നടത്തുന്ന ചർച്ചാ ക്ലാസ്സുകൾ, സെമിനാറുകൾ മുതലായവയിൽ പങ്കെടുത്തു. 'റബ്ബർ പ്ലാന്റേഷൻ ജനറൽ വർക്കർ' എന്ന വിഷയത്തിൽ പരിശീലനം നേടിയ ഉറുകുന്ന് ട്രൈബൽ കോളനിയിലെ അംഗങ്ങൾ തോട്ടങ്ങളിൽ റബ്ബറിന്റെ ആവർത്തനക്കൃഷിയും പുതുക്കൃഷിയും നടത്തുന്നതിന് ആവശ്യമായ പണികൾ തുടക്കം മുതൽ ചെയ്യാൻ സന്നദ്ധരായി.

അവശ്യം വേണ്ട രജിസ്റ്ററുകൾ, ഓഫീസ് മുദ്രകൾ, തിരിച്ചറിയൽ കാർഡുകൾ എന്നിവയെല്ലാം പഴയയേരൂർ റബ്ബറുത്പാദകസംഘത്തിലെ 'ബട്ടർഫ്ളൈ' സ്വാശ്രയ സംഘം ഇതിനകം സ്വന്തമാക്കിക്കഴിഞ്ഞു. പോരാത്തതിന് സംഘത്തിന്റെ പദവി 'സി' യിൽ നിന്ന് 'ബി' യിലാക്കാനായതിന്റെ സന്തോഷത്തിലാണ് പ്രസിഡന്റ് എസ്സ്. ജബ്ബാർ. ഫിലിപ്പ് എ.റ്റി. (പ്രസിഡന്റ്, ഇടമൺ റബ്ബറുത്പാദകസംഘം), ഡാനിയേൽ കോശി (പ്രസിഡന്റ്, കോളൂർ റബ്ബറുത്പാദകസംഘം), ജബ്ബാർ എസ്. (പ്രസിഡന്റ്, പഴയയേരൂർ റബ്ബറുത്പാദകസംഘം), അലക്സാണ്ടർ എം.എ. (പ്രസിഡന്റ്, ഒറ്റക്കൽ റബ്ബറുത്പാദകസംഘം) എന്നിവരുടെ ആത്മാർത്ഥമായ നേതൃത്വവും കഠിനാദ്ധ്വാനവുമാണ് ഈ കൂട്ടായ്മകളുടെ രൂപവത്കരണത്തിന് കാരണമായത്. തങ്ങളുടെ പ്രദേശത്തെ റബ്ബർ മേഖലയിലെ പ്രശ്നങ്ങൾക്ക് കൂട്ടായി പരിഹാരം കാണുന്നതിനും ഗ്രാമത്തിന്റെ സമഗ്ര വികസനത്തിനായി യത്നിക്കുന്നതിനും ഈ നാലു ഗ്രൂപ്പുകളും ഒരുങ്ങിക്കഴിഞ്ഞിരിക്കുകയാണ്. ഒരു ചെറിയ കാൽവയ്പ് വലിയൊരു മാറ്റത്തിന്റെ, സ്വയംപര്യാപ്തതയുടെ ചുക്കാൻ പിടിക്കുമെന്ന് പ്രതീക്ഷിക്കാം. ●

'സ്നേഹദീപം' സ്വാശ്രയസംഘം - കോളൂർ

'ബട്ടർഫ്ളൈ' സ്വാശ്രയസംഘം - പഴയേരൂർ

റാണി ജോസ്
ഫാം അസിസ്റ്റന്റ്

റബ്ബർതൈകളുടെ

അപക്വകാല പരിചരണങ്ങൾ

നടീലിനായി തൈകൾ തെരഞ്ഞെടുക്കുന്നത് പോലെ തന്നെ പ്രധാനമാണ് പിന്നീടുള്ള അവയുടെ പരിചരണങ്ങളും. റബ്ബറിന്റെ ആദ്യവർഷങ്ങളിലെ പരിചരണം മോശമായാൽ അത് തൈകളുടെ വളർച്ചയെ ബാധിക്കുമെന്നു മാത്രമല്ല റബ്ബർമരങ്ങൾ ടാപ്പിങ്ങിനു പാകമാകാൻ കൂടുതൽ വർഷം എടുക്കുകയും ചെയ്യും. മറ്റു പല തോട്ടവിളകളെക്കാളും കൂടുതൽ അപക്വകാലം റബ്ബറിന് ഉള്ളതിനാൽ റബ്ബർകൃഷിയിൽ നിന്ന് ആദായം ലഭിക്കാൻ എടുക്കുന്ന വർഷങ്ങൾ കൂടുതലാണ്. റബ്ബർ നടുന്നതുമുതൽ ശാസ്ത്രീയമായ പരിപാലനമുറകൾ അനുവർത്തിച്ചാൽ റബ്ബറിന്റെ അപക്വകാലം പരമാവധി കുറയ്ക്കാം. മഴയുടെ തോതിലുള്ള വ്യത്യാസങ്ങളും അന്തരീക്ഷ താപനിലയിൽ ഉണ്ടാകുന്ന മാറ്റങ്ങളും റബ്ബറിന്റെ വളർച്ചയെ മിക്കപ്പോഴും ബാധിക്കാറുണ്ട്. അതുകൊണ്ടുതന്നെ തൈകളുടെ പരിചരണത്തിൽ ആദ്യ വർഷങ്ങളിൽ കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടതാണ്. കാലവർഷം ആരംഭിക്കുന്ന മുറയ്ക്ക് തൈകൾ നടുകയാണെങ്കിൽ വേനൽകാലം ആകുമ്പോഴേക്കും അവ വളർന്നു വലുതാകുകയും വേനലിനെ ഒരു പരിധിവരെ പ്രതിരോധിക്കാനുള്ള കരുത്ത് നേടുകയും ചെയ്യും.

റബ്ബർതൈകൾ നട്ടുകഴിഞ്ഞാൽ നിരന്തരമായ നിരീക്ഷണം ആവശ്യമാണ്. ആഴ്ചയിലൊരിക്കലെങ്കിലും ഓരോ തൈകളുടെയും അടുത്തുപോയി സൂക്ഷ്മമായി നിരീക്ഷണം നടത്തണം. അങ്ങനെ ചെയ്താൽ രോഗ-കീടബാധകളടക്കമുള്ള ചെറിയ പ്രശ്നങ്ങൾ സമയത്തു തന്നെ കണ്ടെത്തി പരിഹരിക്കാനും തൈകളുടെ ആരോഗ്യകരമായ വളർച്ച ഉറപ്പുവരുത്താനും സാധിക്കും.

പ്രൂണിങ്

തൈകൾ നട്ടുകഴിഞ്ഞാൽ സാധാരണമായി ഒന്നര മാസം കഴിയുമ്പോഴേക്കും പുതിയ തട്ട് ഇലകൾ മുളച്ചു വരാറുണ്ട്. അഗ്രഭാഗത്തുനിന്നുള്ള കരുത്തു കൂടിയ മുളയാണ് വളരാൻ അനുവദിക്കേണ്ടത്. പ്രധാന മുള കൂടാതെ തായ്തണ്ടിന്റെ വശങ്ങളിൽ നിന്നും ധാരാളം കിളിർപ്പുകൾ ഉണ്ടാകാറുണ്ട്. ഇത്തരത്തിൽ മുളച്ചുവരുന്ന പാർശ്വമുകുളങ്ങൾ എത്രയും വേഗം മുറിച്ചുമാറ്റണം. ഇതിന് 'പ്രൂണിങ്' എന്നാണു പറയുന്നത്. ആദ്യവർഷങ്ങളിൽ നിശ്ചിത ഉയരം വരെ ഉണ്ടാകുന്ന പാർശ്വമുകുളങ്ങൾ യഥാസമയം നീക്കം ചെയ്യുന്നതിൽ പല കർഷകരും വേണ്ടത്ര ശ്രദ്ധിക്കാറില്ല. ഇത് തൈകളുടെ വളർച്ചയെ സാരമായി ബാധിക്കും.

റബ്ബർമരങ്ങളിൽ ഒട്ടുബന്ധത്തിൽ നിന്ന് രണ്ടര-മൂന്ന് മീറ്റർ വരെ ഉയരമുള്ള തായ്ത്തടിയിൽ ടാപ്പുചെയ്താണ് ആദായമെടുക്കുന്നത്. ഈ ഭാഗത്ത് ശിഖരങ്ങളുണ്ടെങ്കിൽ സുഗമമായ ടാപ്പിങ് നടക്കാതെ വരും. അതുകൊണ്ട് തൈകൾ വളർന്നു വരുമ്പോൾ ഈ ഭാഗത്തുണ്ടാകുന്ന ശിഖരങ്ങൾ അപ്പപ്പോൾ മുറിച്ചുമാറ്റണം. തൈകളുടെ അടിഭാഗത്തുനിന്നു ശിഖരങ്ങൾ വളർന്നാൽ വിളവെടുപ്പുകാലത്ത് തായ്ത്തടിയിൽ ടാപ്പിങ്ങിനു വേണ്ട പാനൽ കുറവായിരിക്കും. ഇത് ഉത്പാദനകാലം കുറയുന്നതിന് ഇടയാക്കും.

റബ്ബർതടിയുടെ ചുവടുഭാഗം ശിഖരങ്ങളില്ലാത്തതും വളവുകളില്ലാത്തതുമാണെങ്കിൽ മാത്രമേ വിളവെടുപ്പുകാലം കഴിഞ്ഞ് തടികൾ മുറിച്ചുമാറ്റുമ്പോൾ നല്ല വില ലഭിക്കൂ. ഗുണമേന്മയ്ക്കനുസരിച്ച് റബ്ബർതടിയുടെ വിപണിവില നിശ്ചയിക്കുന്നത് സെലക്ഷൻ, സൂപ്പർ സെലക്ഷൻ എന്നിങ്ങനെ ചില തരംതിരിവുകളെ അടിസ്ഥാനമാക്കിയാണ്. ചുവടുഭാഗത്ത് ശിഖരങ്ങളുള്ളതും വളവുകളുള്ളതുമായ റബ്ബർതടിക്ക് കുറഞ്ഞവില മാത്രമായിരിക്കും പലപ്പോഴും കിട്ടുക.

സസ്യങ്ങളുടെ വളർച്ചയ്ക്ക് പോഷകങ്ങൾ ആവശ്യമാണ്. നിലനിർത്താൻ ഉദ്ദേശിക്കാത്ത പാർശ്വമുകുളങ്ങൾ ആദ്യംതന്നെ ഒഴിവാക്കിയാൽ അവയുടെ വളർച്ചയ്ക്ക് വേണ്ടിവരുന്ന പോഷകങ്ങൾ കൂടി തായ്ത്തടിയുടെയും മുകൾഭാഗത്ത് നിലനിർത്തപ്പെടുന്ന ശിഖരങ്ങളുടെയും വളർച്ചയ്ക്ക് ഉപകരിക്കും. അടിഭാഗത്ത് ശിഖരങ്ങളുള്ള മരങ്ങളുടെ വളർച്ച പലപ്പോഴും കുറയുന്നതായാണ് കണ്ടുവരുന്നത്.

പാഴ്മുളകൾ അധികം മൂപ്പെത്തുന്നതിനുമുമ്പ് അടർത്തി മാറ്റാൻ എളുപ്പമാണ്. തൈകളുടെ രണ്ടര വരെ മീറ്റർ ഉയരത്തിലുണ്ടാകുന്ന പാഴ്മുളകളാണ് നീക്കം ചെയ്യേണ്ടത്. അൽപം വളർന്ന മുളകളാണെങ്കിൽ ചെറിയ കത്തിയോ ബ്ലേഡോ ഉപയോഗിച്ച് തണ്ടോടു ചേർത്ത് മുളയുടെ താഴെനിന്ന് മുകളിലേക്ക് ശ്രദ്ധാപൂർവ്വം മുറിച്ചു മാറ്റണം. മുളയുടെ മുകൾവശത്തുനിന്ന് താഴേക്ക് ശിഖരങ്ങൾ മുറിച്ചാൽ അബദ്ധത്തിൽ താഴെയുള്ള തായ്ത്തണ്ടു കൂടി മുറിഞ്ഞുപോകാനോ ശിഖരങ്ങൾ പിളർന്ന് തായ്ത്തണ്ടിന് മുറിവേൽക്കാനോ സാധ്യതയുണ്ട്. ശിഖരങ്ങൾ പിരിച്ച് ഒടിച്ചുകളയുന്ന രീതിയും നല്ലതല്ല. ഇങ്ങനെ ചെയ്യുമ്പോൾ തൈകൾക്ക് ക്ഷതമേൽക്കാനുള്ള സാധ്യത കൂടുതലാണ്. ശിഖരങ്ങൾ മുറിച്ചുകളയുമ്പോൾ അധികം നീളത്തിൽ ചുവടുഭാഗം നിർത്തിയാൽ അതിൽനിന്നു തന്നെ വീണ്ടും മുളകൾ പൊട്ടിവരാൻ സാധ്യതയുണ്ട്. അതേസമയം തായ്ത്തണ്ടിനോടു വളരെ ചേർത്ത് ശിഖരങ്ങൾ മുറിച്ചുകളഞ്ഞാൽ മഴക്കാലത്ത് തായ്ത്തണ്ടിന് ചിലപ്പോൾ കേടുവരാനും ഇടയായേക്കാം. അതിനാൽ കുറച്ചു വളർന്ന പാർശ്വമുകുളങ്ങൾ മുറിക്കുമ്പോൾ രണ്ടോ രണ്ടരയോ സെന്റീമീറ്റർ നീളത്തിൽ ശിഖരത്തിന്റെ ചുവടുഭാഗം നിലനിർത്തിക്കൊണ്ട് ബാക്കിഭാഗം മുറിച്ചുകളയുന്നതാണ് നല്ലത്.

പുതയിടൽ

വേനലിന്റെ കാഠിന്യത്തിൽനിന്ന് തൈമരങ്ങളെയും മണ്ണിനെയും സംരക്ഷിക്കുന്നതോടൊപ്പം തൈകളുടെ വളർച്ചയെ ത്വരിതപ്പെടുത്താൻ സഹായിക്കുന്ന ഒരു ഉത്തമ പരിപാലനമുറയാണ് പുതയിടൽ. തുലാവർഷം പെയ്തുതീരുന്നതിനു തൊട്ട് മുന്നേ പുതയിട്ടാൽ മണ്ണിൽ പരമാവധി ഈർപ്പം സംരക്ഷിക്കപ്പെടുകയും തൈകളുടെ ചുവട്ടിലെ മണ്ണിൽ സൂര്യപ്രകാശം നേരിട്ട് പതിക്കാത്തതിനാൽ ദീർഘകാലത്തേക്ക് മണ്ണുണങ്ങാതെ അതിന്റെ പ്രയോജനം തൈകൾക്ക് ലഭിക്കുകയും ചെയ്യും. പല കർഷകരും വേനൽ കടുത്തതിനു ശേഷമാണ് പുതയിടുന്നത്. ഇത് വേണ്ടത്ര പ്രയോജനം ചെയ്യില്ല. പുതയിടുന്നതിന് മുന്നേ തൈകളുടെ ചുവട്ടിലെ കളകൾ നീക്കി മണ്ണ് ചെറുതായിട്ടൊന്ന് ഇളക്കുന്നത് നല്ലതാണ്. പുതയിടുന്നതിനായി ഏതുതരം ജൈവ വസ്തുക്കളും ഉപയോഗിക്കാം തൈകൾക്ക് ചുറ്റുമായി തൈകളുടെ തണ്ടിൽനിന്ന് 5-10 സെന്റീമീറ്റർ

അകലത്തിൽ വേണം പുതിയിടാൻ. നന്നായി ഉണങ്ങിയ ജൈവവസ്തുക്കളാണ് പുതിയിടാൻ ഉത്തമം.

തണൽ കൊടുക്കൽ

ചെറിയ തൈകളെ വേനലിൽ നിന്ന് സംരക്ഷിക്കുന്നതിന് മെടഞ്ഞ ഓല, പേപ്പർ, വെളുത്ത പോളിത്തീൻ ഷീറ്റ്, ചാക്ക്, വൈക്കോൽ എന്നിവയിൽ ഏതെങ്കിലും ഉപയോഗിച്ച് തൈകൾ മറച്ചു കെട്ടാവുന്നതാണ്. ആദ്യ വർഷങ്ങളിൽ വാഴ ഇടവിളയായി കൃഷിചെയ്യുന്നത് റബ്ബർതൈകൾക്ക് തണലേകുകയും വരൾച്ചയുടെ കാഠിന്യം കുറയ്ക്കുകയും ചെയ്യും.

വെള്ളപൂശൽ

തൈകളുടെ രണ്ടാംവർഷം മുതൽ ഇലപ്പടർപ്പ് കൂട്ടിമുട്ടി തോട്ടത്തിൽ തണലാകുന്നതുവരെയുള്ള കാലയളവിൽ തൈകളുടെ ചുവടുമുതൽ കവര വരെ തൊലിയിൽ തവിട്ടുനിറമെത്തിയ ഭാഗത്ത് വെയിലിന്റെ ചൂടേൽക്കാതിരിക്കാൻ ചുണ്ണാമ്പോ കളിമണ്ണോ (ചൈനാക്ലേ) ഉപയോഗിച്ച് വെള്ളപൂശണം. വെള്ളപൂശാനുപയോഗിക്കുന്ന ചുണ്ണാമ്പിനോടൊപ്പം തുരിശ് ചേർക്കേണ്ട ആവശ്യമില്ല. ഇത് അനാവശ്യമായ ചെലവിനു കാരണമാകും. ചൈനാക്ലേ ഉപയോഗിക്കുന്ന പക്ഷം തുടക്കത്തിൽ ഒന്നോ രണ്ടോ മരങ്ങളിൽ പുരട്ടി നോക്കി ഗുണമേന്മ ഉറപ്പുവരുത്തിയശേഷം വേണം ബാക്കി മരങ്ങളിൽ പുരട്ടാൻ.

ആവരണവിളകൾ/ഇടവിളകൾ

വേനൽകാലത്ത് സൂര്യപ്രകാശം നേരിട്ട് മണ്ണിൽ പതിക്കുന്നത് മണ്ണിന്റെ ആരോഗ്യത്തെ ബാധിക്കുകയും മഴക്കാലത്ത് മഴവെള്ളം നേരിട്ട് മണ്ണിൽ പതിക്കുന്നത് മണ്ണൊലിപ്പ് കൂട്ടുകയും ചെയ്യും. മ്യൂക്കുണ, പ്യൂറേറിയ, കലപ്പഗോണിയം തുടങ്ങിയ ആവരണവിളകളും വിവിധതരം ഇടവിളകളും നട്ടുപിടിപ്പിക്കുന്നത് മണ്ണിന് നല്ലൊരു ആവരണമായി മാറുകയും മണ്ണിലെ ജലാംശം നഷ്ടപ്പെടുന്നത് ഒരു പരിധിവരെ കുറയ്ക്കുകയും ചെയ്യും. സസ്യാവശിഷ്ടങ്ങൾ മണ്ണിലെ ജൈവാംശം വർദ്ധിപ്പിക്കുന്നതിനാൽ മണ്ണിന്റെ ജലാഗിരണശേഷിയും ജലസംഭരണശേഷിയും കൂടും. ആവരണവിളകളും ഇടവിളകളും ഇല്ലാത്ത തോട്ടങ്ങളിൽ ഇടനിരകളിൽ റബ്ബറിന് ദോഷകരമല്ലാത്ത രീതിയിൽ കളകൾ വളരാനനുവദിക്കുന്നത് മണ്ണിലെ ജലാംശം നഷ്ടപ്പെടുന്നത് തടയുന്നതിനും വേനൽകാലത്ത് മണ്ണിൽ ഈർപം നിലനിർത്തുന്നതിനും ഉപകരിക്കും. •

ട്രീസാ മരിയ ജിയോ

മനുഷ്യജീവിതത്തിന്റെ അനിവാര്യ കൂട്ടുകാരൻ - റബ്ബർ

റബ്ബർമാസികയുടെ വജ്രജൂബിലിയാഘോഷത്തോടനുബന്ധിച്ച് ’റബ്ബർ നിത്യജീവിതത്തിൽ’ എന്ന വിഷയത്തെ അധികരിച്ച് ഹൈസ്കൂൾ/ ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്കായി നടത്തിയ ഉപന്യാസ രചനാമത്സരത്തിൽ ഒന്നാം സമ്മാനം നേടിയ ലേഖനം.

ആമുഖം

‘ശാസ്ത്രം കണ്ടെത്തുന്നത് പ്രകൃതിയുടെ രഹസ്യങ്ങളാണ്, എന്നാൽ മനുഷ്യൻ അത് തന്റെ ജീവനത്തിനായി ഉപയോഗിക്കുന്നത് വലിയൊരു കലാപരവും സാമൂഹികവുമായ ദൗത്യമാണ്’ - ഈ വാക്കുകൾ നമ്മെ ഓർമിപ്പിക്കുന്നത്, മനുഷ്യജീവിതത്തെ സുഖകരമാക്കുന്നതിൽ പ്രകൃതിദത്തവിഭവങ്ങളുടെ പങ്കിനെക്കുറിച്ചാണ്. അത്തരം വിഭവങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് റബ്ബർ. രാവിലെയുണർന്നതു മുതൽ രാത്രി ഉറങ്ങുന്നതുവരെയും നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും റബ്ബറിന്റെ സാന്നിധ്യം നിറഞ്ഞുനിൽക്കുന്നു.

ചരിത്രവും പ്രാധാന്യവും

റബ്ബറിന്റെ ഉപയോഗം അമേരിക്കയിൽ ആരംഭിച്ചുവെങ്കിലും ചാൾസ് ഗുഡിയറിന്റെ ‘വൾക്കനൈസേഷൻ’ പ്രക്രിയയാണ് റബ്ബറിന് ശക്തിയും സ്ഥിരതയും നൽകിയത്. ഇന്ന് ലോകമെമ്പാടും റബ്ബർവ്യവസായം വളർന്നിരിക്കുന്നു. ഇന്ത്യയിൽ, പ്രത്യേകിച്ച് കേരളത്തിൽ, റബ്ബർ

ടയറുകൾ

റബ്ബർ കൈയ്യുറകൾ

കൃഷി ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെ അടിത്തറയായി മാറിയിരിക്കുന്നു. അതുകൊണ്ടുതന്നെ 'റബ്ബർ കേരളത്തിന്റെ സ്വർണവൃക്ഷം' എന്ന് വിളിക്കപ്പെടുന്നു.

ഗൃഹോപകരണങ്ങളിലെ റബ്ബർ

നമ്മുടെ വീടുകളിൽ തന്നെ റബ്ബറിന്റെ സാന്നിധ്യം ശക്തമാണ്. സ്കൂളിൽ പഠിക്കുമ്പോൾ പെൻസിലിന്റെ ഈറേസർ ഒഴിച്ചുകൂടാനാകാത്തതാണ്. അടുക്കളയിൽ ഗ്ലൗസുകൾ, ഗാസ്കറ്റുകൾ, റബ്ബർ പിടിയുള്ള പാത്രങ്ങൾ എന്നിവ സുരക്ഷയും സൗകര്യവും നൽകുന്നു. കുട്ടികളുടെ കളിപ്പാട്ടങ്ങൾ, വ്യായാമോപകരണങ്ങൾ, സ്പോർട്സ് സാമഗ്രികൾ–എല്ലാം റബ്ബറിന്റെ കരുത്തിലാണ്.

ഗതാഗതമേഖലയിൽ റബ്ബർ

'ചക്രം മനുഷ്യൻ കണ്ടുപിടിച്ച മഹത്തായ കണ്ടുപിടിത്തമാണ്' എന്ന് പറയപ്പെടുന്നു. എന്നാൽ ഇന്ന് ആ ചക്രം നിലനിൽക്കുന്നത് റബ്ബർ ടയറുകൾ കൊണ്ടാണ്. കാറുകൾ, ബസുകൾ, ട്രക്കുകൾ, ബൈക്കുകൾ – എല്ലാം റബ്ബർടയറുകൾക്ക് ആശ്രിതമാണ്. വിമാനങ്ങൾ പോലും ലാൻഡ് ചെയ്യുമ്പോൾ റബ്ബറിന്റെ ശക്തി ആവശ്യമാകും. ഗതാഗത രംഗത്ത് റബ്ബറില്ലെങ്കിൽ, മനുഷ്യജീവിതം സ്തംഭിച്ചുപോകും.

ആരോഗ്യമേഖലയിൽ റബ്ബർ

ആരോഗ്യരംഗത്ത് റബ്ബർ വിലമതിക്കാനാകാത്തതാണ്. ഡോക്ടർമാരുടെയും നഴ്സുമാരുടെയും സുരക്ഷയ്ക്കായി ഉപയോഗിക്കുന്ന ഗ്ലൗസുകൾ, രോഗികളെ ചികിത്സിക്കാനാവശ്യമായ സിറിഞ്ചുകളുടെ ഭാഗങ്ങൾ, മെഡിക്കൽ ട്യൂബുകൾ, കാത്തീറ്ററുകൾ എന്നിവയെല്ലാം റബ്ബറിൽ നിന്നാണ് നിർമിക്കുന്നത്. 'ജീവനെ രക്ഷിക്കുന്നതിനായി ചെറിയൊരു വസ്തുവും വലിയൊരു പങ്ക് വഹിക്കാം' – ഇതിന് മികച്ച ഉദാഹരണമാണ് മെഡിക്കൽ റബ്ബർ ഉപകരണങ്ങൾ.

വ്യവസായങ്ങളും കായികരംഗവും

വ്യവസായികരംഗത്തും റബ്ബർ അത്യാവശ്യമാണ്. ഫാക്ടറികളിലെ മെഷീൻ ബെൽറ്റുകൾ, ഷോക്ക് അബ്സോർബറുകൾ, സീലുകൾ എന്നിവ റബ്ബറില്ലാതെ പ്രവർത്തിക്കാനാകില്ല. കായികരംഗത്തും റബ്ബർ വലിയ പങ്കുവഹിക്കുന്നു. ക്രിക്കറ്റ് പന്തുകൾ, ഫുട്ബോളുകൾ, ടെന്നിസ് പന്തുകൾ, റബ്ബർ ഷൂകൾ– എല്ലാം നിർമിക്കുന്നത് റബ്ബറുപയോഗിച്ചാണ്. മഹാത്മാഗാന്ധിജി പറഞ്ഞ 'കായികം ഒരു രാഷ്ട്രത്തിന്റെ യുവജനശക്തിയുടെ പ്രതീകം' എന്ന വാക്കുകൾ, റബ്ബർ കൊണ്ടുള്ള ഉപകരണങ്ങളിലൂടെയാണ് സഫലമാകുന്നത്.

പരിസ്ഥിതിസൗഹൃദ ഉപയോഗങ്ങൾ

കാലം മാറിയപ്പോൾ റീസൈക്കിൾഡ് റബ്ബർ പ്രാധാന്യം നേടി. പഴയ ടയറുകൾ റോഡ് നിർമ്മാണത്തിനും കളിസ്ഥലങ്ങളുടെ സജ്ജീകരണത്തിനും ഭംഗിയുള്ള ഡിസൈൻ ഉത്പന്നങ്ങൾ നിർമിക്കാനുമെല്ലാം ഉപയോഗിക്കുന്നു. പരിസ്ഥിതിയെ സംരക്ഷിക്കുന്നതിൽ ഇത് വലിയൊരു സംഭാവനയാണ്. ഇത് 'പച്ച ഭൂമിക്ക് വേണ്ടിയുള്ള ചെറിയൊരു വലിയ ചുവടുവയ്പ്പ്' തന്നെയാണ്.

കേരളത്തിന്റെ സാമൂഹ്യജീവിതവുമായി ബന്ധം

കേരളത്തിലെ ആയിരക്കണക്കിന് കുടുംബങ്ങൾ റബ്ബർകൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. റബ്ബർ വില ഉയർന്നാൽ കർഷകരുടെ ജീവിതത്തിൽ പ്രതീക്ഷയും സന്തോഷവും നിറയുന്നു; വില കുറഞ്ഞാൽ അതിന്റെ വേദനയും സമൂഹം അനുഭവിക്കുന്നു. അതുകൊണ്ടു തന്നെ റബ്ബർ കേരളത്തിന്റെ സാമൂഹിക–സാമ്പത്തിക ഹൃദയസ്പന്ദനം തന്നെയാണ്.

ഉപസംഹാരം

റബ്ബർ നിത്യജീവിതത്തിൽ എത്രത്തോളം പ്രധാനമാണെന്ന് കണ്ടാൽ, അത് വെറും ഒരു വസ്തു മാത്രമല്ല, മനുഷ്യജീവിതത്തിന്റെ അനിവാര്യ കൂട്ടുകാരൻ തന്നെയാണ്. എഴുതാനും കളിക്കാനും യാത്രചെയ്യാനും ആരോഗ്യം സംരക്ഷിക്കാനും വ്യവസായം മുന്നോട്ടു കൊണ്ടുപോകാനും റബ്ബറിന്റെ കരുത്താണ് ആശ്രയം. 'പ്രകൃതിദത്തമായോ മാനുഷികമായി നിർമിച്ചതോ ആയ വസ്തുക്കൾ, മനുഷ്യന്റെ ജീവൻ മെച്ചപ്പെടുത്താൻ കഴിയുന്നിടത്തോളം കാലം അവ വിലപ്പെട്ടതാണ്' എന്ന വാക്കുകൾ റബ്ബറിനേക്കാൾ പറ്റിയതായി മറ്റൊന്നുമില്ല. അതുകൊണ്ടുതന്നെ, റബ്ബർ നമ്മുടെ ജീവിതത്തിലെ ശാന്തനായ നായകൻ തന്നെയാണ്.

(തൊടുപുഴയ്ക്കടുത്ത് കലയന്താനിയിലെ സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥിനിയാണ് ലേഖിക.)

GOLDEN TOUCH®

FORMIC ACID

GOLDEN TOUCH®

RUBBER SHEET FUNGICIDE (PNP)

GOLDEN TOUCH®

FORMIC ACID

റബ്ബർ ഷീറ്റുകളെ :

1. പൂപ്പലിൽ നിന്നും സംരക്ഷിക്കുന്നു.
2. സുവർണ്ണനിറം പകരുന്നു.
3. ഗുണമേന്മാ വർദ്ധനവിനെ സഹായിക്കുന്നു.

GOLDEN TOUCH® – ALUMINIUM DISH

GOLDEN TOUCH® – FORMIC ACID 85%

Rubber Estates Inputs: Spout, Cup Hanger, Latex Collection Cup, Sieve etc..

N.B.: Available at : Rubber Board Companies & Rubber Marketing Societies

Manufactured & Marketed by

Since 1991

Geo Thomas & Co.

IInd Floor Rubber Board Office Building
M.C. Road, Muvattupuzha - 686 661
Mob: 9847043098
e-mail: geothomasco@yahoo.com, Web: www.goldentouchpnp.com

റബ്ബർമാസികയുടെ വജ്രജൂബിലിയാഘോഷങ്ങളോടനുബന്ധിച്ച് നടത്തിയ വിവിധ മത്സരങ്ങളിൽ രണ്ടാം സമ്മാനാർഹമായ സൃഷ്ടികൾ

ഫോട്ടോഗ്രഫി

ഗോപാൽ മസന്ത,
ഫീൽഡ് ഓഫീസർ,
റബ്ബർബോർഡ്

കാർട്ടൂൺ രചന

നവാസ് കോണോംപാറ,
നാണത്ത് ഹൗസ്
മേൽമുറി പി. ഓ.,
കോണോംപാറ,
മലപ്പുറം

റബ്ബർബോർഡിന്റെ ഇരിട്ടി ഫീൽഡ് സ്റ്റേഷന് പുതിയ മേൽവിലാസം

റബ്ബർബോർഡിന്റെ തലശ്ശേരി റീജിയണൽ ഓഫീസിന് കീഴിലുള്ള ഇരിട്ടി ഫീൽഡ് സ്റ്റേഷൻ 2025 ഡിസംബർ പത്ത് മുതൽ മറ്റൊരു കെട്ടിടത്തിലേക്ക് മാറി പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ഓഫീസിന്റെ പുതിയ മേൽവിലാസം ചുവടെ ചേർക്കുന്നു.

റബ്ബർബോർഡ് ഫീൽഡ് സ്റ്റേഷൻ
ബാലകണ്ടി ബിൽഡിങ്
ബിൽഡിങ് നമ്പർ IX/1368
ഇരിട്ടി പി.ഒ., കണ്ണൂർ ജില്ല
പിൻ - 670703
ഫോൺ നമ്പർ : 0490 2490015

Guard Against the Monsoon!
Secure Your Latex Tapping Channels with

ANNA RAINPROOF

(Rain Guarding Compound)

WITH 23 YEARS OF EXPERTISE, OUR EASY-TO-APPLY PASTE REQUIRES NO HEATING AND EFFECTIVELY KEEPS RAINWATER OUT THIS SEASON

OUR PRODUCT RANGE

- Rain Guarding Compound
- Rain Guarding Plastic / Ribbon
- Rain Guard Tapping Shade
- Kissan Guard Shade
- Stapler Machine / Pin
- Suthali
- Scrapper
- Cup Hanger
- Spout (Chill)
- Latex Collection Cup
- Tapping Knife - Ordinary
- Nadan Tapping Knife
- Jabong Knife
- Gouge Knife
- Sharpening Stone
- Template & Marker
- Rubber Coat - Black
- Rubber Coat - White
- Aluminium Dish
- Aluminium Mug
- Aluminium Bucket
- Tapping Light
- Pathavetty
- Ounce Glass
- Arival
- Pine Apple Knife
- Arippa
- Ammonia
- Lauric Acid
- Copper Oxy Chloride
- COC Fytran
- Motex
- Formic Acid - White
- Formic Acid with PNP
- PNP Powder
- Agrowin Gel
- Ethipone
- Copper Sulphate
- China Clay
- Dolomite
- Chalk Powder
- Lime Shell Powder
- Sodium Sulphate
- Sodium Bi Sulfite
- Sulphur - Dusting / Smoking
- TMTD
- DAHP
- Wetex

IAF

ISO 9001:2015 VEXIL BPS MS Q9133755

NABCB QM022

Rubber Board Approved

Best & Highest Quality Rubber Tapping Equipments & Materials

ANNA INDUSTRIES™ SINCE 1991

Anna Industries

(An ISO 9001:2015 Certified Company)

Kolenchery, Cochin, Kerala, Pin: 682 311

Phone:
93 88 60 1632
94 95 00 3366
0484 2764590
0484 2760216

E-mail: sales@annabusiness.com
annaindustries@ymail.com
annatraderskicy@gmail.com
www.annabusiness.com

Toll Free : 1800 1230 366

കോൾ സെന്ററിൽനിന്ന്...

റബ്ബർബോർഡ് കോൾസെന്റർ നടത്തിയ പ്രത്യേക ഫോൺ-ഇൻ പരിപാടികളിൽ 'റബ്ബർ പ്രോഡക്ട്സ് ഇൻക്യുബേഷൻ സെന്റർ നൽകുന്ന സേവനങ്ങൾ' എന്ന വിഷയത്തിൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ സീനിയർ സയന്റിസ്റ്റ് ഡോ. ഷേറ മാത്യു, 'കേന്ദ്ര ഗുണമേന്മാപരിശോധനാശാല നൽകുന്ന സേവനങ്ങൾ' എന്ന വിഷയത്തിൽ സെൻട്രൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിലെ ജൂനിയർ സയന്റിഫിക് ഓഫീസർ മിനി എം. എന്നിവർ ചോദ്യങ്ങൾക്ക് നൽകിയ മറുപടികളാണ് യഥാക്രമം താഴെ ചേർത്തിട്ടുള്ളത്.

റബ്ബർ പ്രോഡക്ട്സ് ഇൻക്യുബേഷൻ സെന്റർ നൽകുന്ന സേവനങ്ങൾ

1. ***'റബ്ബർ പ്രോഡക്ട്സ് ഇൻക്യുബേഷൻ സെന്റർ' എന്നാൽ എന്താണെന്ന് വിശദീകരിക്കാമോ?***

   റബ്ബറുത്പന്നനിർമാണവുമായി ബന്ധപ്പെട്ട നൂതനാശയങ്ങൾ പ്രാവർത്തികമാക്കുക എന്ന ലക്ഷ്യത്തോടെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ ടെക്നിക്കൽ കൺസൾട്ടൻസി വിഭാഗത്തിനു കീഴിൽ പ്രവർത്തിക്കുന്ന സംവിധാനമാണ് റബ്ബർ പ്രോഡക്ട്സ് ഇൻക്യുബേഷൻ സെന്റർ (ആർ.പി.ഐ.സി.). റബ്ബറുത്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനായി സാങ്കേതികവിദഗ്ധരുടെ സേവനത്തോടൊപ്പം എല്ലാവിധ ആധുനിക സൗകര്യങ്ങളും ഇവിടെ ലഭ്യമാണ്.

2. ***ആർ.പി.ഐ.സി.-യുടെ പ്രവർത്തനങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന ഫീസ് എത്രയെന്ന് വിശദീകരിക്കാമോ?***

   ആർ.പി.ഐ.സി.-യിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന ഓരോ പുതിയ ആശയത്തിനും ഇരുപത്തയ്യായിരം രൂപയാണ് രജിസ്ട്രേഷൻ ഫീസായി നിശ്ചയിച്ചിരിക്കുന്നത്. കൂടാതെ രജിസ്ട്രേഷൻ കാലയളവ് പണമടച്ച തീയതി മുതൽ 6 മാസത്തേക്ക് സാധുതയുള്ളതായിരിക്കും. മുകളിൽ സൂചിപ്പിച്ച രജിസ്ട്രേഷൻ കാലയളവിൽ ക്ലയന്റ് അല്ലെങ്കിൽ അംഗീകൃത പ്രതിനിധികളിൽ ഒരാൾ ആർ.പി.ഐ.സി.-യുടെ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിന് പതിനായിരം രൂപ കൂടി അധികമായി നൽകണം. രജിസ്റ്റർ ചെയ്ത അപേക്ഷപ്രകാരമുള്ള ആശയം പ്രായോഗികതലത്തിൽ ഏകദേശം പകുതിഭാഗം വിജയകരമാവുമ്പോൾ 'മാർക്കറ്റ് പൊട്ടൻഷ്യൽ' അനുസരിച്ച് ധാരണയിലായിരിക്കുന്ന ഫീസിന്റെ 50 ശതമാനം ഈടാക്കുന്നതാണ് ബാക്കി 50 ശതമാനം

ഡോ. ഷേറ മാത്യു സംശയങ്ങൾക്ക് മറുപടി പറയുന്നു

ടെക്നിക്കൽ/പ്രൊജക്ട് റിപ്പോർട്ട് കൈമാറുന്നതിനനുസരിച്ച് ഈടാക്കുന്നതാണ്.

3. ***റബ്ബർ പ്രോഡക്ട്സ് ഇൻക്യുബേഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾ എങ്ങനെയെന്ന് വിശദീകരിക്കാമോ?***

വ്യക്തികൾ മുഖേന വരുന്ന നൂതനമായ ആശയങ്ങൾ സാങ്കേതികവിദഗ്ധരുടെ മേൽനോട്ടത്തിൽ വിശകലനം ചെയ്ത് ആശയത്തിന്റെ വിപണനസാധ്യത വിലയിരുത്തുന്നു. അതിനുശേഷം യോഗ്യമെന്നു കണ്ടാൽ ആശയം നൽകിയ ആളിന്റെ പേരിൽ അപേക്ഷ രജിസ്റ്റർ ചെയ്യും. പിന്നീട് രജിസ്റ്റർ ചെയ്ത അപേക്ഷകർക്ക് ആശയവുമായ ബന്ധപ്പെട്ട വിഷയങ്ങളിൽ സെന്ററിലെ വിദഗ്ധരുമായി ആശയവിനിമയം നടത്താനുള്ള അവസരം ഒരുക്കുന്നു. ആശയങ്ങൾ സാങ്കേതികമായി രൂപപ്പെടുത്തിയെടുക്കുന്നതിന് കൂടുതൽ സമയം വേണ്ടിവരും. ഈ കാലയളവിൽ സെന്ററിൽ തന്നെ എല്ലാവിധ സൗകര്യങ്ങളുമുള്ള ഒരു ഓഫീസ്മുറി ലഭ്യമാക്കും. ആശയത്തിന്റെ രഹസ്യസ്വഭാവം നിലനിർത്തുന്നതിനുവേണ്ടിയുള്ള ഒരു കരാറും രജിസ്റ്റർ ചെയ്യപ്പെടുന്നതാണ്. രജിസ്റ്റർ ചെയ്ത അപേക്ഷപ്രകാരമുള്ള ആശയം പ്രായോഗികതലത്തിൽ വിജയകരമായി പൂർത്തിയാക്കിയശേഷം അതു സംബന്ധിച്ച വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നു. അതോടുകൂടി രജിസ്റ്റർ ചെയ്ത ആശയത്തിന്റെ 'ഇൻക്യുബേഷൻ സമയം' പൂർത്തിയാകും.

4. ***നിലവിൽ എന്റെ യൂണിറ്റിൽ ഉത്പാദിപ്പിക്കുന്ന ഉത്പന്നത്തിന് ചില ന്യൂനതകൾ ഉണ്ട്. അവ പരിഹരിച്ച് ഗുണമേന്മ വർദ്ധിപ്പിക്കാനായി ആർ.പി.ഐ.സി.-യുടെ സേവനങ്ങൾ ലഭ്യമാണോ?***

നിലവിലുള്ള യൂണിറ്റുകളിൽ ഉത്പാദിപ്പിക്കുന്ന ഉത്പന്നത്തിന്റെ നിലവാരം മെച്ചപ്പെടുത്താൻ റബ്ബർ ഗവേഷണകേന്ദ്രത്തിലെ ടെക്നിക്കൽ കൺസൾട്ടൻസി വിഭാഗവുമായി ബന്ധപ്പെടാവുന്നതാണ്. അതിനായി ആർ.പി.ഐ.സി.-യിൽ രജിസ്റ്റർ ചെയ്യേണ്ടതില്ല.

5. ***ആർ.പി.ഐ.സി.-യുടെ സേവനങ്ങൾ ലഭിക്കാനായി ആരെയാണ് ബന്ധപ്പെടേണ്ടത്?***

ആർ.പി.ഐ.സി.-യുടെ സേവനങ്ങൾ ലഭിക്കാനായി ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ കൺസൾട്ടൻസി വിഭാഗം ഓഫീസർ ഇൻ ചാർജിനെ ഇ-മെയിൽ വഴിയോ ഫോൺ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

വിലാസം: ഓഫീസർ-ഇൻ ചാർജ് ടെക്നിക്കൽ കൺസൾട്ടൻസി വിഭാഗം ഇന്ത്യൻ റബ്ബർഗവേഷണ കേന്ദ്രം, കോട്ടയം -686009

6. ***ആർ.പി.ഐ.സി.-യിൽ നിർമിച്ച ഒരു ഉത്പന്നത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുക അല്ലെങ്കിൽ ടെസ്റ്റ് ചെയ്യുക എന്നീ ആവശ്യങ്ങൾക്കായി ആരെയാണ് സമീപിക്കേണ്ടത് ?***

ആർ.പി.ഐ.സി.-യിൽ നിർമിച്ച ഉത്പന്നത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്താനായി ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രത്തിലെ ടെക്നിക്കൽ കൺസൾട്ടൻസി വിഭാഗത്തെ സമീപിക്കാവുന്നതാണ്. ടെസ്റ്റുകൾക്ക് നിശ്ചിത ഫീസുകൾ നൽകേണ്ടതാണ്

കേന്ദ്ര ഗുണമേന്മാപരിശോധനാശാല നൽകുന്ന സേവനങ്ങൾ

1. ***റബ്ബർബോർഡിന്റെ കേന്ദ്ര ഗുണമേന്മാപരിശോധനാശാല (Central Quality Control Laboratory) നൽകുന്ന സേവനങ്ങൾ എന്തെല്ലാമാണ്?***

നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിങ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസിന്റെ (NABL) അംഗീകാരത്തോടെ റബ്ബർബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന പരിശോധനാശാലയാണ് സെൻട്രൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി (CQCL). റബ്ബർകർഷകർക്കും റബ്ബർസംസ്ക്കരണ ഫാക്ടറികൾക്കും വേണ്ടി സെൻട്രിഫ്യൂജ്ഡ് ലാറ്റക്സ്, ഫീൽഡ് ലാറ്റക്സ് എന്നിവയുടെ ഗുണമേന്മാ പരിശോധന; റബ്ബർ സംസ്കരണത്തിനുള്ള ഫോർമിക് ആസിഡ്, രാസവസ്തുക്കൾ മുതലായവയുടെ പരിശോധന; കൃഷിയാവശ്യത്തിനുള്ള വളം, സ്പ്രേ ഓയിൽ, തുരിശ് എന്നിവയുടെ ഗുണമേന്മ ഉറപ്പാക്കാനുള്ള പരിശോധന; കുടിവെള്ള പരിശോധന, ഫാക്ടറികളിൽ നിന്ന് പുറത്തുവിടുന്ന ശുദ്ധീകരിച്ച വെള്ളത്തിന്റെ പരിശോധന എന്നിവയും ഈ ലബോറട്ടറിയിൽ ചെയ്യുന്നുണ്ട്. കൂടാതെ, ഇറക്കുമതി ചെയ്യുന്ന റബ്ബർ പരിശോധിച്ച് അതിന് ഗുണമേന്മയുണ്ടെങ്കിൽ 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും' (No Objection Certificate) കയറ്റുമതി ചെയ്യുന്ന റബ്ബർ പരിശോധിച്ച് 'ക്വാളിറ്റി സർട്ടിഫിക്കറ്റും' (Quality Certificate) നൽകുന്നു.

2. ***കുടിവെള്ളം പരിശോധിക്കുന്നതിനായി സാമ്പിൾ ശേഖരിക്കേണ്ടത് എങ്ങനെയാണ്?***

സാധാരണമായി കുടിവെള്ളപരിശോധനയ്ക്കായി കെമിക്കൽ ടെസ്റ്റും ബാക്ടീരിയോളജിക്കൽ ടെസ്റ്റും നടത്തേണ്ടതാണ്. കെമിക്കൽ ടെസ്റ്റ് നടത്താൻ രണ്ടു ലിറ്റർ വെള്ളം ആവശ്യമാണ്. കഴുകി വൃത്തിയാക്കിയ പ്ലാസ്റ്റിക് കുപ്പിയിൽ വെള്ളം ശേഖരിക്കാവുന്നതാണ്.

മിനി എം. സംശയങ്ങൾക്ക് മറുപടി പറയുന്നു

ബാക്ടീരിയോളജിക്കൽ ടെസ്റ്റ് നടത്താൻ 100-150 മി.ലി. വെള്ളം മതിയാകും. അണുവിമുക്തമാക്കിയ ചില്ലുകുപ്പിയിലാണ് അതിനായി സാമ്പിൾ ശേഖരിക്കേണ്ടത്. ചില്ലുകുപ്പി 20 മിനിട്ട് നേരം വെള്ളത്തിലിട്ട് തിളപ്പിച്ച് അണുവിമുക്തമാക്കാം. സാമ്പിളുകൾ ശേഖരിച്ച ബോട്ടിൽ കൃത്യമായി വാട്ടർപ്രൂഫ് മഷി ഉപയോഗിച്ച് ലേബൽ ചെയ്യണം. തീയതി, സമയം, സാമ്പിൾ ശേഖരിച്ച സ്ഥലം തുടങ്ങിയ വിവരങ്ങൾ അതിൽ രേഖപ്പെടുത്തണം.

3. ***മലിനജലപരിശോധനയ്ക്കായി എന്താണ് ചെയ്യേണ്ടത്?***

മലിനജലം പലപ്പോഴും വിവിധ രൂപത്തിലും നിറത്തിലും ഉള്ളതും വ്യത്യസ്ത വസ്തുക്കൾ അടങ്ങിയതും ആയതുകൊണ്ട് അവയുടെയെല്ലാം സമ്മിശ്രമായ സാമ്പിൾ ആണ് ശേഖരിക്കേണ്ടത്. ഏകദേശം രണ്ടു ലിറ്റർ വെള്ളമാണ് പരിശോധനയ്ക്കായി വേണ്ടത്. സാമ്പിൾ ശേഖരിച്ച് എത്രയും പെട്ടെന്ന് ലബോറട്ടറിയിൽ എത്തിക്കാൻ ശ്രമിക്കണം. ഇല്ലെങ്കിൽ പരിശോധനാറിപ്പോർട്ടിൽ വ്യതിയാനങ്ങൾ വരാൻ സാദ്ധ്യതയുണ്ട്.

4. ***സെൻട്രൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിൽ പരിശോധനകൾക്കായുള്ള നിരക്കുകളും അത് ഓൺലൈനായി അടയ്ക്കുന്നതിനുള്ള നടപടിക്രമങ്ങളും എന്തെല്ലാമാണ്?***

സെൻട്രൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിലെ പരിശോധനകൾക്കായുള്ള നിരക്കുകൾ റബ്ബർബോർഡിന്റെ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ കോട്ടയം റബ്ബർബോർഡ് ശാഖയിൽ (ഐ.എഫ്.എസ്.സി.- CBIN0284150) റബ്ബർബോർഡ് സെക്രട്ടറിയുടെ പേരിലുള്ള 1559500056 എന്ന അക്കൗണ്ട് നമ്പറിൽ നേരിട്ടോ റബ്ബർബോർഡ് വെബ്സൈറ്റിലുള്ള 'INR-Pay' എന്ന ലിങ്ക് വഴി ഓൺലൈൻ ആയോ പരിശോധനാഫീസ് അടയ്ക്കാവുന്നതാണ്. പരിശോധനകൾ സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനുള്ള ഫോൺ നമ്പർ 0481 2353311 എക്സ്റ്റൻഷൻ നമ്പർ 218.

5. ***സാമ്പിളുകൾ പരിശോധനക്കായി ഏതു വിലാസത്തിലാണ് അയക്കേണ്ടത്?***

സാമ്പിളുകൾ നന്നായി പായ്ക്ക് ചെയ്ത് നേരിട്ടോ കൊറിയർ മുഖാന്തിരമോ ഓഫീസർ ഇൻ-ചാർജ്, സെൻട്രൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം, റബ്ബർബോർഡ് പി.ഒ., കോട്ടയം - 9 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. സാമ്പിളുകളോടൊപ്പം ചെയ്യേണ്ട ടെസ്റ്റുകളുടെ വിശദവിവരങ്ങൾ, ഉടമസ്ഥന്റെ വിലാസം, ഫോൺ നമ്പർ, ഇ-മെയിൽ ഐഡി, പരിശോധനാ ഫീസ് അടച്ചതിന്റെ വിശദവിവരങ്ങൾ എന്നിവ കൂടി ഉൾപ്പെടുത്തണം.

തയ്യാറാക്കിയത്

സ്ലീബ വി. പോൾ
(ഫാം ഓഫീസർ)

റബ്ബർബോർഡ് കോൾസെന്റർ പ്രത്യേക ഫോൺ - ഇൻ പരിപാടി

തേനീച്ചവളർത്തലും തേൻവിളവെടുപ്പും

തേനീച്ചവളർത്തലും തേൻവിളവെടുപ്പും എന്ന വിഷയം സംബന്ധിച്ച ചോദ്യങ്ങൾക്ക് 2026 ജനുവരി 14 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ തേനീച്ചവളർത്തൽ വിദഗ്ധനായ ബിജു ജോസഫ് ഫോണിലൂടെ മറുപടി പറയും

റബ്ബറധിഷ്ഠിത സ്വയംതൊഴിൽ സംരംഭങ്ങൾക്കുള്ള സഹായപദ്ധതികൾ

റബ്ബറധിഷ്ഠിത സ്വയംതൊഴിൽ സംരംഭങ്ങൾക്കുള്ള സഹായപദ്ധതികൾ സംബന്ധിച്ച ചോദ്യങ്ങൾക്ക് 2026 ജനുവരി 21 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ കോട്ടയം ജില്ലാവ്യവസായകേന്ദ്രത്തിലെ അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് ഓഫീസർ എസ്. ടി. ശരത് ലാൽ മറുപടി പറയും.

കോൾസെന്റർ ഫോൺ നമ്പർ 0481 2576622

റബ്ബർടാപ്പർമാർക്കുള്ള ഇൻഷ്വറൻസ് പദ്ധതി- ഫെബ്രുവരി മൂന്നു വരെ പുതുക്കാം

റബ്ബർടാപ്പിങ് തൊഴിലാളികൾക്കായി റബ്ബർബോർഡ് 2012-13, 2013-14, 2015-16, 2023-24, 2024-25 എന്നീ വർഷങ്ങളിൽ ആരംഭിച്ച ഗ്രൂപ്പ് ലൈഫ് ഇൻഷ്വറൻസ് കം ടെർമിനൽ ബെനിഫിറ്റ് പദ്ധതിയിൽ (GLITBS) ചേർന്നിട്ടുള്ളവർ ഫെബ്രുവരി മാസം മൂന്നാം തീയതിക്കു മുമ്പായി അതതു പ്രദേശത്തെ റബ്ബർബോർഡ് റീജിയണൽ ഓഫീസിൽ ഈ വർഷത്തെ വിഹിതം അടച്ച് പോളിസി പുതുക്കേണ്ടതാണ്. പദ്ധതി പ്രകാരം ഓരോ അംഗത്തിനും സ്വാഭാവിക മരണം സംഭവിച്ചാൽ ഒരു ലക്ഷം രൂപയുടേയും അപകടമരണം സംഭവിച്ചാൽ അഞ്ചു ലക്ഷം വരെ രൂപയുടെയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും.

പദ്ധതിയിൽ അംഗങ്ങൾ ആയിട്ടുള്ളവർക്ക് അപേക്ഷാഫോറം റബ്ബർബോർഡിന്റെ കോട്ടയത്തെ കേന്ദ്ര ഓഫീസിലെ തൊഴിലാളിക്ഷേമവിഭാഗത്തിൽ നിന്നും അയച്ചിട്ടുള്ളതാണ്. ഇതുവരെ ഫോറം ലഭിക്കാത്തവർ അതത് റീജിയണൽ ഓഫീസുകളുമായി ബന്ധപ്പെടേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് 0481-2301231 (എക്സ്റ്റൻഷൻ നമ്പർ - 336) എന്ന ഫോൺനമ്പരിൽ ബന്ധപ്പെടുക.

ഫെബ്രുവരി മാസത്തെ കൃഷിപ്പണികൾ

വേനൽകാലത്ത് നഴ്സറിയിലെ തൈകൾ ഇടയ്ക്കിടെ നനച്ചുകൊടുക്കണം. രാവിലെയും വൈകുന്നേരവും മാത്രമേ തൈകൾ നനയ്ക്കാവൂ. നഴ്സറികൾ വിസ്തൃതി കൂടിയതാണെങ്കിൽ ജലത്തിന്റെ ലഭ്യതയനുസരിച്ച് അത് പല ഭാഗങ്ങളായി തിരിച്ച് നനയ്ക്കുന്നതാണ് സൗകര്യപ്രദം. കപ്പുതൈകളുടെയും കൂടത്തൈകളുടെയും നഴ്സറികളിൽ ജലസേചനം അനിവാര്യമാണ്. വൈകുന്നേരമാണ് നനയ്ക്കാൻ പറ്റിയ സമയം.

രണ്ടാംവർഷം മുതൽ തൈകളുടെ ഇലപ്പടർപ്പ് വളർന്നു മൂടുന്നതുവരെയുള്ള കാലഘട്ടത്തിൽ തൈകളുടെ ചുവടുമുതൽ കവരഭാഗം വരെ തവിട്ടു നിറമുള്ള ഭാഗത്ത് വെള്ള പൂശണം. വെള്ളനിറമുള്ള പ്രതലങ്ങൾ ചൂട് അധികം ആഗിരണം ചെയ്യുന്നില്ല എന്ന തത്വമാണ് ഇതിന് ആധാരം

പുതയിടൽ

കൃഷിയിടങ്ങളിലെ ചെറുതൈകൾ വേനൽകാലത്ത് ചൂടേറ്റ് ഉണങ്ങിപ്പോകാതിരിക്കാൻ കൂടകൾ വച്ചുമറച്ചും ഉണങ്ങിയ ചവറുപയോഗിച്ച് പുതയിട്ടും അവയ്ക്ക് സംരക്ഷണം നൽകാം. ഈറയോ മെടഞ്ഞ ഓലയോ ഉപയോഗിച്ചുണ്ടാക്കിയ, ഏകദേശം 45–60 സെ.മീറ്റർ ഉയരവും 30–45 സെ.മീറ്റർ വ്യാസവുമുള്ള കൂടകളാണ് ഇതിന് ഉപയോഗിക്കുന്നത്. പുതയിടുന്നതിന് ഉണങ്ങിയ ചവറ്, പുല്ല്, തോട്ടപ്പയർ എന്നിവ ഉപയോഗിക്കാം. കൂടത്തൈകൾ ഉപയോഗിച്ച് കൃഷിചെയ്യുന്ന സ്ഥലങ്ങളിൽ സാധാരണഗതിയിൽ ഉണങ്ങിയ ചവർ ഉപയോഗിച്ച് പുതയിട്ടാൽ മാത്രം മതിയാകും. പുതയിടൽ കൊണ്ട് മണ്ണിലെ ഈർപം നിലനിർത്താനും ജൈവാംശം വർദ്ധിപ്പിക്കാനും കളകളുടെ വളർച്ച തടയാനും കഴിയും.

തുറസ്സായ സ്ഥലത്തുവെച്ചിരിക്കുന്ന തൈകൾ ശക്തിയായ വെയിലേറ്റ് വാടിയുണങ്ങാതിരിക്കാൻ അവയ്ക്ക് തണൽ കൊടുക്കണം. ആവശ്യത്തിന് സൂര്യപ്രകാശം ലഭിക്കത്തക്കവിധം മെടയാത്ത ഓലകൾ ഉപയോഗിച്ച് വശങ്ങളിലും മുകളിലും ഭാഗികമായി മറയ്ക്കുന്നതാണ് ശരിയായ രീതി.

പുതയിടൽ



ഫയർബെൽറ്റുനിർമാണം

ഫയർബെൽറ്റ്

വേനൽകാലാരംഭത്തോടെ റബ്ബർതോട്ടങ്ങളിൽ തീ പിടിത്തത്തിനെതിരെ മുൻകരുതലുകൾ സ്വീകരിക്കണം. തോട്ടത്തിനുചുറ്റും ഫയർബെൽറ്റ് നിർമിക്കുകയാണ് ഇതിനുള്ള ഒരു ഉപാധി. തോട്ടത്തിനുചുറ്റും മൂന്ന് മുതൽ അഞ്ച് വരെ മീറ്റർ വീതിയിൽ കുറ്റിച്ചെടികളും ചപ്പുചവറുകളും നീക്കം ചെയ്ത് വൃത്തിയാക്കിയിടണം. തോട്ടത്തിനു പുറത്ത് തീ പടർന്നാലും അത് തോട്ടത്തിനകത്തേക്ക് എളുപ്പം വ്യാപിക്കാതിരിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്. അഗ്നിബാധയ്ക്കെതിരായി എല്ലാ തരത്തിലുമുള്ള മുൻകരുതലുകളും ഏർപെടുത്തണം. തീപിടിത്തം, കൊടുങ്കാറ്റ് എന്നീ അത്യാഹിതങ്ങൾക്കെതിരെ റബ്ബർതോട്ടങ്ങൾ ഇൻഷ്വർ ചെയ്യുന്നതും നല്ലതാണ്.

വെള്ളപൂശൽ

രണ്ടാംവർഷം മുതൽ തൈകളുടെ ഇലപ്പടർപ്പ് വളർന്നു മൂടുന്നതുവരെയുള്ള കാലഘട്ടത്തിൽ തൈകളുടെ ചുവടുമുതൽ കവരഭാഗം വരെ തവിട്ടുനിറമുള്ള ഭാഗത്ത് വെള്ളപൂശണം. വെള്ളനിറമുള്ള പ്രതലങ്ങൾ ചൂട് അധികം ആഗിരണം ചെയ്യുന്നില്ല എന്ന തത്വമാണ് ഇതിന് ആധാരം. വെള്ളപൂശുന്നതിനായി തയ്യാറാക്കുന്ന ചുണ്ണാമ്പുലായനിയിൽ തുരിശ് ചേർക്കേണ്ട ആവശ്യമില്ല. ചൈനാക്ലേ, മണ്ണ് എന്നിവ തൈകളിൽ പൂശുന്നത് വേണ്ടത്ര പ്രയോജനം ചെയ്യുകയില്ല.

ഇതര സംരക്ഷണനടപടികൾ

റബ്ബർതോട്ടങ്ങളിൽ കന്നുകാലികളെ മേയാൻ അനുവദിക്കരുത്. ചുറ്റും വേലികെട്ടിയോ കയ്യാലകൾ നിർമിച്ചോ കന്നുകാലികളിൽനിന്ന് തോട്ടത്തെ സംരക്ഷിക്കാം. റബ്ബർതൈകളും ആവരണവിളകളും തിന്നു നശിപ്പിക്കുന്നതിനുപുറമേ അവ ഭൂമിയുടെ ഉപരിതലത്തോടുചേർന്നുള്ള വേരുപടലം ചവിട്ടിനശിപ്പിക്കാനും ഇടയുണ്ട്. റബ്ബർകൃഷിയിൽ, തൈകൾ നട്ട് ആദ്യത്തെ രണ്ടുമൂന്നു വർഷത്തെ പരിചരണം കൂടുതൽ നിർണായകമാണ്. റബ്ബർതൈകളുടെ ആദ്യകാലവളർച്ച മുരടിക്കുകയോ സുഗമമല്ലാതാകുകയോ ചെയ്യുന്നപക്ഷം അതിന്റെ ഭവിഷ്യത്ത് പിന്നീടുള്ള അവയുടെ നിലനിൽപിനെ ബാധിക്കും. തുടർന്നുനൽകുന്ന പരിചരണം എത്ര മെച്ചപ്പെട്ടതായാലും ആദ്യകാലവളർച്ചയിൽ സംഭവിക്കുന്ന ആഘാതത്തിൽ നിന്ന് തൈകളെ പിന്നീട് മോചിപ്പിക്കുക എളുപ്പമല്ല.

ഇലരോഗങ്ങളുടെ നിവാരണം

പുള്ളിക്കുത്ത്, പക്ഷിക്കണ്ണ് എന്നീ രോഗങ്ങൾ വേനൽകാലത്ത് നഴ്സറിയിലെ തൈകളെയും പ്രായം കുറഞ്ഞ ചെടികളെയും ബാധിക്കുന്നു. ഇലകളെയാണ് ഈ രോഗങ്ങൾ ബാധിക്കുക. കുമിൾമൂലമുണ്ടാകുന്ന രോഗമായതിനാൽ രോഗനിവാരണത്തിനായി ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രം തളിക്കണം.

പൊടിക്കുമിൾ രോഗബാധ

തോട്ടങ്ങളിൽ തളിർപ്പുകാലം നീണ്ടുനിൽക്കുകയാണെങ്കിൽ മരങ്ങളുടെ തളിരിലകളിലും കൂടയിൽ വളരുന്ന ചെറുതൈകളിലും പൊടിക്കുമിൾരോഗബാധ ആവർത്തിച്ചുണ്ടാകാം. തോട്ടങ്ങളിൽ തളിർപ്പുകാലം മുഴുവൻ ഹെക്ടറൊന്നിന് 11 മുതൽ 14 വരെ കിലോഗ്രാം എന്ന തോതിൽ പൊടിരൂപത്തിലുള്ള (325 മെഷ് വലിപ്പത്തിലുള്ളത്) ഗന്ധകപ്പൊടി അടിക്കണം. 7 മുതൽ 14 വരെ ദിവസം ഇടവിട്ട് 3 മുതൽ 6 വരെ തവണ ഇത് ചെയ്യേണ്ടിവരും. 70 ശതമാനം ഗന്ധകവും 30 ശതമാനം ടാൽകും ചേർന്ന മിശ്രിതമാണ് ഇതിനായി ഉപയോഗിക്കേണ്ടത്. ഡസ്റ്റിങ് മെഷീൻ ഉപയോഗിച്ചുവേണം വലിയ മരങ്ങൾക്ക് ഗന്ധകപ്പൊടിയടിക്കാൻ.

ചെറുതൈകൾക്കും നഴ്സറിയിലെ തൈകൾക്കും ഗന്ധകപ്പൊടിക്കുപകരം വെള്ളത്തിൽ കലർത്താവുന്ന ഗന്ധകം ഉപയോഗിക്കുന്നതാകും സൗകര്യപ്രദം. രണ്ടര ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി 7 മുതൽ 10 വരെ ദിവസങ്ങളിൽ ഒരു തവണ വീതം സ്പ്രേയറുകൾ ഉപയോഗിച്ച് തളിക്കണം. ഇതിനു പകരം കാർബെൻഡാസിമും വെറ്റബിൾ സൾഫറും ഒന്നിടവിട്ട തവണകളിൽ 7 മുതൽ 14 വരെ ദിവസം ഇടവിട്ട് തളിക്കുന്നതും ഫലപ്രദമാണ്.

സൂര്യാഘാതം

ചെറുതൈകൾ വെയിലുകൊണ്ട് ഉണങ്ങാറുണ്ട്. തൈകളുടെ ചുവടുഭാഗത്തിന് ചുറ്റുമുള്ള മണ്ണ് ചൂടാകുന്നതാണിതിനുകാരണം. ഉണക്കു ബാധിച്ച് വാടിയ തൈകൾ ഉണങ്ങിപ്പോകുകയോ കാറ്റത്ത് മറിഞ്ഞു പോകുകയോ ചെയ്യും. ഉണക്കുബാധ ശക്തമല്ലെങ്കിൽ ചെടികളുടെ കേടുവന്ന ഭാഗം ചുരണ്ടി മാറ്റി 0.75 ശതമാനം വീര്യമുള്ള മാങ്കോസെബ് ലായനി ഉപയോഗിച്ചു കഴുകിയശേഷം പട്ട വളർന്നു മൂടാൻ സഹായിക്കുന്ന മരുന്നുകൾ പുരട്ടണം. മരുന്നു പുരട്ടിയതിനു മുകളിലോട്ടുള്ള (തവിട്ടുനിറമുള്ള) ഭാഗത്ത് വെള്ള പൂശുകയും ചെയ്യണം. ●

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് പരിശീലനപരിപാടികൾ

2026 ഫെബ്രുവരി മാസത്തെ പരിശീലനപരിപാടികൾ

1. **നടീൽവസ്തുക്കൾ**

   വിവിധതരം നടീലിനങ്ങളെക്കുറിച്ചും നടീൽവസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനെക്കുറിച്ചുമുള്ള പരിശീലനം ഫെബ്രുവരി 02-ന് നടക്കും പരിശീലനഫീസ് 650 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

2. **ഉണക്കറബ്ബർ നിർണയം**

   റബ്ബർപാലിലെ ഉണക്കറബ്ബർ നിർണയിക്കുന്നത് സംബന്ധിച്ചുള്ള പരിശീലനം ഫെബ്രുവരി 03 മുതൽ 05 വരെയുള്ള തീയതികളിൽ നടക്കും. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 3500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

3. **റബ്ബറുത്പാദകസംഘം**

   റബ്ബറുത്പാദകസംഘങ്ങളുടെ ഭാരവാഹികൾക്കായി മാനേജ്മെന്റ്, കാര്യശേഷി വർദ്ധിപ്പിക്കൽ എന്നീ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം ഫെബ്രുവരി 9, 10 തീയതികളിൽ നടക്കും. പരിശീലനം സൗജന്യമായിരിക്കും.

4. **വളമിടൽ**

   റബ്ബർമരങ്ങളുടെ വളമിടലിനെക്കുറിച്ചുള്ള പരിശീലനം ഫെബ്രുവരി 11-ന് നടക്കും. കർഷകർ, തോട്ടം മാനേജർമാർ, നഴ്സറിയുടമകൾ, തോട്ടംമേഖലയിൽ നിന്നുള്ളവർ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്. പരിശീലന

ഫീസ് 600 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

5. **റബ്ബർ നടീൽ, പരിപാലനം**
റബ്ബറിന്റെ നടീൽരീതികൾ, പരിപാലനം, ഇടവിളക്കൃഷി, കളനാശനം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഏകദിന പരിശീലനം ഫെബ്രുവരി 16-ന് നടക്കും. പരിശീലനഫീസ് 600 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

6. **റബ്ബറുത്പാദകസംഘങ്ങളിലെ കളക്ഷൻ ഏജന്റുമാർക്കുള്ള പരിശീലനം**
റബ്ബറുത്പാദകസംഘങ്ങളുടെ കീഴിൽ കളക്ഷൻ ഏജന്റുമാരായി പ്രവർത്തിക്കുന്നവർക്കുള്ള പരിശീലനം ഫെബ്രുവരി 26, 27 തീയതികളിൽ നടക്കും. റബ്ബറുത്പാദകസംഘങ്ങളിലെ കളക്ഷൻ ഏജന്റുമാർക്ക് അപേക്ഷിക്കാം. പരിശീലനം സൗജന്യമായിരിക്കും.

പട്ടികജാതി-പട്ടികവർഗവിഭാഗത്തിൽപെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ഫീസിൽ 50 ശതമാനം ഇളവ് ലഭിക്കുന്നതാണ്. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 454 രൂപ അധികം നൽകണം. റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ തെരഞ്ഞെടുക്കപ്പെട്ട പരിശീലനങ്ങൾക്ക് ഫീസിൽ 25 ശതമാനം ഇളവ് നൽകും.

പരിശീലനവുമായി ബന്ധപ്പെട്ട പുതുക്കിയ വിവരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അറിയുന്നതിനായി https://www.facebook.com/RubberBoardofIndia എന്ന ഫേസ്ബുക്ക് പേജിലോ വാട്ട്സ് ആപ്പിലോ (04812353201), 9497317209 (വ്യവസായം), 9446428554 (കൃഷി, വിജ്ഞാനവ്യാപനം) എന്നീ ഫോൺനമ്പരുകളിലോ ബന്ധപ്പെടുക.

മുരളീധരൻ തഴക്കര

2026 അന്താരാഷ്ട്ര വനിതാകർഷകവർഷം - പുതിയ വർഷത്തിലേക്ക് പ്രതീക്ഷയോടെ

വീണ്ടുമിതാ ചുമരിലെ കലണ്ടർ എടുത്തുമാറ്റുകയും പുതിയ കലണ്ടർ രംഗപ്രവേശനം നടത്തുകയും ചെയ്തിരിക്കുന്നു. ഏറെ പ്രതീക്ഷയോടെയാണ് നാം ഓരോ പുതുവർഷത്തെയും വരവേൽക്കുന്നത്. ഐക്യരാഷ്ട്ര സംഘടനയും പുതുവർഷത്തിൽ പ്രതീക്ഷാനിർഭരമായ ഒരു തീരുമാനം കൈക്കൊണ്ടിരിക്കുന്നു. 2026 സ്ത്രീകളിലൂടെ കാർഷികമുന്നേറ്റത്തിന്റെ വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്. പുതിയ വർഷം അന്താരാഷ്ട്ര വനിതാകാർഷികവർഷമായി പ്രഖ്യാപിക്കുമ്പോൾ ലോകമാസകലം കൃഷിയുടെ നന്മയിലേക്ക് സ്ത്രീകളുടെ പങ്കും പങ്കാളിത്തവും ഉറപ്പാക്കി ഭക്ഷ്യോത്പാദനത്തിലൂടെ ഭക്ഷ്യഭദ്രത ഉറപ്പാക്കുക എന്ന ആവശ്യാധിഷ്ഠിതവും കാലാനുസാരിയുമായ ദിശാബോധമുള്ള തീരുമാനമാണ് കൈക്കൊണ്ടിരിക്കുന്നത്. കാർഷിക ഉത്പാദനക്ഷമതാവർദ്ധന, സാമൂഹിക പുരോഗതി, കുടുംബങ്ങളുടെ ജീവിതനിലവാരം കൂടുതൽ മെച്ചപ്പെടുത്തൽ, സ്ത്രീപങ്കാളിത്തം ഉറപ്പാക്കി കൃഷിയിലൂടെയുള്ള വരുമാനസാദ്ധ്യത വർദ്ധിപ്പിക്കൽ, സർവ്വോപരി വനിതകളിലൂടെ കാർഷികാഭിവൃദ്ധിയും കുടുംബാഭിവൃദ്ധിയും എന്നതാണ് ആത്യന്തിക ലക്ഷ്യം.

'മാതാപിതാഗുരു' എന്നതാണല്ലോ ഭാരതത്തിന്റെ പൗരാണിക പ്രാർത്ഥനാമന്ത്രം. അതായത് മാതൃസ്തുതിയോടെയാണ് ഈ പ്രാർത്ഥന തുടങ്ങുന്നത്. ജീവന്റെയും ജീവിതത്തിന്റെയും ആധാരശിലയായ ഭൂമിയെ അമ്മയായി കാണുന്ന വിശുദ്ധപാരമ്പര്യമുള്ള നാടാണ് നമ്മുടേത്. ഈ പുതിയകാലത്ത് സ്ത്രീശാക്തീകരണത്തിലേക്കുള്ള വാതായനങ്ങൾ തുറക്കുന്നതിന് എത്രയോ നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ സ്ത്രീകൾക്ക് മഹനീയത നൽകിയ ശ്രേഷ്ഠ പാരമ്പര്യം കാത്തുസൂക്ഷിച്ച പൈതൃകമാണ് ഭാരതത്തിനുള്ളത്. മാത്രമല്ല പ്രകൃതിയേയും ഭൂമിയേയും നാശോന്മുഖമാക്കാതെ ജീവിതാവശ്യത്തിനുള്ളത് വിളയിച്ചെടുക്കുക എന്നുള്ള പൂജനീയകർമമായി കൃഷിയെ നോക്കിക്കാണുന്ന പ്രാക്തനമായ സംസ്കൃതി നിലനിന്ന നാടാണിത്. പക്ഷേ പുരുഷകേന്ദ്രീകൃതമായിരുന്നു ഇവിടെ കൃഷി. ഭൂമിയുടെ ഉടമസ്ഥാവകാശത്തിന്റെ കാര്യത്തിൽപ്പോലും ഈ വ്യത്യാസം പ്രകടമാണ്.

ഒരുകാലത്ത് ഭൂമിയുടെ ക്രയവിക്രയവുമായി ബന്ധപ്പെട്ട രേഖകളിലടക്കം പുരുഷന്മാരുടെ ജോലി സ്വന്തം കൃഷി എന്നാണ് ചേർത്തിരുന്നത്, സ്ത്രീക്കോ സ്വന്തം ഗൃഹഭരണം. എന്നാൽ കൃഷിയുടെ എല്ലാ തലങ്ങളിലും പുരുഷന്മാർക്കൊപ്പംതന്നെ സ്ത്രീകളുടെയും സാന്നിദ്ധ്യമുണ്ടായിരുന്നു. ഉദാഹരണത്തിന് നെൽകൃഷി തന്നെയെടുക്കാം. വിത്തിടീൽ, പറിച്ചുനടീൽ, കളപറിക്കൽ, കൊയ്ത്, മെതി തുടങ്ങിയ കൃഷിപ്രവർത്തികളിലെല്ലാം കർഷകത്തൊഴിലാളി സ്ത്രീകളുടെ പങ്ക് പരമപ്രധാനമായിരുന്നു. പക്ഷേ ഈ സ്ത്രീസാന്നിദ്ധ്യം എവിടെയും വേണ്ടത്ര പ്രതിഫലിച്ചിരുന്നില്ല.

വളരെയേറെ പ്രതീക്ഷയേകുന്ന ഐക്യരാഷ്ട്ര സംഘടനയുടെ വനിതാകർഷക വർഷത്തിന്റെ സമസ്തതലസ്പർശിയായ സമകാലിക പ്രാധാന്യത്തിലേക്കുള്ള പ്രവേശിക ഈ കഥയാകട്ടെ. മധ്യതിരുവിതാംകൂറിൽ വിശിഷ്യാ ഓണാട്ടുകരയിൽ കൃഷിയിലെ പുരുഷമേധാവിത്തത്തിന്റെയും പഴയ കൂട്ടുകുടുംബ ജീവിതവ്യവസ്ഥയിൽ നിലനിന്ന കാരണവന്മാരുടെ കാർക്കശ്യങ്ങളുടെയും നേർക്കാഴ്ചയാണീക്കഥ. പണ്ട് കൃഷി പ്രധാന ജീവിനോപാധിയായിരുന്ന കാലത്ത് വിത്തുവകകളും നടീൽ വസ്തുക്കളും യഥാവസരം ലഭ്യമായിരുന്നത് കാർഷികപാരമ്പര്യമുള്ള പഴയ തറവാടുകളിൽ നിന്നാണ്. ഒരിക്കൽ നാട്ടിലെ പ്രസിദ്ധമായ തറവാട്ടിലെ കാരണവർ എന്തോ ആവശ്യത്തിനായി തന്റെ വാല്യക്കാരനെയും കൂട്ടി യാത്രപോയി. അന്നത്തെ കാലത്ത് കാൽനടയായാണല്ലോ യാത്രകളെല്ലാം. യാത്ര കഴിഞ്ഞ് തിരിച്ച് വീട്ടിലേക്ക് മടങ്ങിവരുന്ന വഴിയിൽ തനിക്ക് പരിചിതനായ ഒരു കൃഷിക്കാരനെ കണ്ടുമുട്ടി. കുശലാന്വേഷണത്തിനിടയിൽ എവിടെപോയി വരുന്നു എന്ന് ചോദിച്ചപ്പോൾ, കുറച്ച് എള്ളുവിത്ത് വേണമായിരുന്നു അതിനായി അങ്ങയുടെ വീട്ടിൽ പോയിട്ട് വരികയാണ്. എന്നിട്ടെന്തായി, എള്ള് വിത്ത് കിട്ടിയോ എന്നായി അടുത്ത ചോദ്യം. അങ്ങയുടെ ഭാര്യ പറഞ്ഞു എള്ളു

വിത്തില്ലെന്ന്, അങ്ങനെ തിരിച്ചു വരികയാണേ. ശരി, താൻ വരൂ എള്ളുവിത്തുണ്ടോയെന്ന് ഞാനൊന്ന് നോക്കട്ടെ. പാവം മനുഷ്യൻ വീണ്ടും കാരണവരോടൊപ്പം തിരിച്ചു നടന്നു. വീടിന്റെ പൂമുഖത്തേക്ക് കയറിയ കാരണവർ ഉച്ചത്തിൽ ഭാര്യയെ വിളിച്ചു. വടക്കേ വഴിക്കുള്ള ഗോപാലകൃഷ്ണൻ എള്ളുവിത്ത് വാങ്ങാൻ വന്നിരുന്നോ? അയാളു വന്നിരുന്നു, എള്ളുവിത്തില്ലെന്ന് ഞാൻ പറഞ്ഞു, അപ്പോൾതന്നെ അയാൾ പോവുകയും ചെയ്തു. പൂമുഖപ്പടിയുടെ അടുത്തേക്ക് നീങ്ങിനിന്ന് എടോ ഗോപാലകൃഷ്ണാ എള്ളുവിത്തില്ല കേട്ടോ. നടന്ന് വശംകെട്ട ഗോപാലകൃഷ്ണൻ നിരാശനായി വീണ്ടും തിരിച്ചു നടന്നു. കൃഷികാര്യങ്ങളിലും വിത്തടക്കമുള്ള ഉത്പാദനോപാധികളുടെ കാര്യത്തിലുമെല്ലാമുള്ള പുരുഷമേധാവിത്ത സമീപനത്തെക്കൂടിയാണ് ഈ കഥ വെളിവാക്കുന്നത്. 'എള്ളുവിത്തില്ലെന്ന് പറയാനുള്ള അവകാശം കുടുംബത്തിൽ കാരണവർക്കേയുള്ളൂ' എന്നതാണ് ഈ കഥയുടെ സാരസംഗ്രഹം. കൃഷിയുടെ ഏതൊരു കാര്യത്തിലും കാരണവന്മാരായ പുരുഷന്മാരോടൊപ്പം കുടുംബത്തിലെ സ്ത്രീകൾക്കും തുല്യ പ്രാധാന്യം ഉണ്ടാകണമെന്നതാണ് ഐക്യരാഷ്ട്ര സഭ 2026 വനിതാ കാർഷികവർഷ പ്രഖ്യാപനത്തിലൂടെ ലക്ഷ്യമിടുന്നത്.

എന്നാൽ, കാർഷികോത്പാദനത്തിൽ കേരളത്തിന് വേണ്ടത്ര മുന്നേറ്റം കൈവരിക്കാൻ കഴിയുന്നില്ലെങ്കിലും കാർഷികാധിഷ്ഠിത സംരംഭങ്ങളുടെയും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമാണത്തിലും ശ്രദ്ധേയമായ പുരോഗതി നേടാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീ മിഷൻ, കാർഷിക കർമസേന, ഹരിതകേരളമിഷൻ, ഞങ്ങളും കൃഷിയിലേക്ക്, പോഷകസമൃദ്ധിമിഷൻ എന്നീ പദ്ധതികളിലൂടെ കേരളത്തിൽ കൃഷിയുടെ രംഗത്തും ഉത്പന്ന വൈവിധ്യവൽക്കരണ സംരംഭകത്വപ്രവർത്തനങ്ങളിലും താരതമ്യേന മികച്ച നേട്ടങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും.

റബ്ബർകൃഷിമേഖലയും ഇതിൽനിന്ന് വ്യത്യസ്ഥമല്ല. റബ്ബർടാപ്പിങ്, റബ്ബർപാൽ സംസ്കരണം തുടങ്ങിയ കാര്യങ്ങളിൽ മിക്കവാറും കാർഷിക കുടുംബങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം പ്രകടമാണ്. റബ്ബർകർഷകരുടെ കൂട്ടായ്മയായ ആർ.പി.എസ്. എന്ന ചുരുക്കപ്പേരിൽ അറിയുന്ന പല റബ്ബറുത്പാദകസംഘങ്ങളുടെയും സാരഥികളായി വനിതകൾ സക്രിയമായി പ്രവർത്തിക്കുന്നു എന്നതും എടുത്തുപറയേണ്ടതുണ്ട്. ശ്രദ്ധേയമായ ഇത്തരം വിജയഗാഥകൾ 'റബ്ബർമാസിക' തന്നെ അടയാളപ്പെടുത്തുകയും പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

കൃഷിയിൽ ആധുനിക സാങ്കേതിക സംവിധാനമായ 'ഡ്രോൺ' ഉപയോഗപ്പെടുത്താനുള്ള പരിശീലനം നേടിയ തൃശ്ശൂരിൽ മാളയിലുള്ള സുധാ ദേവദാസന് 'നമോഡ്രോൺ' പദ്ധതിപ്രകാരം ഡ്രോൺ പൈലറ്റ് പരിശീലനം നേടിയ ശേഷം മഹാരാഷ്ട്രയിൽ ഒരു ചടങ്ങിൽ പങ്കെടുക്കാൻ അവസരം കിട്ടിയപ്പോൾ രാജ്യത്തിന്റെ പ്രധാനമന്ത്രിയുമായി സംവദിക്കുവാൻ കഴിഞ്ഞതിന്റെ വാർത്ത രാജ്യമാകെ ശ്രദ്ധിക്കുകയുണ്ടായി. മാത്രമല്ല തേനീച്ചവളർത്തൽ, കൂൺകൃഷി, കന്നുകാലി വളർത്തൽ, പുഷ്പകൃഷി എന്നീ മേഖലകളിലെല്ലാം വനിതകളുടെ പങ്കാളിത്തം താരതമ്യേന കൂടുതലുണ്ട്. 'പശുക്കളുടെ കയറിന്റെ അറ്റത്ത് വളയിട്ട ഒരു കൈയുമുണ്ടാകും' എന്നത് പറഞ്ഞു പതിഞ്ഞ ശൈലിയാണ്. പശുവളർത്തലിലെ വനിതകളുടെ പങ്കിനെയാണ് ഇത് സൂചിപ്പിക്കുന്നത്.

വനിതകളുടെ കൂട്ടായ്മകൾ രൂപവത്കരിച്ച് കൃഷിയും, കൃഷി അനുബന്ധ പ്രവർത്തനങ്ങളും കാര്യക്ഷമതയോടെ നടപ്പാക്കുന്നതിനും വനിതാകർഷകവർഷം ഊന്നൽ നൽകുന്നുണ്ട്. ഈ രംഗത്തും കേരളം ഒരു പണത്തൂക്കം മുന്നിലാണ്. രാജ്യാന്തര ശ്രദ്ധയാകർഷിച്ച നമ്മുടെ കുടുംബശ്രീമിഷൻ വനിതാശാക്തീകരണത്തിന്റെ ഉദാത്ത മാതൃകയാണ്. സംസ്ഥാനത്തുടനീളം കുടുംബശ്രീയുടെ നേതൃത്വത്തിൽ പച്ചക്കറിക്കൃഷിയിലടക്കം കാർഷികരംഗത്ത് ക്രിയാത്മകമായ ഇടപെടൽ നടത്തുന്നുണ്ട്. ഇതിലൂടെ കാർഷികോത്പാദനം സാദ്ധ്യമാകുന്നു എന്ന പ്രത്യക്ഷനേട്ടത്തിനൊപ്പം സാമൂഹ്യ പുരോഗതിക്കും കുടുംബങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ഒരുമയുടെ സന്ദേശം സന്നിവേശിപ്പിക്കുന്നതിനും നേതൃപാടവം വളർത്തുന്നതിനുമെല്ലാം ഈ സംഘബോധ സംരംഭകത്വ പ്രവർത്തനങ്ങൾ ഗുണപരമായി മാറുന്നു. യു.എൻ. വനിതാ കാർഷികവർഷ പ്രഖ്യാപനത്തിന്റെ ആത്യന്തിക ലക്ഷ്യവും ഇതുതന്നെയാണ്.

കേരളീയ സാഹചര്യത്തിൽ 'സകുടുംബ കൃഷി'യുടെ പ്രോത്സാഹനത്തിനും വ്യാപനത്തിനും വനിതാ കർഷകവർഷം പ്രേരണയും പ്രചോദനവുമായി മാറണം. വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിയേക്കാൾ വർത്തമാനകാല കേരളീയ പശ്ചാത്തലത്തിൽ പ്രാമുഖ്യം നൽകേണ്ടത് കുടുംബക്കൃഷിക്കാണ്. ഒരു വീട്ടിലേക്കാവശ്യമായ കായ്കറികൾ കുടുംബാംഗങ്ങളെല്ലാം ചേർന്ന് വീട്ടുവളപ്പിൽ സ്വന്തമായി വിളയിച്ചെടുക്കാനുള്ള ഉദ്യമത്തിന് അമ്മമാർ മുന്നിട്ടിറങ്ങണം. 'മുമ്പേ ഗമിക്കുന്ന ഗോവു തന്റെ പിമ്പേ ഗമിക്കും ബഹു ഗോക്കളെല്ലാം' എന്ന ചൊല്ല് ഇവിടെ പ്രാവർത്തികമാകട്ടെ. ഏതാണ്ട് അറുപത്തിയഞ്ച് ലക്ഷത്തിലേറെ കുടുംബങ്ങൾ കേരളത്തിൽ അധിവസിക്കുന്നു എന്നാണ് കണക്കാക്കുന്നത്. വീട്ടുവളപ്പിലെ കൃഷിക്ക് വീട്ടമ്മമാർ മുൻകൈയ്യെടുക്കുമ്പോൾ നിശ്ചയമായും വീട്ടിലെ കുട്ടികളടക്കം കുടുംബാംഗങ്ങളെല്ലാം അമ്മമാർക്കൊപ്പം മണ്ണിലേക്കിറങ്ങും. വീട്ടാവശ്യത്തിനുള്ള വിഷം തീണ്ടാത്ത കായ്കറികൾ വിളയിച്ചെടുക്കുന്ന, മണ്ണിൽതൊട്ട ഒരുമയുടെ നന്മയായി അത് മാറും. നമ്മുടെ കുട്ടികൾ ഇത്തിരിനേരം മൊബൈലിൽ നിന്നും മൗസിൽ നിന്നും കൈയ്യെടുത്ത് ഊർവ്വരയായ മണ്ണിലൊന്ന് സ്പർശിക്കട്ടെ! നമ്മുടെ ഭക്ഷ്യോത്പാദനത്തിന്റെ ഏതാണ്ട് 70 ശതമനം കുടുംബ കാർഷികവ്യവസ്ഥയിൽ നിന്നാണെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഞങ്ങളും കൃഷിയിലേക്ക്, പോഷകസമൃദ്ധി മിഷൻ തുടങ്ങിയ സംസ്ഥാന കൃഷിവകുപ്പിന്റെ പദ്ധതികളും, കേന്ദ്രാവിഷ്കൃത പദ്ധതികളായ പി.എം. കിസാൻ, പ്രൈംമിനിസ്റ്റേഴ്സ് ഫസൽ ബീമായോജന തുടങ്ങിയവയും സ്ത്രീപങ്കാളിത്ത കുടുംബക്കൃഷിക്കും സംഘക്കൃഷിക്കും അനുഗുണമാക്കി മാറ്റാവുന്നതുമാണ്.

ഐക്യരാഷ്ട്രസഭയുടെ വനിതാകർഷകവർഷ പ്രഖ്യാപനം പുല്ലുതിന്നാത്ത പുസ്തകത്തിലെ പശുവായി മാറരുത്. പ്രഖ്യാപനങ്ങൾക്കും ദിനാചാരണങ്ങൾക്കും യാതൊരു ലോഭവുമില്ലാത്ത കാലമാണിത്. മനുഷ്യന്റെ അടിസ്ഥാന ജീവിതാവശ്യ നിവർത്തിക്കായി, വിശപ്പാറ്റാനുള്ള നല്ല ഭക്ഷണാവശ്യത്തിനായി വനിതകളും വനിതാസംഘടകളും കൃഷി കാര്യങ്ങൾക്കായി മുന്നിട്ടിറങ്ങട്ടെ! കാർഷികോത്പാദനത്തിലുണ്ടായിരിക്കുന്ന അപചയത്തിന് ഒരു മറുമരുന്നുകൂടിയായി കൃഷിയിലെ സ്ത്രീ പ്രാമുഖ്യത്തിനുള്ള ഐക്യരാഷ്ട്ര സംഘടനയുടെ ഈ ഇടപെടൽ നിമിത്തമായി മാറട്ടെ. •

റബ്ബർവില കഴിഞ്ഞമാസം (രൂപ/ക്വിന്റൽ)

തീയതി	ആഭ്യന്തരവില					അന്താരാഷ്ട്രവില	
	കോട്ടയം			കൊച്ചി		ബാങ്കോക്ക്	
	ആർഎസ്എസ് 4	ആർഎസ്എസ് 5	60% ലാറ്റക്സ്	ആർഎസ്എസ് 4	ആർഎസ്എസ് 5	ആർഎസ്എസ് 3	ആർഎസ്എസ് 4
2025 ഡിസംബർ 1	18500	18100	12680	18500	18100	18775	18692
2025 ഡിസംബർ 2	18500	18100	12680	18500	18100	18904	18820
2025 ഡിസംബർ 3	18500	18100	12680	18500	18100	18810	18726
2025 ഡിസംബർ 4	18400	18100	12680	18400	18100	18958	18873
2025 ഡിസംബർ 5	18400	18100	12680	18400	18100	അവധി	അവധി
2025 ഡിസംബർ 6	18400	18100	അവധി	18400	18100	അവധി	അവധി
2025 ഡിസംബർ 7	അവധി	അവധി	അവധി	അവധി	അവധി	അവധി	അവധി
2025 ഡിസംബർ 8	18400	18100	12680	18400	18100	18709	18624
2025 ഡിസംബർ 9	18400	18100	12680	18400	18100	18736	18651
2025 ഡിസംബർ 10	18400	18100	12735	18400	18100	അവധി	അവധി
2025 ഡിസംബർ 11	18400	18100	12785	18400	18100	18900	18815
2025 ഡിസംബർ 12	18400	18100	12890	18400	18100	19034	18949
2025 ഡിസംബർ 13	18400	18100	അവധി	18400	18100	അവധി	അവധി
2025 ഡിസംബർ 14	അവധി	അവധി	അവധി	അവധി	അവധി	അവധി	അവധി
2025 ഡിസംബർ 15	18350	18000	12945	18350	18000	19026	18941
2025 ഡിസംബർ 16	18350	18000	12995	18350	18000	19262	19175
2025 ഡിസംബർ 17	18300	17950	12995	18300	17950	19379	19292
2025 ഡിസംബർ 18	18300	17950	12945	18300	17950	19264	19178
2025 ഡിസംബർ 19	18300	17950	12890	18300	17950	19119	19033
2025 ഡിസംബർ 20	18300	17950	അവധി	18300	17950	അവധി	അവധി
2025 ഡിസംബർ 21	അവധി	അവധി	അവധി	അവധി	അവധി	അവധി	അവധി
2025 ഡിസംബർ 22	18300	17950	12840	18300	17950	19051	18964
2025 ഡിസംബർ 23	18300	17950	12735	18300	17950	18963	18877
2025 ഡിസംബർ 24	18300	17950	12735	18300	17950	19104	19018
2025 ഡിസംബർ 25	അവധി	അവധി	അവധി	അവധി	അവധി	19197	19111
2025 ഡിസംബർ 26	18350	17950	12735	18350	17950	19213	19126
2025 ഡിസംബർ 27	18400	18000	അവധി	18400	18000	അവധി	അവധി
2025 ഡിസംബർ 28	അവധി	അവധി	അവധി	അവധി	അവധി	അവധി	അവധി
2025 ഡിസംബർ 29	18450	18050	12840	18450	18050	19228	19142
2025 ഡിസംബർ 30	18500	18100	12890	18500	18100	19072	18985
2025 ഡിസംബർ 31	18500	18100	12945	18500	18100	അവധി	അവധി
ശരാശരി	**18388**	**18040**	**12803**	**18388**	**18040**	**19035**	**18950**

തയ്യാറാക്കിയത്: മാർക്കറ്റ് പ്രൊമോഷൻ ഡിവിഷൻ, റബ്ബർബോർഡ്

പ്രകൃതിദത്തറബ്ബർമേഖല -പ്രതിമാസാവലോകനം

ഉത്പാദനവും ഉപഭോഗവും ഇനംതിരിച്ച്	സെപ്റ്റംബർ 2025	സെപ്റ്റംബർ 2024	ഏപ്രിൽ 2025 മുതൽ സെപ്റ്റംബർ 2025 വരെ	ഏപ്രിൽ 2024 മുതൽ സെപ്റ്റംബർ 2024 വരെ	ഏപ്രിൽ 2024 മുതൽ മാർച്ച് 2025 വരെ	(3) ഉം (4) ഉം തമ്മിലുള്ള വ്യത്യാസം(+/-) ശതമാനത്തിൽ
	(1)	(2)	(3)	(4)	(5)	(6)
ഉത്പാദനം (ടൺ)						
ഷീറ്റുറബ്ബർ (ആർഎസ്എസ്)	60000	52640	235150	220300	550875	
ബ്ലോക്കുറബ്ബർ	14500	14250	88650	82925	197500	
സാന്ദ്രീകൃതറബ്ബർപാൽ (ഡി.ആർ.സി.)	9000	9100	48000	48700	107350	
മറ്റുള്ളവ	1500	2010	7200	9075	19275	
ആകെ	**85000**	**78000**	**379000**	**361000**	**875000**	**5.0**
ഉപഭോഗം* (ടൺ)						
ഷീറ്റുറബ്ബർ (ആർഎസ്എസ്)	51600	47250	309300	291400	584950	
ബ്ലോക്കുറബ്ബർ	57200	56100	338100	350350	680700	
സാന്ദ്രീകൃതറബ്ബർപാൽ (ഡി.ആർ.സി.)	9000	7800	56900	47500	108700	
മറ്റുള്ളവ	4200	2850	23700	15750	35650	
ആകെ	**122000**	**114000**	**728000**	**705000**	**1410000**	**3.3**
ടയർനിർമ്മാണത്തിനുപയോഗിച്ചത്	72260	79243	449973	489416	946230	- 8.1
ഇറക്കുമതി/കയറ്റുമതി (ടൺ)						
ഇറക്കുമതി (p)	59354	74443	273086	318285	550918	
കയറ്റുമതി (p)	75	208	1653	1703	4839	

2025 സെപ്റ്റംബർ അവസാനത്തെ സ്റ്റോക്ക് (ടൺ)

കർഷകർ	61000	ഷീറ്റുറബ്ബർ	189000
കച്ചവടക്കാർ, സംസ്കർത്താക്കൾ	87000	ബ്ലോക്കുറബ്ബർ	76000
ടയർ നിർമ്മാതാക്കൾ (c)	108000	റബ്ബർപാൽ (ഡിആർസി)	24000
മറ്റു വ്യവസായികൾ	49000	മറ്റുള്ളവ	16000
ആകെ	**305000**	**ആകെ**	**305000**

* ആഭ്യന്തരോത്പാദനവും ഇറക്കുമതിയുമുൾപ്പെടെ, p-ലഭ്യമായ കണക്കുകൾ അനുസരിച്ച്
c- ട്രാൻസിറ്റ് ഉൾപ്പെടെ,
തയ്യാറാക്കിയത്: സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്ലാനിങ് ഡിവിഷൻ, റബ്ബർബോർഡ്

തോട്ടത്തിലാശാൻ

പ്രസന്നൻ ആനിക്കാട്



Alleppey Latex P Ltd
Maniyamkulam, Chennadu P.O, Kottayam- 686581
37 വർഷത്തെ സേവന പാരമ്പര്യം
കർഷകന് പരമാവധി വില
നൽകി റബ്ബർപാൽ സംഭരിക്കുന്നു.
Hazzle Free Transaction.
സുതാര്യമായ ബാങ്ക് ഇടപാടുകൾ, കൃത്യമായ അളവ്, തൂക്കം DRC
Assured Market.
കേരളത്തിലെ വിപണി വിലയ്ക്കു വിൽക്കുവാൻ കൃഷിക്കാർക്ക് എല്ലാ ദിവസവും അവസരം.
94953 61444
89431 51444
GroRight Rubber
Nitte, Karkala Thaluk, Udupi dist, Karnataka, S-India-574 110.
+91 76249 70524, 94491 22424
grorightrubber@gmail.com

RUBBER MONTHLY (MALAYALAM)
Published on 11 January 2026
RNI. 7842

Registered KL / KTM/ 44 / 2024-26
Licence No. KL / CR / KTM / WPP - 09 / 2024-26
Licensed to post without pre-payment

Printed and Published by B. Sreekumar, Deputy Director (I/C), Publicity and Public Relations Division, Rubber Board, Kottayam-686 002 on behalf of the Rubber Board, Ministry of Commerce & Industry, Government of India and printed at Penta Offset, Penta Arcade, Near Koprath Temple Jn., Collectorate P.O., Kottayam-686 002, and published from the Rubber Board, Keezhukunnu, Collectorate PO, Kottayam-686 002. Editor: B. Sreekumar